നന്ദിപ്രമേയം (തുടർ ചർച്ച)

ശ്രീ. വി. റ്റി. ബൽറാം: സർ, ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തെ ദിശാബോധത്തോടുകൂടി മുന്നോട്ടുനയിക്കുന്നതിനുവേണ്ടി വ്യക്തമായ ആസൂത്രണത്തോടുകൂടിയും കാഴ്ചപ്പാടോടുകൂടിയും നിശ്ചയ ദാർഢ്യത്തോടുകൂടിയും മുന്നോട്ടുപോകുന്ന ഒരു സർക്കാരിന്റെ നയപ്രഖ്യാപ നമാണ് കഴിഞ്ഞ ദിവസം ബഹുമാന്യനായ ഗവർണ്ണറിൽനിന്ന് നമ്മൾ കേട്ടത്. ഈ രാജ്യം മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് കഴിഞ്ഞ പത്ത് വർഷത്തിനകത്ത് ഈ രാജ്യത്ത് നടന്നുവരുന്ന മാറ്റങ്ങളെ ഒറ്റവാക്കിൽ വിപ്ലവം എന്നല്ലാതെ നമുക്ക് വിശേഷിപ്പിക്കാൻ സാധിക്കുകയില്ല. അത്രമാത്രം ഈ രാജ്യത്തിന്റെ സ്വഭാവത്തെയും മുന്നോട്ടുള്ള പ്രയാണത്തിന്റെയും ഗതി നിർണ്ണയിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഭരണകൂടം കേന്ദ്രത്തിലും അതിന്റെ നല്ല നയങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നുകൊണ്ട് അതിവേഗം ബഹുദൂരം ഈ സംസ്ഥാനത്തെ മുന്നോട്ട് നയിക്കുന്ന ജനങ്ങളുടെ വികസനവും സാധാരണക്കാരോടുള്ള കരുതലും മുഖമുദ്രയാക്കിയ ഒരു ഗവൺമെന്റ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കു കയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കഴിഞ്ഞ കുറേദിവസങ്ങളായി ഇവിടെ നടക്കുന്ന ചർച്ചകളിലും അതിനുമുമ്പൊക്കെ വലിയ രീതിയിൽ ചർച്ചാവിഷയമായിട്ടുള്ള വസ്തുതയാണ്. ഇത് പഴയ നാടു വാഴ്ചയിലേക്കുള്ള തിരിച്ചുപോക്കാണെന്നും ഫ്യൂഡൽ മനോഭാവമാണ് നില നിൽക്കുന്നതെന്നുമാണ് പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ പലരും ആക്ഷേ പിക്കുന്നത്. ആ രീതിയിൽ അത് വഴിതെറ്റി പോകരുതെന്ന് കൃത്യമായി

ബോധ്യമുള്ള മുഖ്യമന്ത്രിയാണ് അത് നടത്തുന്നതെന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ജനസമ്പർക്ക പരിപാടിയിലേക്ക് ഒഴുകിയെത്തിയത് ഈ നാട്ടിലെ സാധാരണക്കാരാണ്. പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളുടെ ഏറ്റവും സാധാരണമായ പരാതിയുമായി അവരുടെ നിത്യജീവിതത്തിലെ പ്രാരാബ്ധങ്ങൾക്ക് ഒരു കൈത്താങ്ങിന്റെ പ്രതീക്ഷയുമായിട്ടാണ് ജനസമ്പർക്ക പരിപാടിയിലേക്ക് ഒഴുകിയെത്തിയത്. അവിടെ വന്നുചേർന്ന ആളുകൾക്ക് മാത്രമല്ല അതിന്റെ പ്രയോജനം ലഭിച്ചത്. ഞാൻ അതിനെക്കുറിച്ച് മാത്രമാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇന്ന് കേരള സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളും സമ്പൂർണ്ണ പെൻഷൻ പ്രദേശങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലുള്ള എട്ട് പഞ്ചായത്തും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. പാലക്കാട് ജില്ല സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കാനിരിക്കുകയാണ്. മലപ്പുറം ജില്ലയടക്കമുള്ള പല ജില്ലകളും ആ പ്രഖ്യാപനം കൈവരിച്ചുകഴിഞ്ഞു. ഈ നിർദ്ദേശം എവിടെനിന്നുണ്ടായി? മുഖ്യമന്ത്രി നടത്തിയ ഒന്നാമത്തെ ജനസമ്പർക്ക പരിപാടിയിൽനിന്ന് അദ്ദേഹത്തിന് ലഭിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ആ തീരുമാനത്തിലേക്ക് അദ്ദേഹത്തിന് പോകാൻ സാധിച്ചത്.

കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹത്തെ കാണാൻ നൂറുകണക്കിന് ആളുകൾ വന്നു; പ്രത്യേകിച്ചും പ്രായമായ ആളുകൾ. അവർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നില്ല. പ്രശ്നമെന്താണെന്ന് ചോദിച്ചപ്പോൾ 65 വയസ്സാണ് വാർദ്ധക്യകാല പെൻഷന്റെ പ്രായപരിധി. 65 വയസ്സായാൽ മാത്രം പെൻഷൻ ലഭിക്കുന്ന സാഹചര്യമില്ല. കാരണം വില്ലേജ്

ഓഫീസർമാർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിൽ അവരുടെ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് മുമ്പ് നിശ്ചയിച്ച തുകയെക്കാൾ വളരെ ഉയർന്ന തുക ആയതുകൊണ്ട് അർഹതപ്പെട്ട ആളുകളുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. അതിന് പരിഹാരമുണ്ടാകണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ജനസമ്പർക്ക പരിപാടിയിൽ ഉയർന്ന വികാരങ്ങളുടെയും പരിദേവനങ്ങളുടെയും അഭിപ്രായങ്ങളുടെയും ജനകീയ അഭിലാഷങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്തു. പെൻഷൻ എന്നുള്ളത് എല്ലാവരുടെയും അവകാശമാണ്. പരമാവധി ആളുകൾക്ക് അത് നൽകാൻ സാധിക്കണം. അതിന്റെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷനുള്ള പ്രായപരിധി 65 വയസ്സിൽനിന്ന് 60 വയസ്സായി ചുരുക്കി. അപ്പോഴും പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടാത്തതുകൊണ്ട് ഗവൺമെന്റ് രണ്ടാമത് ഒരു തീരുമാനമെടുത്തു. ഇതിന്റെ വരുമാന പരിധി 3,00,000 രൂപയാക്കി വർദ്ധിപ്പിച്ചു. വില്ലേജ് ആഫീസിൽ പോകുന്ന ഏതൊരാൾക്കും 3,00,000 രൂപയ്ക്ക് താഴെമാത്രമേ വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പരമാവധി 24,000 രൂപ അല്ലെങ്കിൽ 36,000 രൂപ; ഏറ്റവും കൂടിയത് 48,000 രൂപ. അതായത് 60 വയസ്സ് പൂർത്തീകരിച്ച മുഴുവൻ ആളുകൾക്കും ഇന്ന് പെൻഷൻ ലഭിക്കുന്ന ഒരവസ്ഥ നമുക്കിവിടെ സൃഷ്ടിക്കാൻ സാധിച്ചു എന്നുള്ളതാണ് ജനസമ്പർക്ക പരിപാടിയുടെ ബാക്കിപത്രം. ഇങ്ങനെ നിലനിൽക്കുന്ന വികസനത്തെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്; അല്ലാതെ അവിടെ വരുന്ന ആളുകൾക്ക് മാത്രം ആനുകൂല്യങ്ങൾ വാരിക്കോരി ചൊരിക്കുന്ന ഒരു സമീപനമല്ല; മറിച്ച് അതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന തീരുമാനങ്ങൾ

പിന്നീട് എടുക്കുന്നു എന്നുള്ളതാണ് ജനസമ്പർക്ക പരിപാടിയെ വ്യത്യസ്തമായ ഒരു ഭരണ നവീകരണ പ്രസ്ഥാനമാക്കി മാറ്റുന്നത്. അതുകൊണ്ടാണ് ഇതിനെ ലോകം മുഴുവൻ അംഗീകരിക്കപ്പെടുന്നതും ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഇതിനെ ഒരു മാതൃകയാക്കി എടുക്കുന്നതും ലോക രാജ്യങ്ങൾ ഇതിനെ പ്രതീക്ഷയോടുകൂടി നോക്കി കാണുന്നതും. ഈ മാതൃകയെ തള്ളിപ്പറയാൻ നിങ്ങൾ തയ്യാറാകുന്നുവെങ്കിൽ അത് നിങ്ങളുടെ മാറുന്ന വർഗ്ഗ സ്വഭാവത്തിന്റെ ഉദാഹരണമായി മാത്രമേ എനിക്ക് കാണാൻ സാധിക്കുകയുള്ളൂ. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോ മെമ്പറാണ്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും കൊടുക്കണമെന്നാണ് അദ്ദേഹം കഴിഞ്ഞ ദിവസം പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടിയുടെ മാർക്സിസത്തിന്റെ അടിസ്ഥാന സങ്കൽപ്പത്തിൽനിന്ന് മാർക്സിസ്റ്റ് പാർട്ടി വ്യതിചലിക്കുകയാണോ എന്നെനിക്ക് മനസ്സിലാകുന്നില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വർഗ്ഗ സമരമാണ് ചരിത്രത്തെ മുന്നോട്ട് നയിക്കുന്നത് എന്നാണ് കാറൽ മാർക്സ് പറഞ്ഞിട്ടുള്ളത്. ആ മാർക്സിസത്തിന്റെ അടിസ്ഥാന പ്രത്യയശാസ്ത്ര സമീപനങ്ങളെപ്പോലും വ്യതിചലിച്ചുകൊണ്ട് അതിനെപ്പോലും മറികടന്നുകൊണ്ട് ഇവിടെ ഉള്ളവനും ഇല്ലാത്തവനും എന്നുപറയുന്ന ഒരു വിഭാഗമില്ല. എല്ലാവർക്കും ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് പറയുമ്പോൾ യഥാർത്ഥത്തിൽ അർഹതപ്പെട്ടവന്റെ ആനുകൂല്യങ്ങളാണ് നിഷേധിക്കപ്പെടുന്നത്. അനർഹന് കൊടുക്കുമ്പോഴും അർഹതപ്പെട്ടവന് നിഷേധിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള പ്രത്യയശാസ്ത്ര ബോധത്തിലേക്ക് മാർക്സിസ്റ്റ്

പാർട്ടിയുടെ നേതാക്കൻമാർ കടന്നുവരണമെന്നാണ് എനിക്ക് വിനയത്തോടുകൂടി അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റ് പൊതുമേഖലയെ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നു. വെറുതെയുള്ള വാചകമടിയോ പ്രഖ്യാപനങ്ങളോ അല്ല. ഈ ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളെക്കുറിച്ച് പലരും കളിയാക്കുകയും അധിക്ഷേപം പറയുകയും ചെയ്യുന്നുണ്ട്. പക്ഷേ, ഈ ഗവൺമെന്റ് പ്രവൃത്തിയിൽ വിശ്വസിക്കുന്നു. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിലും അതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലും ഈ സംസ്ഥാനത്ത് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളില്ലാത്ത മുഴുവൻ നിയോജക മണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജ് കൊടുക്കുമെന്ന് ഒരു പ്രഖ്യാപനം നടത്തി. അതിനെ പലരും കളിയാക്കുകയാണുണ്ടായത്. എന്റെ നിയോജക മണ്ഡലക്കാരനായ മറ്റൊരു സ്ഥലത്തെ എം.എൽ.എ. അന്ന് അപ്പുറത്തിരുന്ന് പറഞ്ഞത് ഇത് ഏത് കോളേജാണ്; പാരലൽ കോളേജാണോ; സ്വാശ്രയ കോളേജാണോ വരാൻ പോകുന്നത് എന്ന് അധിഷേപിച്ചുകൊണ്ട് സംസാരിച്ചു. ഈ ഗവൺമെന്റ് പറഞ്ഞത്, പാരലൽ കോളേജോ സ്വാശ്രയ കോളേജോ അല്ല എന്നും അത് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള നൂറ് ശതമാനം സീറ്റിലും മെരിറ്റിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന സർക്കാർ കോളേജുതന്നെയായിരിക്കുമെന്ന് ഞങ്ങൾ അന്ന് പറഞ്ഞപ്പോൾ നിങ്ങൾ കളിയാക്കുകയായിരുന്നു. ഒരു വർഷം പൂർത്തീകരിക്കുന്ന ഈ വേളയിൽ 22 ആർട്സ് ആന്റ് സയൻസ് കോളേജുകൾ പ്രഖ്യാപിച്ചതിൽ 11

ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കാനും 8 എണ്ണത്തിൽ ക്ലാസ് ആരംഭിച്ച് കുട്ടികൾ ക്ലാസിൽ പോയി പഠനം ആരംഭിക്കാനും സാധിച്ചു എന്നുപറയുമ്പോൾ തൃത്താലയിലെ ജനപ്രതിനിധിയെന്ന നിലയിൽ എന്റെ മണ്ഡലത്തിന് ആ ഒരു തീരുമാനം കൊണ്ട് ലഭിച്ച ആനുകൂല്യത്തിന്റെ പേരിൽ ഈ സർക്കാരിന് പ്രത്യേകം നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പുതിയതായി 8 മെഡിക്കൽ കോളേജുകൾ. സ്വാതന്ത്ര്യം കിട്ടി കേരളം രൂപീകരിക്കപ്പെട്ട് 55 വർഷത്തോളം കഴിഞ്ഞിട്ടും വ്യത്യസ്ത സർക്കാരുകളും വ്യത്യസ്ത മുന്നണികളും മാറി മാറി ഭരിച്ചിട്ടും നമുക്കുണ്ടാക്കാൻ കഴിഞ്ഞത് 5 മെഡിക്കൽ കോളേജുകൾ മാത്രമാണ്. ആ സാഹചര്യത്തിൽ ഈ 5 വർഷം കൊണ്ട് പുതിയതായി 8 മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കാൻ നമുക്ക് സാധിക്കുന്നു എന്നുപറയുന്നത് ഒട്ടും നിസ്സാരമായ കാര്യമല്ല. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ആധുനിക കേരളത്തിന്റെ രണ്ടാം പരശുരാമൻ എന്നൊക്കെയാണ് മാർക്സിസ്റ്റുകാർ വിശേഷിപ്പിക്കാറുള്ളത്. ആ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നടക്കാതെപോയ സ്വപ്നം പട്ടാമ്പി താലൂക്ക് അടക്കമുള്ള താലൂക്ക് രൂപീകരണങ്ങൾക്കുവേണ്ടി നിശ്ചയദാർഢ്യത്തോടുകൂടിയും ഇച്ഛാശക്തി യോടുംകൂടിയുള്ള തീരുമാനമെടുത്ത് നടപ്പാക്കി അതിന്റെ ഉദ്ഘാടന കർമ്മം നടത്തുമ്പോഴും ആരൊക്കെ കരിങ്കൊടി കാണിച്ചാലും ബഹിഷ്ക്കരിച്ചാലും നെറ്റി നോക്കി കല്ലെറിഞ്ഞാലും അതിനെയെല്ലാം അതിജീവിച്ചും അവഗണിച്ചും ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി പ്രതിബദ്ധതയോടുകൂടി ആ തീരുമാനം നടപ്പാക്കി മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് ഇന്ന്

കേരളത്തിലിരിക്കുന്നത്. അതിന്റെ പ്രയോജനമാണ് ഈ നാട്ടിലെ സാധാരണക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, പോയിന്റ് ഓഫ് ഓർഡർ. ഇപ്പോൾ തെറ്റായ ഒരു പരാമർശമാണ് നടത്തിയത്. തെറ്റിദ്ധരിപ്പിക്കലാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് രണ്ടാം പരശുരാമനെന്ന് ആരും വിശേഷിപ്പിച്ചിട്ടില്ല. അങ്ങനെ പറഞ്ഞു എന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണ്.

മി. സ്പീക്കർ: അത് വേണ്ട. അതിൽ പോയിന്റ് ഒന്നുമില്ല.

ശ്രീ. വി. റ്റി. ബൽറാം: അദ്ദേഹത്തിന്റെ പ്രസംഗത്തിലൊക്കെ കേട്ടിട്ടുള്ളതാണ്. ശ്രീ. ബാബു എം. പാലിശ്ശേരി ഡി.വൈ.എഫ്.ഐ.-യിൽ വന്നിട്ട് അധിക കാലമായിട്ടില്ല. അതുകൊണ്ട് അദ്ദേഹം കേൾക്കാത്തതായിരിക്കും. അവർക്ക് അങ്ങനെ അവകാശ വാദമില്ലെങ്കിൽ ഞാൻ പ്രസ്സ് ചെയ്യുന്നില്ല. നിങ്ങൾക്ക് അങ്ങനെ അവകാശവാദമില്ലെങ്കിൽ കുഴപ്പമില്ല. ആ അവകാശവാദം ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. ഈ രീതിയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടേണ്ടതാണ് എന്നുള്ള ഒരു കാഴ്ചപ്പാടാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ മുഖമുദ്ര. ആ രീതിയിൽ മുന്നോട്ടുപോകുമ്പോൾ നമുക്ക് ഒരുപാട് കാര്യങ്ങൾ ഇനിയും ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. സാധാരണ ബഡ്ജറ്റിനെക്കുറിച്ചും ആസൂത്രണത്തെക്കുറിച്ചുമുള്ള സങ്കൽപ്പത്തിൽ തന്നെ ചെറിയ മാറ്റങ്ങൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാ വർഷവും ബഡ്ജറ്റ് അവതരിപ്പിക്കുകയും അതിൽ കുറെ പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യും. ആ പ്രഖ്യാപനങ്ങൾ എത്രത്തോളം യാഥാർത്ഥ്യമായെന്ന് പരിശോധിക്കപ്പെടാനുള്ള ഒരു സംവിധാനംകൂടി ഇവിടെ ഉണ്ടാകണമെന്ന വിനയപൂർവ്വമായ നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. ഔട്ട് ലേ

ബഡ്ജറ്റുകൾ പല രാജ്യങ്ങളിലും പല സ്ഥലങ്ങളിലുമുണ്ട്. ആ ഔട്ട് ലേ ബഡ്ജറ്റുകൾ ഓരോ വർഷവും അവതരിപ്പിക്കുമ്പോൾ അതിന് മുന്നോടിയായി കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തീകരിക്കപ്പെട്ടു എന്ന് തീരുമാനിക്കപ്പെടുന്നതും അത് ജനങ്ങളോട് വിശദീകരിക്കുന്ന തരത്തിലുള്ള ഔട്ട്കം ബഡ്ജറ്റുകൾ മറ്റ് പല സംസ്ഥാനങ്ങളിലും പല രാജ്യങ്ങളിലും വികസിത ജനാധിപത്യ സമൂഹങ്ങളിലും ഉള്ളതായി നമ്മൾ കേട്ടിട്ടുണ്ട്. ആ രീതിയിലുള്ള ഒരു സമീപനത്തിലേക്ക് ഇനിയുള്ള വർഷങ്ങളിൽ നമുക്കും മാറാൻ സാധിക്കണം എന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ രംഗത്തും ആധുനികവൽക്കരണത്തെ നമുക്ക് കൈപിടിച്ച് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഇച്ഛാശക്തിയോടെയുള്ള നിലപാടുകളുമായി നമുക്ക് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. ജീവനക്കാരുടെ താൽപ്പര്യാർത്ഥം അടിക്കടി ശമ്പള കമ്മീഷനുകൾ നൽകുന്നത് നല്ല കാര്യമാണ്. ജീവനക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി ആ കാര്യങ്ങൾ നമുക്ക് ചെയ്യേണ്ടതായി വരും. പക്ഷേ അത് ചെയ്യുന്നതോടൊപ്പം നമ്മുടെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉപകരിക്കുന്നുണ്ടോ എന്നുള്ള ഒരു പരിശോധന കൂടി നടത്തിക്കൊണ്ട് ശമ്പള പരിഷ്കരണ കമ്മീഷനുകൾ നിർദ്ദേശിക്കുന്ന ഭരണ പരിഷ്കാര നടപടികൾകൂടി ഏറ്റവും കൃത്യമായി ഉപയോഗ പ്പെടുത്താനും അത് നടപ്പിലാക്കാനും കഴിയുന്ന ഒരു അവസ്ഥ നമുക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമായ സീറോ ലാന്റ്ലെസ് എന്നുപറയുന്ന ഒരു പ്രഖ്യാപനം വലിയ വിപ്ലവകരമായ ഒരു സ്വപ്നമാണ്. അടുത്ത കുറച്ച് വർഷങ്ങൾക്കകം ഈ സംസ്ഥാനത്തിനകത്ത്

ഭൂമിയില്ലാത്ത, തലചായ്ക്കാൻ ഒരിടമില്ലാത്ത ഒരാൾപോലും അവശേഷിക്കരുതെന്ന് പറയുന്നത് വലിയ ഒരു സ്വപ്നമാണ്. ആ വെല്ലുവിളി നമ്മൾ ഏറ്റെടുക്കുകയാണ്. പക്ഷേ അത് പറയുമ്പോൾത്തന്നെ ആ പദ്ധതി കൂടുതൽ ഉപയോഗപ്രദമാകുന്നതിനുവേണ്ടി അക്കാര്യത്തിൽ കുറച്ചുകൂടി നമുക്ക് മുന്നോട്ട് പോകേണ്ടതായിട്ടുണ്ടെന്ന് എനിക്ക് തോന്നുകയാണ്. സീറോ ലാന്റ്ലെസ് എന്ന് പറയുന്നതോടൊപ്പം സീറോ ഹോംലെസ് എന്നുപറയുന്ന ഒരു ആശയംകൂടി നമുക്ക് ഉയർത്തേണ്ടതായിട്ടുണ്ട്. ഭൂമിയില്ലാത്തവരായി മുന്നോട്ട് വന്നിട്ടുള്ളത് ഏതാണ്ട് രണ്ടര ലക്ഷത്തോളം അപേക്ഷകരാണെന്നാണ് കരുതുന്നത്. ഈ രണ്ടര ലക്ഷത്തോളം അപേക്ഷകർക്ക് ഭൂമി കണ്ടെത്താനുള്ള പെടാപാടിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പക്ഷേ കേരളത്തിലെ ഭൂമിയുടെ അവസ്ഥ നമുക്കറിയാം. വളരെ പ്രഷ്യസായിട്ടുള്ള റിസോഴ്സായി കേരളത്തിൽ ഭൂമി മാറുന്ന സാഹചര്യത്തിൽ ഓരോരുത്തർക്കും വീട് വയ്ക്കാൻ മാത്രം തികയുന്ന മൂന്ന് സെന്റ് ഭൂമി കൊടുക്കുന്നതിനുപകരം അവർക്ക് ഒരു വീടോ ഫ്ളാറ്റോ വച്ചുകൊടുക്കാൻ സാധിക്കുകയാണെങ്കിൽ ഒരുപക്ഷേ അത് വലിയ പ്രയോജനമായിരിക്കും. ആ രീതിയിൽ ഇതിനെ പുനരാവിഷ്ക്കരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. രണ്ടര ലക്ഷത്തോളം വീടുകളോ ഫ്ളാറ്റോ നിർമ്മിക്കണമെങ്കിൽ, ഏതാണ്ട് മൂന്ന് ലക്ഷം രൂപ ഒരു വീടിന് ചെലവ് കണക്കാക്കിയാൽ, ഏതാണ്ട് 7500 കോടി രൂപയാണ് ഇതിന് വേണ്ടിവരുന്നത്. അടുത്ത മൂന്ന് വർഷം കൊണ്ട്, ഒരു വർഷം 2500 കോടി രൂപ നീക്കിവച്ചാൽ നമുക്കിത് നടപ്പാക്കാൻ സാധിക്കും എന്നുള്ളതുകൊണ്ട് ഈ ബഡ്ജറ്റിൽ അത്തരത്തിലുള്ള തീരുമാനം ഉണ്ടാകണമെന്ന

പ്രതീക്ഷയിലാണ് ഞാൻ ഈ നിർദ്ദേശം ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ ഭാവിയെ കരുതി നമുക്ക് ചില തീരുമാനങ്ങൾ എടുക്കേണ്ടതായി വരും. ചില ആസൂത്രണങ്ങൾ വേണം. ഇന്ന് നിലനിൽക്കുന്ന ആസൂത്രണ പ്രക്രിയ അതല്ലെങ്കിൽ നമ്മുടെ ഭരണം മുന്നോട്ടുപോകുന്ന രീതി, അത് എപ്പോഴും നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കുന്നതിനു വേണ്ടിയുള്ള ഒരു ഇക്കോണമി ബെയ്സ്ഡ് പ്ലാനിംഗ് ആണ്. സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കാനും അതിന്റെ വളർച്ചാ നിരക്ക് നിലനിർത്തുന്നതിനുംവേണ്ടി എന്തുചെയ്യണം എന്നതിനെക്കുറിച്ച് ആലോചിക്കുന്നതോടൊപ്പം നമ്മുടെ പ്രദേശത്തിന് അനുയോജ്യമായ വികസനം എന്താണ് എന്നുള്ളതിനെക്കുറിച്ച് ശാസ്ത്രീയമായ പുതിയ അറിവുകളുടെ അടിസ്ഥാനത്തിൽ ഒരു പുനരാവിഷ്ക്കരണം അക്കാര്യത്തിലും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇക്കോണമി ബെയ്സ്ഡ് പ്ലാനിംഗിന് ഒപ്പംതന്നെ ഒരു ഇക്കോളജി ബെയ്സ്ഡ് പ്ലാനിംഗും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വികസനമെന്ന് പറയുന്നത് ഓരോ പ്രദേശത്തിന്റെയും നിലനിൽപ്പിനെയും അതിന്റെ ദീർഘകാലമായിട്ടുള്ള സുസ്ഥിരതയെയും ഓരോ പ്രദേശത്തിന്റെയും ക്യാരിയിംഗ് കപ്പാസിറ്റിയെയും അടിസ്ഥാനപ്പെടുത്തിയും ആ വികസനത്തെ ക്രമീകരിക്കാൻ നമുക്ക് സാധിച്ചില്ലെങ്കിൽ ഒരു പക്ഷേ വരുംതലമുറകളോട് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ പാതകമായിരിക്കും. കൊച്ചി മെട്രോ റെയിൽ പദ്ധതി കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ്. അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട ഒരു നിർദ്ദേശം കേട്ടപ്പോൾ എനിക്ക് വിഷമം തോന്നി. കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി ലക്ഷക്കണക്കിന് ലോഡ് മണൽ വേണമെന്ന് പറയുന്നു. ആ മണൽ എവിടെനിന്നും എടുക്കുമെന്ന്

ചോദിച്ചപ്പോൾ മുൻപിൻ ആലോചിക്കാതെ അത് ഭാരതപ്പുഴയിൽനിന്ന് എടുക്കാനുള്ള തീരുമാനമാണ്. ഒരുപക്ഷേ അതുമായി മുന്നോട്ട് പോകുകയാണെങ്കിൽ ഭാരതപ്പുഴ അടക്കമുള്ള കേരളത്തിലെ പുഴകൾ നശിക്കും.

അതിനുപകരം ഭാരതപ്പുഴയിൽ നിന്ന് എത്ര ലോഡ് മണൽ എടുക്കാമെന്നതിനെക്കുറിച്ച് പഠനം നടത്തണം. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണൽ കൊടുക്കാൻ പാടുള്ളൂ. അല്ലാതെ അവിടെ ഇത്ര ലോഡ് മണൽ ആവശ്യമുണ്ട് അതു മുഴുവൻ ഭാരതപ്പുഴയിൽ നിന്ന് എടുത്തോളൂവെന്ന് പറഞ്ഞാൽ അത് കേരളത്തിലെ പുഴകളെ നശിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ ഇക്കോണമി ബേസ്ഡ് പ്ലാനിംഗിനുപകരം ഇക്കോളജി ബേസ്ഡ് പ്ലാനിംഗിലേയ്ക്ക് പോകേണ്ടതുണ്ടെന്ന് പറയാൻ കാരണമതാണ്. കേരളത്തിന്റെ പശ്ചിമഘട്ടം കേരളത്തിന്റെ നിലനിൽപ്പിനാധാരമാണ്. അത് സംരക്ഷിക്കപ്പെടുകതന്നെ വേണം. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും കേരളത്തിലെ മിതശീതോഷ്ണ കാലാവസ്ഥയും നദികളിലെ നീരൊഴുക്കും നിലനിൽക്കുന്നത് ജീവനോപാധികളുടേയും കൃഷിയുടേയും എന്നുമാത്രമല്ല, കേരളത്തിന്റെതന്നെ നിലനിൽപ്പിന്, കേരളത്തിന്റെ പശ്ചിമഘട്ടം നൽകുന്ന ഇക്കോസിസ്റ്റം സർവീസസ് ഒരിക്കലും നമുക്ക് വിസ്മരിക്കാൻ സാധിക്കുന്നതല്ല. അതിനെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആധികാരികമായ, ശാസ്ത്രീയമായ പഠനം ഉണ്ടാകേണ്ടതുണ്ട്. ശ്രീ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഇതിനെക്കുറിച്ച് ആധികാരികമായി പഠിച്ച് പ്രായോഗികമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. അപ്രായോഗികമായ നിർദ്ദേശങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം എല്ലാവരും അംഗീകരിക്കുന്നു. പക്ഷേ, അത്തരം അപ്രാ

യോഗികമായ നിർദ്ദേശങ്ങൾ മാറ്റിവച്ചുകൊണ്ട് അതിലെ പ്രായോഗിക നിർദ്ദേശങ്ങളുടെ അന്തസത്ത ചോർന്നുപോകാതെ നടപ്പാക്കാനുള്ളൊരു ആർജ്ജവം ഈ ഗവൺമെന്റ് കാണിക്കേണ്ടതായിട്ടുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ വില്ലേജുകളും ഒഴിവാക്കുകയല്ല വേണ്ടത് മറിച്ച് കേരളം മുഴുവൻ ഇത് വ്യാപിപ്പിക്കുകയാണ് വേണ്ടത്. ഗാഡ്ഗിൽ റിപ്പോർട്ട് പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിന് എന്ന മാതൃകയിൽ കേരളത്തിന്റെ ഇടനാടിന് പ്രത്യേകമായിട്ടുള്ള ഒരു സംരക്ഷണ പാക്കേജുണ്ടാവണം. അവിടത്തെ ഇക്കോളജിയെ കൺസർവ് ചെയ്യുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയ പഠനമുണ്ടാവണം. നമ്മുടെ തീരദേശത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി അവിടെ ആധികാരികമായ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്ലാൻഡ് ഡെവലപ്മെന്റ് ഇല്ലാതെ കേരളത്തിന് നിലനിൽക്കാനോ മുന്നോട്ടുപോകാനോ സാധിക്കുകയില്ല. അതുകൊണ്ട് താൽക്കാലികമായ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഇടതുപക്ഷ സുഹൃത്തുക്കളടക്കം ഇടതുപക്ഷമെന്ന പേരിനുള്ള അർഹത നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള സമീപനമാണ് ഈ പ്രശ്നത്തിൽ സ്വീകരിച്ചിരിക്കുന്നത് എന്നുള്ളതാണ് കേരളത്തിന്റെ രാഷ്ട്രീയ സംവാദങ്ങളുടെ പരിമിതി വെളിവാക്കുന്നത്. അങ്ങനെ ചെയ്താൽ പോര. ഭാവിയെ കരുതി ദീർഘവീക്ഷണത്തോടെയുള്ള ചില നിലപാടുകൾ എടുക്കേണ്ടതായി വരികയാണ്. ഒരു പുതിയ രാഷ്ട്രീയം ഉയർന്നുവരികയാണ്. രാഷ്ട്രീയ രംഗത്തെ അധാർമ്മിക സംസ്കാരം നാട്ടിൽ കടന്നുവരികയാണ്. ഉന്നതതലത്തിലുള്ള ഒത്തുതീർപ്പുകൾ ജനങ്ങളെ രാഷ്ട്രീയ പാർട്ടികളിൽ നിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയപാർട്ടികളിലുള്ള വിശ്വാസം നഷ്ടപ്പെടുകയാണ്. പരമ്പരാഗത രാഷ്ട്രീയ പാർട്ടികളടങ്ങുന്ന മുഴുവൻ ആളുകളും ഇക്കാര്യത്തിൽ ആത്മപരിശോധന നടത്താൻ തയ്യാറാകേണ്ടതായി

ട്ടുണ്ട്. ഭരണ-പ്രതിപക്ഷാംഗങ്ങളുടെ പരസ്പരം കുറ്റപ്പെടുത്തലകൾക്കപ്പുറത്ത് ആര് തെറ്റ് ചെയ്താലും അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരിക എന്നുപറയുന്നൊരു സമീപനത്തിലേയ്ക്ക്, അവരുടെ തെറ്റുകൾ വിചാരണ ചെയ്യപ്പെടുന്നൊരു സാഹചര്യത്തിലേയ്ക്ക് നമ്മൾ മുന്നോട്ടു പോയാൽ മാത്രമേ രാഷ്ട്രീയത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ, പ്രത്യേകിച്ച് പുതിയ തലമുറയുടെ വികാരങ്ങൾ മാനിക്കപ്പെടുന്നൊരു സാഹചര്യമുണ്ടാവുകയുള്ളൂ. ദൗർഭാഗ്യവശാൽ പലപ്പോഴും അത്തരത്തിലുള്ള നിലപാടുകൾ കാണുന്നില്ലെന്നുള്ളതുകൊണ്ടാണ് ഇത് പറയേണ്ടതായി വരുന്നത്. ഇന്നലെ ബഹുമാന്യനായ എം. എ. ബേബി വലിയൊരു കുറ്റസമ്മതമാണ് നടത്തിയത്. ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമലംഘനങ്ങൾ ഉണ്ടായെന്ന് പ്രതിതന്നെ തുറന്ന് കുറ്റസമ്മതം നടത്തിയ സാഹചര്യത്തിൽ ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായൊരു അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലനിൽക്കുന്ന നിയമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ലംഘനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ ആ നിയമലംഘനങ്ങൾ അന്വേഷിക്കാൻ തയ്യാറാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ നന്ദി പ്രമേയത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ജനജീവിതത്തെയും രാജ്യത്തെയും ബാധിക്കുന്ന ഒരു പ്രശ്നവും ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അഡ്രസ് ചെയ്തിട്ടില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. രാജ്യത്തെ ബാധിക്കുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ, വർഗ്ഗീയത, അഴിമതി എന്നിവയു

മായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് ഇതിൽ പറഞ്ഞിട്ടുണ്ടോ? ഈ ഗവൺമെന്റിന് ഒരു കൂട്ടുത്തരവാദിത്വമുണ്ടായിരുന്നോ; ഞാനൊന്ന് ചോദിക്കട്ടെ; ആദ്യത്തെ സത്യപ്രതിജ്ഞ ശ്രീ. കെ. മുരളീധരൻ ബഹിഷ്കരിച്ചു; രണ്ടാമത്തെ സത്യപ്രതിജ്ഞ അഞ്ചാം മന്ത്രിസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ് ബഹിഷ്കരിച്ചു. മൂന്നാമത്തെ സത്യപ്രതിജ്ഞ, ശ്രീ. രമേശ് ചെന്നിത്തലയുടെ ആഭ്യന്തര വകുപ്പു മന്ത്രിയായിട്ടുള്ള സത്യപ്രതിജ്ഞ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ബഹിഷ്കരിച്ചു. പ്രതിപക്ഷാംഗങ്ങൾ ആരെങ്കിലും ബഹിഷ്കരിച്ചിട്ടുണ്ടോ; ഇടതുപക്ഷ ജനാധിപത്യ മുന്നണി ബഹിഷ്കരിച്ചിട്ടില്ല. ഇതിനുപുറമേ എന്തെല്ലാം വിവാദങ്ങളായിരുന്നു ഇവിടെ ഉണ്ടായിട്ടുള്ളത്. വിവാദങ്ങളുടെ ഒരു ഗവൺമെന്റല്ലേ ഇത്. യാമിനി തങ്കച്ചി പ്രശ്നം, സോളാർ പ്രശ്നം, ഇതിനെല്ലാം പുറമേ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ദിവസേന കൊണ്ടുവരുന്ന വിവാദങ്ങൾ. പൊതുവിൽ കേരള ജനതയ്ക്ക് ഒരു സ്റ്റണ്ട്-സെക്സ്-സസ്പെൻസുള്ള ഒരു മസാല പടം കണ്ട പ്രതീതിയായിരുന്നു ഉണ്ടായത്. വേറെയൊന്നും ഇവിടെ ഉണ്ടായിട്ടില്ല. അതുകൊണ്ട് തിയേറ്ററിൽ ആരും സിനിമ കാണാൻ പോയിട്ടില്ല. ടി.വി.യുടെ മുമ്പിലായിരുന്നു. എത്ര ബുദ്ധിമുട്ടിയിട്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭ തന്നെ നടത്തുന്നത്. ആകെ മുപ്പത്തിയേഴ് ദിവസം മാത്രമല്ലേ സഭ കൂടിയിട്ടുള്ളൂ. ഒരു ദിവസമാണെങ്കിൽ അപ്രോപ്രിയേഷൻ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയിൽ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ ബെല്ലടിച്ചു, ഭരണപക്ഷത്ത് ആരുംതന്നെ ഉണ്ടായിരുന്നില്ല. എത്രനേരം നീണ്ടുനിന്ന ബെല്ലാണടിച്ചത്. എന്നിട്ടും ആരും വന്നില്ല. അവസാനം പ്രതിപക്ഷത്തെ പ്രകോപിപ്പിച്ച് സമയം നീട്ടികൊടുക്കാൻ ബഹുമാനപ്പെട്ട കുഞ്ഞാലികുട്ടി പറഞ്ഞു. എന്നിട്ടും ബഹുമാനപ്പെട്ട സ്പീക്കർ മണിയടിച്ചു. ഇതുപോലൊരു

മണിയടി ഈ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ; യഥാർത്ഥത്തിൽ ഒരുദിവസം ഈ ഗവൺമെന്റിന്റെ ഭൂരിപക്ഷം നഷ്ടപ്പെട്ടതല്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണകക്ഷി എം.എൽ.എ. മാരും ഭരണനേതാക്കന്മാരും നടത്തിയിട്ടുള്ള പത്രപ്രസ്താവനകൾ എന്തായി രുന്നു. 500 പത്രപ്രസ്താവനകളുടെ കോപ്പി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. സലിംരാജിന്റെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട കോടതിയുടെ 22 സ്ക്രിപ്ച്ചേഴ്സും സോളാർ തട്ടിപ്പുകേസുമായി ബന്ധപ്പെട്ടു കൊണ്ടുള്ള 36 സ്ക്രിപ്ച്ചേഴ്സുമുൾപ്പെടെ 48 സ്ക്രിപ്ച്ചേഴ്സാണ് ഈ ഗവൺമെന്റിനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. നിങ്ങളുടെ കൂട്ടുത്തരവാദിത്വത്തെ സംബന്ധിച്ചും ഈ ഗവൺമെന്റിന്റെ നേട്ടത്തെ സംബന്ധിച്ചുമുള്ള പത്രവാർത്തകൾ എന്തൊക്കെ യായിരുന്നു? ഞങ്ങൾ ഒന്നും പറയുന്നില്ല. നിങ്ങൾ പറഞ്ഞതുതന്നെ എടുക്കാം, അഞ്ചാം മന്ത്രി സ്ഥാനത്തിന് ലീഗിന് വഴങ്ങിയാൽ യു.ഡി.എഫ് –ന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കും ഉമ്മൻചാണ്ടി; എന്റെ വീട്ടിൽ കല്ലെറിഞ്ഞവരുടെ സത്യപ്രതിജ്ഞയ്ക്ക് ഞാൻ പോവില്ല – ശ്രീ. ആര്യാടൻ മുഹമ്മദ്, ഭരണം നിലനിർത്താൻ കോൺഗ്രസ് തറ പാർട്ടിയായി അധഃപതിച്ചു – ശ്രീ.വെള്ളാപ്പള്ളി നടേശൻ, മുഖ്യമന്ത്രിക്കുമുമ്പിൽ മന്ത്രി ഗണേഷും പി. സി. ജോർജും ഏറ്റുമുട്ടി, വനം വകപ്പുദ്യോഗസ്ഥന്മാരുടെ യോഗത്തിൽ ‘ഇരുത്തിത്തരാമെടാ’ എന്ന് ശ്രീ. പി. സി. ജോർജ്, ‘നീ പണി നോക്കെടാ’ എന്ന് ശ്രീ. കെ. ബി. ഗണേഷ്കുമാർ; പി. സി. ജോർജിന് മൂക്കുകയറിടണം ഇല്ലെങ്കിൽ രാജി – ശ്രീ. വി. ഡി. സതീശൻ; കേരളത്തിൽ നടക്കുന്നത് ഉമ്മൻ ചാണ്ടിയുടെയും ചെന്നിത്തലയുടെയും പുട്ടുകച്ചവടം – വയലാർ രവി;

ലീഗിന് വഴങ്ങി അഭിമാനം കളഞ്ഞു – ശ്രീ. വി. എം. സുധീരൻ; സാമുദായിക സ്പർദ്ധ വർദ്ധിച്ചു, ഇങ്ങനെപോയാൽ കേരളം ഭ്രാന്താലയം– ശ്രീ. എ. കെ. ആന്റണി; കേരളത്തിൽ സാമുദായിക ബന്ധങ്ങൾ വഷളാകുന്നു – പ്രധാന മന്ത്രി; ലീഗും കേരളാ കോൺഗ്രസും ഭരണം ഹൈജാക്ക് ചെയ്യുന്നു– കെ. എസ്.യു.; മന്ത്രിമാർ അഴിമതിക്ക് സമ്മർദ്ദം ചെലുത്തുന്ന സാഹചര്യത്തിൽ മന്ത്രിസഭാ യോഗനോട്ടിൽ വിയോജനകുറിപ്പെഴുതാം – ചീഫ് സെക്രട്ടറി; എനിക്കെതിരെ ഗൂഢാലോചന – മന്ത്രി അനൂപ് ജേക്കബ്; യാമിനിയുടെ പരാതി മുഖ്യമന്ത്രി മുക്കി – ശ്രീ. പി. സി. ജോർജ്; യാമിനിയുടെ പരാതി സ്വീകരിക്കാത്തത് തെറ്റ് – ശ്രീ. ആർ. ബാലകൃഷ്ണപിള്ള; ഭക്ഷ്യവകുപ്പിൽ കൊടിയ അഴിമതി – ശ്രീ. ആർ. ബാലകൃഷ്ണപിള്ള; ജോർജിനെ പുറത്താക്കണം – യൂത്ത് കോൺഗ്രസ്; ബഡ്ജറ്റിനെ വിമർശിച്ച ആര്യാടൻ രാജിവയ്ക്കണം – ലീഗ്; ലീഗ് പിന്തുണയില്ലെങ്കിൽ എനിക്ക് ഒരു ചുക്കുമില്ല – ശ്രീ.ആര്യാടൻ മുഹമ്മദ്; എന്നെ മാറ്റാൻ മുഖ്യമന്ത്രിക്ക് എന്ത് അധികാരം– ശ്രീ. പി. സി. ജോർജ്; പി. സി. ജോർജിനെ ഒരു പട്ടിയും വകവയ്ക്കില്ല –ഫ്രാൻസിസ് ജോർജ്; ഈ നിലതുടർന്നാൽ തെരഞ്ഞെടുപ്പിൽ നിലതൊടില്ല– മുസ്ലീം ലീഗ്; മുഖ്യമന്ത്രി ചതിച്ചു – യാമിനി തങ്കച്ചി. അടുത്തത് ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസ്താവനകളാണ്. സംസ്ഥാനം മാഫിയകളുടെ പിടിയിൽ; സ്ത്രീകൾക്ക് സുരക്ഷിതത്വമില്ല; കൊല, കൊള്ള, പിടിച്ചുപറി പെരുകി, സാമുദായിക അകൽച്ച വർദ്ധിച്ചു, കൃഷി, വ്യവസായം ഇവ തകർന്നു. കേരള മോഡലിന്റെ നിറം മങ്ങി– രമേശ് ചെന്നിത്തല; സർക്കാരും യു.ഡി.എഫും തകർന്നാൽ ഉത്തരവാദി ചീഫ് വിപ്പ് – ശ്രീ. ഷിബു ബേബി ജോൺ; മുല്ലപ്പള്ളി കേരളാ പോലീസിനെ അവഹേളിച്ചു – ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ; ഇനി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് അദ്ദേഹത്തിന്റെ വഴിയും എനി

ക്കെന്റെ വഴിയും, എന്നെ വീണ്ടും നാണം കെടുത്തി, ഭരണവും മുന്നണിയുമായി ബന്ധപ്പെട്ട യോഗത്തിന് ഞാനില്ല– ശ്രീ. രമേശ് ചെന്നിത്തല; ചെന്നിത്തലയ്ക്ക് എന്റെ ഗതി – ശ്രീ. കെ. മുരളീധരൻ; സർക്കാരിന്റെ രണ്ടാം സ്ഥാനം കൊതിക്കണ്ട – മുസ്ലീം ലീഗ്; മുസ്ലീം ലീഗ് യു.ഡി.എഫിന് ബാദ്ധ്യത – ശ്രീ. രമേശ് ചെന്നിത്തല; തിരുവഞ്ചൂർ രാജിവയ്ക്കണം – യൂത്ത് ലീഗ്; കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ അഞ്ച് മന്ത്രിമാർ എന്നെ ദുരുപയോഗം ചെയ്തു – സരിത എസ്. നായർ; ഉമ്മൻ ചാണ്ടി മന്ത്രിസഭയിലേയ്ക്കില്ല–ശ്രീ. രമേശ് ചെന്നിത്തല; ഹസ്സൻ ദേശാടനപക്ഷി–ശ്രീ. പി. സി. ജോർജ്; ജോർജിനെ ചീഫ് വിപ്പ് സ്ഥാനത്തുനിന്ന് മാറ്റണം – എം.എം.ഹസ്സൻ; ആര്യാടന് മനോവൈകല്യം – യൂത്ത് ലീഗ്; സുതാര്യതയില്ലാത്ത സർക്കാരിൽ നിലനിൽപ്പില്ല, മുഖ്യമന്ത്രിക്കെതിരെ ആരോപണം ഗുരുതരം പാർട്ടിയെയും ബാധിച്ചു അത് – ശ്രീ. രമേശ് ചെന്നിത്തല; സ്വന്തം ഓഫീസ് നോക്കാൻ കഴിയാത്തവൻ എങ്ങനെ സംസ്ഥാനം ഭരിക്കും –ശ്രീ. കെ. മുരളീധരൻ; ഇത് എന്ത് ജനാധിപത്യം, സലിം രാജാണോ മുഖ്യമന്ത്രി – ബഹുമാനപ്പെട്ട ഹൈക്കോടതി; തിരുവഞ്ചൂർ കോൺഗ്രസ്സിനേയും മുന്നണിയെയും നശിപ്പിക്കും – പി. സി. ജോർജ്. എല്ലാം ഞാൻ വായിക്കുന്നില്ല. ഭരണം ഇങ്ങനെ പോയാൽ സ്വയം കുലുങ്ങി കുലുങ്ങി ആഭ്യന്തരവകുപ്പുമന്ത്രി തിരുവഞ്ചൂർ താഴെവീഴും, കുടുംബ വിഹിതമോ പാരമ്പര്യമോ അല്ല മന്ത്രിസ്ഥാനമെന്ന് തിരുവഞ്ചൂർ മനസ്സിലാക്കണം, ലൂയി പതിന്നാലാമനെപ്പോലെ I am the State എന്ന വിചാരവും പുലർത്തണ്ട, പാർട്ടിക്ക് വിധേയപ്പെടുന്നില്ലെങ്കിൽ മന്ത്രിസ്ഥാനം വിട്ടെറിഞ്ഞുപോകണം – ശ്രീ. കെ. സുധാകരൻ. സുധാകരൻ പ്രതികരിച്ചത് കോൺഗ്രസ്സിന്റെ വികാരം – ശ്രീ. രമേശ് ചെന്നിത്തല. മുരളീധരൻ വിത്തു

മൂരി – ശ്രീ. പി. സി. ജോർജ്; ജോർജ് അമ്പലക്കാള – ശ്രീ. കെ. മുരളീധരൻ; ജോർജ് കാറ്റുപോയ ബലൂൺ – ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഇങ്ങനെയുള്ള അഞ്ഞൂറെണ്ണമുണ്ട്. എല്ലാം ഞാനിവിടെ വായിക്കുന്നില്ല.

ഹൈക്കോടതിയുടെ 48 സ്ക്രിപ്ച്ചേഴ്സുണ്ട്. അത് ഞാൻ ഇപ്പോൾ ഇവിടെ വായിക്കുന്നില്ല. എന്ത് ഭരണമാണ് ഇവിടെ നടന്നത്? ഈ നന്ദിപ്രമേയ ചർച്ചയുമായി ബന്ധപ്പെട്ടുകൊണ്ട് പാരഗ്രാഫ് 41–ൽ 'അട്ടപ്പാടിയിൽ പോഷകാഹാര പദ്ധതിക്ക് പുതിയ പദ്ധതി' എന്ന് നിങ്ങൾ പ്രഖ്യാപിച്ചു. ആ പദ്ധതിയുടെ ഗുണത്തെ സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഇവിടെ പറയുകയും ഇന്ന് ഒരു സബ്മിഷൻ കൊണ്ടുവരികയും ചെയ്തു. അവിടെ ഡോക്ടർമാർക്ക് 20,000 രൂപ അഡീഷണൽ അലവൻസായി കൊടുക്കാൻ തീരുമാനിച്ചത് കൊടുത്തില്ല. 20 ശതമാനം ഉദ്യോഗസ്ഥന്മാർക്ക് ബേസിക് വേജസിൽ വർദ്ധനവ് കൊടുത്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഔദ്യോഗിക കണക്ക് പ്രകാരം 295 ആദിവാസികളാണ് അവിടെ മരണപ്പെട്ടത്, അതിൽ കുട്ടികൾ 59. 06–01–2014–ൽ ബഹുമാനപ്പെട്ട പി.കെ. ജയലക്ഷ്മിക്ക് ഞാൻ നൽകിയ ചോദ്യവും അതിന് കിട്ടിയ മറുപടിയും – ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണം? ഉത്തരം – ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 59 ശിശുമരണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ കുട്ടികളല്ലാത്തവർ മരണപ്പെട്ടത് – പുരുഷന്മാർ 168, സ്ത്രീകൾ 118 അങ്ങനെ ആകെ 286. ഈ പാവപ്പെട്ട ആദിവാസികൾക്കായി എന്തെങ്കിലും ഗുണമുള്ള ഒരു കാര്യം നിങ്ങൾ ചെയ്തിട്ടുണ്ടോ; പാക്കേജ് പ്രഖ്യാപിച്ചല്ലോ. ഇതേ ചോദ്യത്തിനുള്ള ഉത്തര

ത്തിൽത്തന്നെ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട പി. കെ ജയലക്ഷ്മി പറഞ്ഞത്. പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. അട്ടപ്പാടിയിലെ ഒരു ആദിവാസിക്ക് പോഷകാഹാരത്തിനായി നിങ്ങൾ 4 രൂപയാണ് കൊടുക്കുന്നത്. ആ 4 രൂപ കൊണ്ട് എന്താണ് ചെയ്യാൻ സാധിക്കുക; അതിൽ പച്ചക്കറിക്ക്. 50 പൈസ. 50 പൈസയ്ക്ക് പച്ചക്കറി കിട്ടുമോ? ആശുപത്രിയിൽ എന്തെങ്കിലും സൗകര്യമുണ്ടോ; വെള്ളമുണ്ടോ; വെളിച്ചമുണ്ടോ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വൈദ്യുതി വകുപ്പ് ഫ്യൂസ് ഊരി മാറ്റി. മണ്ണെണ്ണയും കൊടുക്കുന്നില്ല. ഇപ്പോൾ ഇരുട്ടിലല്ലേ ആദിവാസികൾ? ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇന്നലെ ഇവിടെ എന്തോ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചു. എനിക്ക് തന്ന മറുപടിയിൽ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പാരഗ്രാഫ് 51-ൽ എ.എസ്.എ.പി. (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) എ.ഡി.ബി. സഹായത്തോടുകൂടി നടത്തുമെന്ന് പറഞ്ഞിരിക്കുന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി. ഇതുവരെ സ്കൂൾ കുട്ടികളിൽ ഒരാൾക്കുപോലും യൂണിഫോം കൊടുത്തിട്ടില്ല. അങ്ങയുടെ മണ്ഡലത്തിലെ ഏതെങ്കിലും കുട്ടിക്ക് യൂണിഫോം കൊടുത്തിട്ടുണ്ടെന്ന് പറയാൻ അങ്ങേയ്ക്ക് സാധിക്കുമേ? ഇതുവരെ കൊടുത്തിട്ടില്ല. എ.ഡി.ബി.യിൽ നിന്ന് കാശ് വാങ്ങാനാണ് പോകുന്നത്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും എ.കെ. ആന്റണിയും 2002-ൽ എ.ഡി.ബി. യിൽ നിന്ന് 250 മില്യൻ ഡോളറാണ് വാങ്ങിയത്. എസ്റ്റിമേറ്റ് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട വി. ഡി. സതീശനും ഞാനുമുണ്ട്. ഞാൻ അതിന്റെ കണക്ക് ചോദിച്ചു. ആരുടെ കയ്യിലും കണക്കില്ല. പൊതുഭരണത്തിന്റെ ആൾക്കാർ അവിടത്തെ എല്ലാ ഫയലും ഐ.റ്റി.ക്ക് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഐ.ടി. ക്കാരോട് ഫയൽ

ചോദിച്ചപ്പോൾ അവരുടെ കയ്യിലുമില്ല. 1350 കോടി രൂപയുടെ പലിശയടക്കം നമ്മൾ കൊടുക്കണം. ഭരണ നവീകരണവും ദാരിദ്ര്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുകൊണ്ട് കൊട്ടിഘോഷിച്ച പരിപാടിയുടെ ഒരു ഫയൽ പോലുമില്ല. വീണ്ടും എ.ഡി.ബി.യിൽ നിന്ന് പണം വാങ്ങാൻ പോകുകയാണ്. ബഹുമാന പ്പെട്ട മുഖ്യമന്ത്രി, എ.ഡി.ബി.യിൽ നിന്ന് വാങ്ങിയ പണത്തിന്റെ കണക്കുകളെ സംബന്ധിച്ച് 6 മാസം മുമ്പ് അതായത് 17-06-2013-ൽ ഞാൻ അങ്ങയോട് ചോദിച്ചു - എ.ഡി.ബി.യിൽ നിന്ന് എത്ര പണം വാങ്ങി; എന്തിനുവേണ്ടി വാങ്ങി; ആർക്കുവേണ്ടി ചെലവഴിച്ചു? വിവരം ശേഖരിച്ചുവരുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അങ്ങയുടെ വകുപ്പിന്റെ കീഴിലാണ് പൊതുഭരണം. ഐ.ടി വകുപ്പ് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിന്റെ കയ്യിലാണ്. 1250 കോടി രൂപ എ.ഡി.ബി. യിൽ നിന്ന് വാങ്ങിയ തിന്റെ ഒരു കണക്കുമില്ല. എന്തുപറ്റി എന്നുള്ളത് ഒന്ന് ചോദിക്കണം. 6 മാസം മുമ്പ് ഞാൻ ചോദിച്ചിട്ട് അതിനുള്ള മറുപടി ഇതുവരെയും കിട്ടിയിട്ടില്ല. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. പെപ്സികോള - 23/09/2011-ന് ബിൽ നമ്മൾ ഇവിടെ പാസ്സാക്കിയതല്ലേ; വർഷം എത്രയായി; നമ്മൾ അത് കേന്ദ്രത്തിന് അയച്ചില്ലേ; ഇതുവരെ നിങ്ങൾക്ക് പ്രസിഡന്റിന്റെ അസന്റ് വാങ്ങാൻ സാധിച്ചോ? 241 കോടി രൂപയുടെ നഷ്ടമല്ലേ അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർക്ക് സംഭവിച്ചത്. അവിടെയുള്ള കുട്ടികളുടെ ആരോഗ്യം നശിപ്പിച്ചില്ലേ; അവിടെയുള്ള മണ്ണിന്റെ നിറവും മണവും നിങ്ങൾ ഇല്ലാതാക്കിയില്ലേ; എന്നിട്ട് ആ കൊക്കൊകോള കമ്പനിക്കുവേണ്ടി വാദിക്കു ന്നത് ആരാണ്? ചിദംബരത്തിന്റെ ഭാര്യ. ആ ചിദംബരത്തിന്റെ ഭാര്യയുടെ സ്വാധീനത്തിൽ ഈ ഗവൺമെന്റ് പെട്ടിട്ടുണ്ടോ; എന്തുകൊണ്ട് നിങ്ങൾക്ക് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ല? ഈ ബിൽ കൊണ്ടു

വന്നത് ഞങ്ങളാണെന്നുള്ളത് സമ്മതിച്ചു. 2011 അവസാനത്തിൽ കൊണ്ടു വന്നതിനുശേഷം ഞങ്ങൾ അത് പ്രസിഡന്റിന് അയച്ചു. അപ്പോഴേയ്ക്കും നിങ്ങളുടെ ഗവൺമെന്റ് വന്നു. അതിന് അംഗീകാരം വാങ്ങാനായി നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ? ഗവൺമെന്റ് നിശ്ചയിച്ച ഒരു കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ഐകകണ്ഠ്യേന ബില്ല് കൊണ്ടുവരികയും പ്രസിഡന്റിന്റെ അസന്റിന് അയയ്ക്കുകയും ചെയ്തു. ഇന്നേവരെ നിങ്ങൾക്ക് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങാൻ കഴിഞ്ഞിട്ടില്ല. അതിനു പകരം കൊക്കോകോള കമ്പനി കൊടുത്തിട്ടുള്ള ഉപദേശത്തിന്റെ അടിസ്ഥാന ത്തിൽ നിങ്ങളോട് വിശദീകരണമാണ് ചോദിച്ചത്. ഞാൻ അത് വിടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്കറിയാം, ഞങ്ങൾ ഭരിക്കുന്ന സമയത്ത് 1000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു കൽക്കരിപ്പാടം ഒറീസ്സയിലും വൈതരണിയിലും ഞങ്ങൾ വാങ്ങിയെടുത്തു. അതിന്റെ ഭാഗമായി ഞങ്ങൾ കമ്പനി രൂപീകരിച്ചു, മൈനിംഗ് പ്ലാൻ തയ്യാറാക്കി, ലാന്റ് അക്വിസിഷൻ സർവ്വേ നടത്തി, ബാങ്ക് ഗ്യാരന്റി കൊടുത്തു, സോഷ്യോ ഇംപാക്റ്റ് പഠനം നടത്തി, എൻവയോൺമെന്റ് ക്ലിയറൻസിനുവേണ്ടി ശ്രീ. ജയറാം രമേശിന് കൊടുത്തു. അദ്ദേഹം അത് തള്ളി. പിന്നീട് ജയന്തി നടരാജൻ വന്നു. അപ്പോഴേയ്ക്കും നിങ്ങളും വന്നു. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഏതാണ്ട് വക്കിലെത്തിയ ആയിരം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു കൽക്കരിപ്പാടം കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചിട്ട് ഒരു അരശബ്ദം നിങ്ങൾക്ക് പറയാൻ കഴിഞ്ഞോ? കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരി ക്കാനായി നിങ്ങൾ എന്താണ് ചെയ്തത്; ഈ ഗവൺമെന്റ് അത് റിവോക്ക് ചെയ്യുമ്പോൾ നിങ്ങൾ ഇടപെടേണ്ടേ? 2005-ൽ, അതിരപ്പിള്ളിയുടെ പരിസ്ഥിതി ക്ലിയറൻസ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ കാലഘട്ടത്തിലും എന്റെ

കാലഘട്ടത്തിലും കിട്ടി. 3 പ്രാവശ്യം വനം വകുപ്പിന്റെ ക്ലിയറൻസ് കിട്ടിയതിനുശേഷം ഒരു എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയെ പരിസ്ഥിതി വകുപ്പു മന്ത്രി ശ്രീ. ജയറാം രമേശ് വച്ചു. അവസാനം അദ്ദേഹം ഫയലിൽ എഴുതി 'എനിക്ക് ബോദ്ധ്യപ്പെടുന്നില്ല'. അത് റിവോക്ക് ചെയ്തു. എന്നിട്ട് പ്രധാന മന്ത്രിയുടെ ഓഫീസിലെ ടി.കെ. നായർക്കും എന്റെ അതേ അഭിപ്രായം തന്നെയാണെന്ന് ഫയലിൽ എഴുതിവച്ചു. ഈ രൂപത്തിൽ ഒരു പദ്ധതി പൊളിക്കുന്ന അവസരത്തിൽ...(തടസ്സം)....... ആറന്മുള പദ്ധതിക്ക് നിങ്ങൾക്ക് അംഗീകാരം കിട്ടുന്നുണ്ടല്ലോ; അതിനൊരു ബുദ്ധിമുട്ടുമില്ലല്ലോ; പിന്നെ ഇതെന്തുകൊണ്ട് പൊളിച്ചു? കൂടംകുളം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇടതുപക്ഷമായാലും യു.ഡി.എഫ്. ആയാലും രൂപംകൊടുത്ത പവർ ഹൈവേ ഇവിടെ യാഥാർത്ഥ്യമായാൽ ഏതെങ്കിലും രൂപത്തിലുള്ള ട്രാൻസ്മിഷൻ ലോസ് ഉണ്ടാകുമോ; നിങ്ങൾക്ക് ഇഷ്ടപ്പെട്ട സമയത്ത് വൈദ്യുതി പുറത്തുനിന്ന് അനർഗളമായി കൊണ്ടുവരുന്നതിന് ട്രാൻസ്മിഷൻ കോറിഡോർ ഓപ്പണായി കിട്ടില്ലേ; ആ പദ്ധതി പൊളിഞ്ഞത് എന്തുകൊണ്ടാണ്? അരീക്കോട് മുതൽ തൃശ്ശൂർ വരെയും തൃശ്ശൂർ മുതൽ എറണാകുളം വരെയും ഞങ്ങൾ ലൈൻ വലിച്ചു. അവിടെ നിന്ന് ഇടമണ്ണിലേയ്ക്കുള്ള വഴിയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാടായ പുതുപ്പള്ളിയിലാണ് തടസ്സം. ജനസമ്പർക്ക പരിപാടി താങ്കൾ അവിടെ നടത്തുമെങ്കിൽ ഞങ്ങൾ അതിനുമുമ്പിൽ വന്നു നിൽക്കാം. എന്നാൽ ഈ കേരളത്തിന്റെ വൈദ്യുതിപ്രശ്നം പരിഹരിക്കുന്നതിന് 266 മെഗാവാട്ട് തമിഴ്നാട്ടിൽ നിന്നും പ്രസരണ നഷ്ടമില്ലാതെ കിട്ടുന്നതിന് അങ്ങ് സഹായിക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 10 റബ്ബർ കൃഷിക്കാരുടെ ഒരു പ്രശ്നംപോലും ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് പരിഹരിക്കുന്ന

തിന് എന്താണ് ബുദ്ധിമുട്ട്? ചർച്ച നടത്തിയിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. ഞാൻ അങ്ങയുടെ ജനസമ്പർക്ക പരിപാടിയെ പരിഹസിക്കുന്നില്ല. ഞാനും രാവിലെ 8 മണി മുതൽ രാത്രി 12 മണിവരെ ജനസമ്പർക്ക പരിപാടി നടത്തി യിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി വോൾട്ടേജ് ഉറപ്പുകൊടുക്കുന്നതിനും പരാതിരഹിത വൈദ്യുതി ബോർഡ് ഉണ്ടാക്കുന്നതിനും പരിപാടി നടത്തിട്ടുണ്ട്. പക്ഷേ ഈ രൂപത്തിലല്ല ഞങ്ങൾ നടത്തിയത്. ജനസമ്പർക്ക പരിപാടിയിലൂടെ വികലാംഗർക്കും പെൻഷൻകാർക്കും കൊടുക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച്, 'ഒരു ചെറിയ അധികാരവും കുറച്ച് കാശും ഞങ്ങൾക്ക് തന്നാൽ ഇതിനേക്കാൾ ഫലപ്രദമായി ഞങ്ങൾ നടത്താമെന്ന്' കളക്ടർമാർ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ പറഞ്ഞു. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. .........കോട്ടയം കളക്ടറാണ് പറഞ്ഞത്. സംശയമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുക......(ബഹ ളം).....എന്നോടാണോ ചോദിക്കുന്നത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ. ഇതുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത കളക്ടർമാരുടെ യോഗ ത്തിൽ അദ്ദേഹം സത്യസന്ധമായി good faith—ൽ പറഞ്ഞതാണ്. 'ഞങ്ങൾക്ക് ഒരു വില്ലേജ് ഓഫീസറെ മാറ്റാനുള്ള അധികാരവും കുറച്ച് കാശും കിട്ടിയാൽ ഞങ്ങൾ നന്നായി നടത്താം. താങ്കളുടെ വിലപിടിച്ച സമയം എടുക്കേണ്ടതില്ല' എന്ന് പറഞ്ഞതാണ്. അദ്ദേഹം പരിഹസിച്ച് പറഞ്ഞതല്ല. താങ്കൾ സെക്രട്ടേറിയറ്റിൽ ഇരിക്കണം. ഈ പ്രശ്നങ്ങളെല്ലാം അവിടെ വച്ച് പരിഹരിക്കണം. സാറിന് അവിടെ ഇരിക്കാൻ കഴിയാത്തതു കൊണ്ടാണ് ഒരു ദിവസം 'ഒരു വട്ടൻ' അവിടെ കയറിയിരുന്നത്. എന്നിട്ട്

അയാൾ പത്രക്കാരോട് പറഞ്ഞു, 'സാർ ഫയൽ നോക്കുന്നതും ഞാൻ ഫയൽ നോക്കുന്നതും തുല്യമാണ്'. താങ്കൾ കുറച്ച് സമയം അവിടെ ഇരുന്ന് ഫയൽ നോക്കണം. ഈ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ വൈകാരികമായ ഒരു തലമുണ്ടാക്കാൻ വേണ്ടി സി.പി.എം.-നെയും ഇടതുപക്ഷത്തേയും പരിഹസിക്കുന്നതിന് താങ്കളുടെ കൂടെയുണ്ടായിരുന്ന ഒരു സിദ്ദിഖ് എന്തൊക്കെയാണ് പറഞ്ഞത്? താങ്കളുടെ ഗൺമാൻ ഇരിക്കേണ്ട സ്ഥലത്ത് അദ്ദേഹം ഇരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു, ഇടതുഭാഗത്തുകൂടി കല്ല് വന്നു, എന്റെ കൈക്ക് കൊണ്ടു. ആ കല്ല് നേരെ ശ്രീ. കെ. സി. ജോസഫിന്റെ അടുത്ത് പോയി, അദ്ദേഹം മാറി, എന്നിട്ട് വലതുഭാഗത്തെ ചില്ലിന് കൊണ്ടു. എന്നിട്ട് അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഹൃദയത്തിന് നേരെ വന്നു. അവിടെ നിന്ന് വീണ്ടും വലത് ഭാഗത്തെ ചില്ലിൽ കൊള്ളുകയും പുറത്ത് പോകുകയും ചെയ്തു. ഇങ്ങനെയുമുണ്ടോ ഒരു കല്ല്?

അതുമായി ബന്ധപ്പെട്ടുകൊണ്ട് എറിഞ്ഞയാളെ പിടിച്ചില്ലേ? അത് ചിലപ്പോൾ മുഖ്യമന്ത്രിക്കുനേരെ എറിഞ്ഞതായിരിക്കില്ല. ഞങ്ങൾക്കുനേരെ എറിഞ്ഞതായിരിക്കാം. എന്നിട്ട് അദ്ദേഹത്തിന്റെ പേരിൽ കേസ് എടുത്തോ? ഞാനൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട ചെയർ ഒരു വാചകം ഇന്നലെ പറഞ്ഞു. പ്ലീനം പ്ലീനിതനായി....... ചെയർ അല്ല, ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥാണ് പറഞ്ഞത്. ഒന്നരവർഷക്കാലത്തെ സംഘടനാ പ്രക്രിയയുടെ ഭാഗമായി ബ്രാഞ്ച് അടിസ്ഥാനത്തിൽ, ലോക്കൽ അടിസ്ഥാനത്തിൽ, ഏരിയ അടിസ്ഥാനത്തിൽ, ജില്ലാ അടിസ്ഥാനത്തിൽ, സംസ്ഥാന അടിസ്ഥാനത്തിൽ ഞങ്ങളുടെ പാർട്ടി സംഘടന പരിശോധിച്ച് ഒരു തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് ഒരു പാർട്ടിക്ക് വേണ്ടുന്ന ഗുണങ്ങൾ ചില സ്ഥലങ്ങളിൽ കേഡർമാർക്ക്

നഷ്ടപ്പെടുന്നു. അവരെ റിഫൈൻ ചെയ്യാൻ ഞങ്ങൾ നടത്തിയിട്ടുള്ള ഒരു പ്രവർത്തനത്തെ അങ്ങ് വല്ലാത്ത രൂപത്തിൽ പരിഹസിച്ചു. അത് ശരിയായിരുന്നോ? താങ്കളുടെ പാർട്ടിക്ക് ഈ രൂപത്തിലുള്ള യാതൊന്നും ചെയ്യാൻ പറ്റില്ല. അത് നമ്മൾ കണ്ടല്ലോ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ.......

ശ്രീ. എ. കെ. ബാലൻ: സർ, തിരുവനന്തപുരം എയർപോർട്ടിൽ സുനന്ദയുടെ അനുഭവം........

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഇതുകൂടി പറഞ്ഞ് ചുരുക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഒറ്റയടിയല്ലേ യൂത്ത് കോൺഗ്രസ്സുകാരന്റെ മുഖത്ത് കൊടുത്തത്. ഇന്നേവരെ നിങ്ങൾക്ക് നടപടിയെടുക്കാൻ കഴിഞ്ഞോ? (ബഹളം)......ശശിയുടെ കാര്യത്തിൽ ഞങ്ങൾ നടപടി എടുത്തല്ലോ. ഞങ്ങൾ നടപടിയെടുത്ത് പുറത്താക്കി.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, സമയം അധികരിച്ചു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എല്ലാ കാര്യത്തേയുംപ്പറ്റി പറയുന്നില്ല. ഒരു ബൂർഷ്വാ സൊസൈറ്റിയിൽ പല രൂപത്തിലുമുള്ള വൈസസ് ഞങ്ങളേയും ബാധിക്കാം. ഞങ്ങളുടെ കേഡർമാരേയും ബാധിക്കാം. അതിൽനിന്ന് കേഡർമാരെ രക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ രണ്ടുവർഷം ഞങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ പരിസമാപ്തിയാണ് പ്ലീനം. ആ പ്ലീനത്തിന്റെ ഭാഗമായി ഞങ്ങളുടെ പാർട്ടി സംഘടനാ രംഗത്ത് ശക്തിപ്പെട്ടുവെന്ന് മാത്രമല്ല, നിങ്ങളുടെ അവസാനം കുറിക്കുന്നതിന്, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ശക്തമായ നേതൃത്വം കൊടുക്കാൻ സി.പി.ഐ.(എം) വളർന്നുവെന്നുള്ളതാണ് അതിന്റെ സന്ദേശം. ഞങ്ങൾ

ഇനിയും സമരം നടത്താൻ പോകുകയാണ്. ഈ 15-ാം തീയതി മുതൽ അനിശ്ചിതകാല നിരാഹാരം ഞങ്ങൾ നടത്തുന്നുണ്ട്. പരാജയപ്പെടാം, അത് വിജയിക്കുമെന്നൊന്നും ഞങ്ങൾ ഇപ്പോൾ പറയുന്നില്ല. ഗ്യാസിന്റേയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവ്..... ഞങ്ങൾ നോക്കാം. വില വർദ്ധനവിനെ സഹായിക്കുന്ന നിങ്ങൾ ചിലപ്പോൾ ജയിച്ചുവെന്നും വരാം. ഞാൻ ചോദിക്കട്ടേ, എത്ര സമരങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്; നിസ്സഹകരണ സമരം പരാജയപ്പെട്ടിട്ടില്ലേ; ക്വിറ്റ് ഇന്ത്യാ സമരം പരാജയപ്പെട്ടിട്ടില്ലേ; വയലാർ സമരം പരാജയമല്ലേ; 72 ദിവസം നീണ്ടുനിന്ന എൻ.ജി.ഒ. അദ്ധ്യാപകൻമാർ നടത്തിയ സമരം പരാജയമായിരുന്നില്ലേ? പക്ഷേ ആ പരാജയത്തിന്റെ അവസാനം അന്നത്തെ നേതാവ് ഇ. പത്മനാഭൻ പറഞ്ഞ ഒരു വാചകമുണ്ട്. ആളിക്കത്തുന്ന തീയേക്കാളും ശക്തമാണ് അമർന്ന് കത്തുന്ന തീ. ഇത് അമർന്ന് കത്തുന്ന തീയാണ്. അത് ആളിക്കത്തും. അതിൽ വിളക്കുകണ്ട പാറ്റകളെപ്പോലെ നിങ്ങളുടെ ചിറകരിയാൻ പോകുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരൊറ്റ അഭ്യർത്ഥനയേ എനിക്കുള്ളൂ.

മി. ചെയർമാൻ: അഭ്യർത്ഥനയ്ക്കുള്ള സമയമില്ല.

ശ്രീ. എ. കെ. ബാലൻ: ഇപ്പോൾ കേന്ദ്രത്തിൽ നിങ്ങൾക്ക് 207 എം.പി.-മാരുണ്ട്. 107 ബി.ജെ.പി.-ക്ക് ഉണ്ട്. 222 - കോൺഗ്രസ് (ഐ), ബി.ജെ.പി. ഇതരരാണ്. ഒരു രൂപത്തിലും കോൺഗ്രസ്സിന്റെ 10 സീറ്റ് കുറയുമെന്നല്ലാതെ കൂടാൻ പോകുന്നില്ല. യാതൊരു സംശയവുമില്ല. ഞങ്ങൾ ഇടതുപക്ഷത്തിനും മതേതര പ്രസ്ഥാനങ്ങൾക്കും ജനാധിപത്യ പ്രസ്ഥാനങ്ങൾക്കുമുള്ള 222 കൂടുമെന്നല്ലാതെ കുറയാൻ പോകുന്നില്ല. ഇനിയുമത് കുറയാതിരിക്കണ

മെങ്കിൽ ദയവുചെയ്ത് രാഹുൽ ഗാന്ധിയെ നിങ്ങൾ പ്രധാനമന്ത്രിയാക്കരുത്. കാരണം അദ്ദേഹമൊരു ഹൈസ്ക്കൂൾ ലീഡറാകാൻപോലും പറ്റുന്ന ആളല്ല, അതുകൊണ്ടാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഒരു ഓർഡിനൻസിനെ പച്ചയായി പറിച്ചുചീന്തിയ അപക്വമതിയായ ഒരാളെ പ്രധാനമന്ത്രിയായി നിങ്ങൾ ഉയർത്തിയാൽ 10 സീറ്റെങ്കിലും കൂടുതൽ നരേന്ദ്ര മോദിക്ക് കിട്ടും. അതുകൊണ്ട് ആ ആപത്തിലേയ്ക്ക് പോകരുതെന്ന അഭ്യർത്ഥനയോടുകൂടി ഈ നന്ദിപ്രമേയയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസമായി ഇവിടെ നടന്ന ചർച്ചകൾ ശ്രദ്ധിക്കുന്ന ഒരാൾക്കറിയാം, മാർക്സിസ്റ്റ് പാർട്ടി അനുഭവിക്കുന്ന ആശയദാരിദ്ര്യം എത്രമാത്രം കനത്തതാണെന്ന്. ഈ മൂന്ന് ദിവസവും നടന്ന ശ്രമം എന്താണെന്നുചോദിച്ചാൽ, ഗവർണ്ണർ നടത്തിയ പ്രസംഗം ഒരു ഗവൺമെന്റിന്റെ നയപരിപാടികളെ എങ്ങനെ സ്വാധീനിക്കുന്നു വെന്ന് കേരളത്തിലെ പ്രബുദ്ധമായ ജനാവലി വിലയിരുത്തിക്കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷത്തിനോട് അടുക്കുന്നു, അതായത് 30 മാസമായി ഈ ഗവൺമെന്റ് ആവിഷ്കരിച്ച നടപടികളെ ഭരണപക്ഷം ഒരിക്കൽപ്പോലും അതിശയോക്തിപരമായി ജനങ്ങളോട് പറഞ്ഞിട്ടില്ല. ഉദാഹരണത്തിന് ഗവർണ്ണ റുടെ പ്രസംഗം പരിശോധിക്കുക. രണ്ടാമത്തെ പാരഗ്രാഫിൽ ഇത്രയേ പറഞ്ഞിട്ടുള്ളൂ. ക േശ റലഹശ്ലൃശിഴ രീാലിറമയഹ്യ ീി വേല ുൃീാശലെ ഴശ്ലി ീ വേല ുലീുഹല. 30 മാസം മുമ്പ് ജനങ്ങൾക്ക് നൽകിയ വാഗ്ദത്തം പാലിക്കുന്നതിൽ ഗണനീയമായി വിജയിച്ച ഒരു സർക്കാരാണെന്നാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലാകെ അവകാശപ്പെടുന്നത്. ഇത് കേരളത്തിലെ

ജനങ്ങൾക്ക് മനസ്സിലാകും. ഈ ശബ്ദമെടുക്കുന്ന ആളുകൾ യഥാർത്ഥ ത്തിൽ ജനങ്ങളുടെ കോടതിയിൽ പരാജയപ്പെടുകതന്നെ ചെയ്യും. പാരഗ്രാഫ് 3–ൽ, ഠവല ഏീ്ലൃിാലിേ വമ െലാുവമശെലറ ശേ െരീാാശോലിേ ീ വേല ുീീൃ മിറ വേല ാമൃഴശിമഹശലെറ ശി മി ീഎിൂലരലറലിലേറ ാമിില്യ എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ശരിയോ തെറ്റോ? വെളിയിലല്ല, വെളിക്കുവെളിയിൽ നിൽക്കുന്ന ഒരു ജനതയുണ്ട്. ആ ജനതയാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൂട്ടംകൂട്ടമായി വന്നത്. 2000–ൽ ഐക്യരാഷ്ട്രസഭ മില്ലേനിയം ഗോൾ പ്രഖ്യാപിച്ചു. ആ സമയത്ത് യു.എൻ.ഡി.പി. തയ്യാറാക്കിയ ആളുകൾ പറഞ്ഞു, 'ഉ' മൈേറ ളീൃ ഉല്ലഹീുാലിേ. പക്ഷേ അതിൽ മാറ്റം വന്നിരിക്കുന്നു. ഈ 'ഉ' ഇന്ന് ഉലാീരൃമരേ ഴീ്വലൃിമിരല ആണ്. കേവലം ഈ 'ഉ' ഡെവലപ്മെന്റിനെ മാത്രമല്ല സ്വാധീനിക്കുന്നത്. മറിച്ച് ഉലാീരൃമരേ ഴീ്വലൃിമിരല ആണെന്ന് യു.എൻ.ഡി.പി. വിശദീകരിക്കുകയുണ്ടായി. ആ മില്ലേനിയം ഗോൾ അന്നത്തെ പ്രഖ്യാപനമനുസരിച്ച് 2015–ൽ സാധിതപ്രായമാകേണ്ടതാണ്. ആ ദിശയിൽ ഈ ഗവൺമെന്റ് എന്ത് ചെയ്തുവെന്നാണ് ഗവർണ്ണർ പറഞ്ഞത്. അതിൽ വസ്തുതാപരമായി എന്തെങ്കിലും പിശകുണ്ടോയെന്ന് ഈ സഭ ദയവുചെയ്ത് പരിശോധിക്കണമെന്ന് അപേക്ഷിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. വെൽഫെയർ സ്കീമിന് ഔട്ട് ലേ മൂന്നിരട്ടി വർദ്ധിപ്പിച്ചില്ലേ? പഞ്ചായത്ത് വകുപ്പ്, സോഷ്യൽ ജസ്റ്റിസ് വകുപ്പ്, കാരുണ്യ ബെനവലന്റ്സ് പദ്ധതി, ആരോഗ്യ വകുപ്പ്, ഇൻഡസ്ട്രീസ് വകുപ്പുവരെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ലാഭമുള്ള കേരളത്തിലെ വ്യാവസായിക സ്ഥാപനങ്ങളുടെ വരുമാനത്തിൽനിന്ന് ഒരു തുക ഈ പദ്ധതികൾക്കുവേണ്ടിമാത്രം മാറ്റിവയ്ക്കാൻ വ്യവസായ വകുപ്പ് മുന്നോട്ടുവന്നു.

വ്യവസായ വകുപ്പ്, ആരോഗ്യ വകുപ്പ്, ഫൈനാൻസ് വകുപ്പ്, സോഷ്യൽ ജസ്റ്റിസ് വകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവയെല്ലാം ഏകോപിതമായി ഇവിടെ പ്രവർത്തിക്കുമ്പോൾ അത് കണ്ടില്ലായെന്ന് വയ്ക്കുന്നത് ശരിയല്ല.

നിയമസഭയുടെ 125-ാം വാർഷികത്തോടനുബന്ധിച്ച് 2013 ഫെബ്രുവരി 5-ാം തീയതി 'പുതിയ കേരളം' എന്ന പേരിൽ സ്പീക്കർ ഇവിടെ ഒരു സെമിനാർ സംഘടിപ്പിച്ചു. ആ സെമിനാറിൽ ശ്രീ. പിണറായി വിജയൻ പങ്കെടുത്തിരുന്നു. അദ്ദേഹം നടത്തിയ പ്രസംഗത്തിലെ പ്രസക്തമായ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം. "ആഗോളവത്കരണ നയത്തിന്റെ പ്രത്യേകത, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ പിൻവാതിലിലേയ്ക്ക് കൊണ്ടുപോകുക എന്നുള്ളതാണ്. അതുണ്ടായാൽ നമ്മൾ ഇതുവരെ ഉണ്ടാക്കിയ എല്ലാ നേട്ടങ്ങളും നഷ്ടപ്പെട്ടുപോകും" - ആ സെമിനാറിൽ പങ്കെടുത്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി സഖാവ് പിണറായി വിജയൻ പറഞ്ഞതാണിത്. അതിന്റെ അർത്ഥം നമ്മൾ ആലോചിക്കേണ്ടതാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റിന് എന്തെങ്കിലും പരാജയം ഉണ്ടായിട്ടുണ്ടോ? ശ്രവണശേഷിയില്ലാത്ത കുഞ്ഞുമക്കളെയും കൊണ്ട് അമ്മമാർ ഇവിടെ വരുമ്പോൾ ഞാൻ കുഞ്ഞിന്റെ മുഖത്തല്ല നോക്കാറുള്ളത്, അമ്മയുടെ മുഖത്താണ്. കൈക്കുഞ്ഞിനേയും കൊണ്ടുവരുന്ന ആ അമ്മയുടെ മുഖത്ത്, സഹായം കിട്ടുന്നതോടെ സൂര്യപ്രഭയേറ്റ മഞ്ഞുമല എന്നതുപോലെ, മഞ്ഞുമല ഉരുകുന്നതുപോലെയുള്ള സന്തോഷമാണ്, സന്തോഷാശ്രുക്കൾ പൊഴിയുന്നതാണ് കാണാറുള്ളത്. തന്റെ കുഞ്ഞ് ഒന്ന് ശബ്ദിക്കാൻ, തന്റെ പ്രാർത്ഥന ആ കുഞ്ഞ് കേൾക്കാൻ, ആ കുഞ്ഞിന്റെ പുഞ്ചിരി ഒന്ന് കാണാൻ

ഈ അമ്മമാർ വാവിട്ട് നിലവിളിക്കുമ്പോൾ ഇത്ര നിസ്സാരമായി ഇത് മറച്ചുപിടിക്കാൻ ശ്രമിക്കുന്നത് എന്തിനാണെന്ന് ഞങ്ങൾക്കറിയാം. ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ വിശദീകരിച്ചുകൊണ്ട് ഞങ്ങൾ നാളെ ലോക്സഭാ തെരഞ്ഞെടുപ്പിൽ മുന്നോട്ടുവരാതിരിക്കാൻ വേണ്ടി നടത്തുന്ന, ശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി നടത്തുന്ന ഒരു ശ്രമമാണ് നിർഭാഗ്യവശാൽ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലുമുണ്ടായത്. അതൊരിക്കലും കേരളത്തിലെ ജനങ്ങൾ വകവച്ചുതരില്ല. നയപ്രഖ്യാപനത്തിന്റെ പാരഗ്രാഫ് 5–ൽ, പദ്ധതിയടങ്കൽ 150% വർദ്ധിച്ചിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുക? നികുതിവരുമാനവും നികുതിയേതര വരുമാനവും വർദ്ധിച്ചു. നമ്മൾ ധാരാളം കടമെടുക്കുകയും ചെയ്തു, ഇല്ലായെന്ന് പറയുന്നില്ല. എന്നാലും പദ്ധതിയടങ്കൽ 150% എന്നുപറഞ്ഞാൽ ഒന്നര ഇരട്ടിയാണ് വർദ്ധിച്ചിരിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ പ്ലാൻ എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റി മെച്ചപ്പെടണം എന്ന് പറഞ്ഞു. അതായത്, പ്രാദേശികമായ സംതുലിതത്വമുണ്ടാകണം, എല്ലാ വിഭാഗം ജനങ്ങൾക്കും ഒരു ഇക്വിറ്റിയുണ്ടാകണം, അനുഭവിക്കാൻ കഴിയണം, ഇൻക്ലൂസീവ്നെസ് ഉണ്ടാകണം എന്നാണ്. ആ ആശയം നിറവേറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പുതിയ മെഡിക്കൽ കോളേജുകൾ പൊതുമേഖലയിൽ കൊണ്ടുവന്നു. കോളേജില്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജ് കൊണ്ടുവരാനാവശ്യമായ തീരുമാനമെടുത്തു. ഇങ്ങനെയുള്ള ഇൻക്ലൂസീവ്നെസ്സിനുവേണ്ടിയാണ് ഈ ഗവൺമെന്റ് ശ്രമിച്ചത്. ഇവിടെ, ഈ ഒച്ചപ്പാടുകൾക്കിടയിൽ ഈ നയപ്രഖ്യാപനത്തിന്റെ ശക്തിസൗന്ദര്യം മുഴുവൻ മറച്ചുപിടിക്കാനാണ് ശ്രമം. ഇതിൽ പറയുകയാണ് “A high powered committee will be constituted to identify problems of backward

areas and to address them specifically.” പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ കണ്ടെത്തി അതിന് യോജ്യമായ പരിഹാരമാർഗ്ഗങ്ങളുണ്ടാക്കാൻ ഒരു ഹൈ പവേർഡ് കമ്മിറ്റിയുണ്ടാക്കുമെന്ന് പ്രഖ്യാപിക്കുന്ന ഒരു നയം. ആ നയം പ്രഖ്യാപിക്കുന്നത് ഉത്തമ വിശ്വാസത്തോടും ആത്മവിശ്വാസത്തോടും കൂടിയാണ്. ഇതിൽനിന്നെല്ലാം ശ്രദ്ധ തിരിച്ചുവിടാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങൾ കേരളത്തിലെ ചെറുപ്പക്കാർ തിരിച്ചറിയുമെന്നാണ് എനിക്ക് പറയാനുളളത്. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കതിന് തിരിച്ചടി വാങ്ങേണ്ടിവരും എന്ന് ഒറ്റ വാക്കിൽ പറയാൻ മാത്രമേ ഈ അവസരം ഉപയോഗപ്പെടുത്തുന്നുളളു. കേരളത്തിന്റെ ഈ വിജയം ഇന്നത്തെ ഗവൺമെന്റിന്റെ മാത്രം സംഭാവനയാണെന്ന് അവകാശപ്പെടാനുളള വിഡ്ഢിത്തം എനിക്കില്ല. ഇത് അഭിവന്ദ്യനായ സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 1957-ലെ ആദ്യത്തെ മന്ത്രിസഭ മുതൽ ഇതിനുമുമ്പ് ഇവിടെയുണ്ടായിരുന്ന എല്ലാ ഗവൺമെന്റുകളുടെയും കൂട്ടായ ഉത്തരവാദിത്വത്തിന്റെ ഫലമായിട്ടാണ് കേരളക്കരയിൽ ഈ മാറ്റം വന്നത്. എന്നാൽ ഈ ഗവൺമെന്റിന് ഒരു പ്രത്യേകതയുണ്ട്. ഞങ്ങൾക്ക് കൂട്ടുത്തരവാദിത്വമുണ്ട്. ഇന്നിവിടെ ശ്രീ. എ. കെ. ബാലന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് വലിയ വേദന തോന്നി. കാരണം എനിക്ക് അദ്ദേഹത്തെ വളരെ ഇഷ്ടമാണ്. എന്റെ നേതാവായിരുന്ന സി. എച്ച് മുഹമ്മദ് കോയ സാഹിബിന് തലശ്ശേരിയിൽ സിന്ദാബാദ് വിളിക്കാൻ ചാടിയെണീറ്റ ഒരാളാണ് ശ്രീ. എ. കെ. ബാലൻ. ആ എ.കെ. ബാലന്റെ വർഗ്ഗസ്വഭാവം എന്താണെന്നും അധ:സ്ഥിത വർഗ്ഗത്തോടുളള അദ്ദേഹത്തിന്റെ മതിപ്പെന്താണെന്നും അറിയുന്ന ഒരാളെന്ന നിലയ്ക്ക് ഞാൻ വളരെ വേദനിച്ചുപോയി. ഞാൻ നീട്ടിപ്പറയാൻ  ആഗ്രഹിക്കുന്നില്ല. അത് മോശമായിപ്പോയി,

ഈ സഭയിൽ അത് വേണ്ടിയിരുന്നില്ല എന്ന് ശ്രീ. എ.കെ. ബാലനോട് പറയേണ്ടിവരുന്നതിൽ സത്യത്തിൽ എനിക്ക് വേദനയുണ്ട്. ഇങ്ങനെയുള്ള ധാരാളം പ്രസ്താവനകൾ അപ്പുറത്തുനിന്നുമുണ്ടായി. ഞാൻ എപ്പോഴും പറയുന്ന ഒരു ആശയമുണ്ട്, നിർമ്മാണം എത്രമാത്രം പ്രധാനമാണോ അത്രത്തോളംതന്നെ പ്രധാനമാണ് ആസൂത്രണമെന്നതും. ആ രംഗത്താണ് ഈ ഗവൺമെന്റ് ഏറ്റവും അധികം ശ്രദ്ധിച്ചത്. സത്യത്തിൽ ഇവിടെ ടീം വർക്കാണുള്ളത്. കേരളത്തിന്റെ സമരവീര്യത്തിന്റെ പ്രതീകമാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. ഗൗരിയമ്മയെ എങ്ങനെയാണോ മലയാളക്കര ആദരിക്കുന്നത് അതുപോലെ വി.എസ്.നെയും കേരളക്കര ആദരിക്കുക തന്നെ ചെയ്യും. എന്നാൽ, ഞാൻ അപ്പുറത്തിരിക്കുന്നവരോട് വിനയത്തോടെ ചോദിക്കുകയാണ്, വി.എസ്. നേതൃത്വം കൊടുത്ത ഗവൺമെന്റിന്റെ കാലത്ത് ഇവിടെ ടീം വർക്കുണ്ടായിരുന്നോ? ഇവിടെയൊരു മുഖ്യമന്ത്രി തന്റെ മന്ത്രിമാരെ മുഴുവൻ ഒരു മാന്ത്രികവടികൊണ്ടെന്നപോലെ ചുറ്റും നിറുത്തി ഇത്രമാത്രം ഉറക്കമിളച്ച് പണിയെടുത്തിട്ടും ആ മുനുഷ്യനെ ഒറ്റപ്പെടുത്തി പരിഹസിച്ചിട്ട് എന്ത് നേടാനാണ്? ആ സമീപനം ശരിയല്ല. കൂട്ടുത്തരവാദിത്വമില്ലാതിരുന്ന ഒരു ഗവൺമെന്റിന്റെ തുടർച്ചയായി വന്ന കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റാണിത്. വിവരസാങ്കേതിക വിദ്യയുടെ രംഗത്ത് കേരളം പിന്നോട്ടു പോയതിൽ ആർക്കെല്ലാമാണ് ഉത്തരവാദിത്വം? ഞാൻ നിങ്ങളെ അടച്ചാക്ഷേപിക്കുകയല്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ സ്മാർട്ട്സിറ്റി കൊണ്ടുവന്നു, നിങ്ങൾ അന്നതിന് സമ്മതിച്ചില്ല. പിന്നീട് നിങ്ങൾ ഭരണത്തിൽ വന്നു. ആ അഞ്ച് കൊല്ലവും പോയി. ഇങ്ങനെ പത്തുകൊല്ലം പോയപ്പോഴേയ്ക്കും ഐ.ടി. രംഗത്ത് വലിയ മാറ്റം വന്നു. മറ്റ് സംസ്ഥാനങ്ങളെല്ലാം നേതൃസ്ഥാനത്ത് വന്നു, നമുക്ക് പിന്നോക്കം പോകേണ്ടിവന്നു. സ്വാഭാവികമായും ആ

രംഗത്തെ പരാജയത്തിന്റെ ഉത്തരവാദിത്വം എങ്ങനെയാണ് ഏറ്റെടുക്കേണ്ടി വരികയെന്ന് സ്വന്തമായി ആലോചിക്കണമെന്ന് മാത്രമേ എനിക്ക് അപേക്ഷി ക്കാനുള്ളൂ. ഒരു ജനായത്ത സംവിധാനത്തിൽ ജനങ്ങളെ ബഹുമാനിക്കണം, ജനങ്ങൾക്ക് ആവശ്യമായ സംരക്ഷണം കൊടുക്കണം, അവരുടെ മനുഷ്യാവ കാശങ്ങൾ പാലിക്കപ്പെടണം. പലപ്പോഴും എന്നെ സ്വാധീനിച്ച അഭിവന്ദ്യനായ ഗാന്ധിജി, ഈ നാടിന്റെ ബാപ്പുജി സ്വാതന്ത്ര്യാനന്തരം പറഞ്ഞ ഒരു കാര്യ മുണ്ട്,  അത് നമ്മൾ ഒരിക്കലും മറന്നുപോകരുത്. ഭരണത്തിൽ എത്തിയവർ അന്യായവും അനീതിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ ഇന്നത്തെ അതിന്റെ ശക്തി നഷ്ടപ്പെടുകയും രാഷ്ട്രം നാളെ യഥാർത്ഥമായ ഒരു സമരത്തെ നേരിടേണ്ടിവരികയും ചെയ്യുമ്പോൾ, ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസൃതമായി നമുക്ക് മുന്നോട്ടുപോകാൻ ആകില്ലെന്ന് ഗാന്ധിജി നമുക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ഇവിടെ കോൺഗ്രസ് ഗവൺമെന്റ് പോകുമ്പോൾ വരേണ്ടി യിരുന്നത് ഒരു മതനിരപേക്ഷ ബദലായിരുന്നു. ആ ബദൽ നഷ്ടപ്പെടുത്തിയത് ആരാണ്; ഞങ്ങളാണോ? ഈശ്വരാനുഗ്രഹം കൊണ്ട് എനിക്ക് ഒരു കുഞ്ഞു ണ്ടായി, ഈശ്വരാനുഗ്രഹം തന്നെയാവും എന്റെ കുഞ്ഞിന്റെ കണ്ണ് പോയി എന്ന് പറയുന്നതുപോലെ നമുക്ക് സ്വാതന്ത്ര്യം കിട്ടി, നമ്മുടെ ബാപ്പുവിനെ അവർ വെടിവച്ചുകൊന്നു. ഇന്ത്യയിൽ ഇങ്ങനെ ഒരു പ്രതിലോമശക്തിയു ണ്ടെണ് അപ്പോൾ നിങ്ങൾ തിരിച്ചറിയണമായിരുന്നു. ഈ സ്വാതന്ത്ര്യത്തിന്റെ പ്രശാന്തമായ അന്തരീക്ഷത്തിലും ഇങ്ങനെയൊരു വൈതാളിക ശക്തി, ഒരു പ്രതിലോമകാരിയുടെ ശക്തിയുണ്ടെന്ന് തിരിച്ചറിയണമായിരുന്നു. അങ്ങനെ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ പ്രാസ്ഥാനിക മായ ദുശ്ശാഠ്യങ്ങൾ അവസാനിപ്പിച്ച് റാം മനോഹർ ലോഹ്യയെപ്പോലെ, ആചാ ര്യ നരേന്ദ്രദേവിനെപ്പോലെ, ജയപ്രകാശ് നാരായണനെപ്പോലെയുള്ള മഹത്

നേതാക്കന്മാരുമായി കൈകോർത്ത് പിടിച്ചിരുന്നുവെങ്കിൽ, ഇന്ന് ശരദ് യാദവിനെ പോലെ, മുലായംസിംഗ് യാദവിനെ പോലെ, ലാലുപ്രസാദ് യാദവിനെ പോലെ, നിതീഷ് കുമാറിനെ പോലെ, റാം വിലാസ് പാസ്വാനെ പോലെയുള്ള നേതാക്കളുമായി സഹകരിച്ചിരുന്നുവെങ്കിൽ, ഇന്ത്യയിലെ പാർശ്വവത്കരിക്കപ്പെട്ട അധ:സ്ഥിത വർഗ്ഗങ്ങളുമായി, റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ എന്ന അംബദ്കറുടെ പാർട്ടിയുമായി സഹകരിച്ചിരുന്നുവെങ്കിൽ, ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം മുസ്ലീം ജനങ്ങൾ വേട്ടപ്പട്ടികളെ പോലെ ആക്രമിക്കപ്പെട്ട ഒരു കാലമുണ്ട് – അന്ന് ഈ ന്യൂനപക്ഷങ്ങളുമായി താദാത്മ്യം പ്രാപിച്ചിരുന്നുവെങ്കിൽ, ഗാന്ധിജി പറഞ്ഞിരുന്നതുപോലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നാളെ ഒരു കാലത്ത് തകരുമ്പോൾ അതിന് ബദലായി ഒരു ജനായത്ത, മതനിരപേക്ഷ ബദൽ വരുമായിരുന്നു. നിങ്ങളാണ് ആ കുഴപ്പമുണ്ടാക്കിയത്. നിങ്ങളാണ് ആ ബദൽ തകർത്തത്. ഇനിയും സമയം വൈകിയിട്ടില്ല. ഈ സമയം ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. ഒരുപക്ഷേ അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്ന് അറിയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടികളടക്കം എല്ലാവരും ആലോചിക്കേണ്ട ഒരു കാര്യമുണ്ട്, കേരളവും ത്രിപുരയും ഒഴികെയുള്ള സ്ഥലങ്ങളിൽ കോൺഗ്രസിനെ നിങ്ങൾ സഹായിക്കുകയാണ് വേണ്ടത്. ഇവിടെ ഇന്ത്യയിൽ ......................

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കോൺഗ്രസ്സിനെ ഒഴിവാക്കി രാജ്യത്തൊരു കോൺഗ്രസ്സിതര, ബി.ജെ.പി.ഇതര മതേതരത്വ ഇടതുപക്ഷ ജനാധിപത്യ ബദൽ ഉണ്ടാക്കണമെന്നല്ലേ അങ്ങ് പറഞ്ഞുവരുന്നത്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ശ്രീ. മുല്ലക്കര രത്നാകരൻ, ഇതു വളരെ വ്യക്തമാണ്. ജനായത്ത സംവിധാനമെന്നു പറയുന്നത് ഏകകക്ഷി ഭരണമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല, എന്റെ പാർട്ടി വിശ്വസിക്കുന്നില്ല.

1967–ൽ കോൺഗ്രസ്സിന് ബദലുണ്ടാകണമെന്ന് തീരുമാനമെടുത്ത രാഷ്ട്രീയ കക്ഷിയാണ് ഞങ്ങൾ. പക്ഷേ, ഞങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ആരോ പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ്. ബീഹാറിൽ എങ്ങനെയാണ് **ബി.എൻ.പി.** ഗവൺമെന്റുണ്ടായത്; **ബി.എൻ.പി.** കക്ഷി എങ്ങനെയുണ്ടായി? ആ മുന്നണിയിൽ സി.പി.ഐ. ഉണ്ടായിരുന്നു. 1967–ൽ ബീഹാറിലുണ്ടായ രാഷ്ട്രീയ പരീക്ഷണമാണ് ബീഹാർ മിലിട്ടറി പോലീസിനെ വർഗ്ഗീയവൽക്കരിച്ചത്. നമ്മൾ അത് മറന്നുകളയരുത്. ഇവിടത്തെ പ്രശ്നമെന്താണ്, ഇന്നലെയും ഇന്നുമായി നടന്ന ചർച്ചകൾ ഞാൻ ശ്രദ്ധിച്ചു. ഇവിടെയെല്ലാം വ്യക്തിനിഷ്ഠമാണ്. എന്റെയൊരു അഭിപ്രായം വ്യഷ്ടിയിൽ നിന്ന് സമഷ്ടിയിലേയ്ക്ക് നമ്മൾ അല്പം യാത്ര ചെയ്യേണ്ടതുണ്ട് എന്നാണ്. വ്യക്തിത്വത്തിന്റെ അപ്പുറത്ത്, ഒരു സാമൂഹിക തലത്തിലേയ്ക്കാണ് നമുക്ക് പോകേണ്ടത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനോട് ഇഞ്ചോടിഞ്ച് പൊരുതാൻ ശേഷിയുള്ള ഒരു മതനിരപേക്ഷ ജനായത്ത ബദൽ വരണമെന്നാണ് ഞാൻ പറയുന്നത് അത് നിങ്ങളുടെ പ്രാസ്ഥാനികമായ ദുശ്ശാഠ്യം കൊണ്ട് സാധിക്കുകയില്ല. കെജരിവാൾ കേവലമൊരു പ്രതികരണം മാത്രമാണ്, അല്ലാതെ ശാശ്വതമായ സത്യമല്ല. ഇൻഡ്യയിലെ ജനങ്ങൾ നൽകുന്ന ഒരു പാഠമുണ്ട്. കോൺഗ്രസ്സിന് ബദലായി എവിടെയെങ്കിലുമൊരു ബദൽ വന്നാൽ അതിനെ ഇൻഡ്യയിലെ ജനങ്ങൾ സഹായിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി എന്റെ രാജ്യത്തിന്റെ പ്രഗല്ഭയായ പ്രധാനമന്ത്രിയായിരുന്നു. ഈ രാജ്യത്തിനുവേണ്ടി ചോര കൊടുത്തവരാണ് അവർ. ആ ഇന്ദിരാജിയെ തോൽപ്പിക്കാൻ കഴിഞ്ഞവരാണ് ഈ രാജ്യത്തെ ജനങ്ങൾ എന്നു മറക്കരുത്. മഹാരാഷ്ട്രയിൽ കോൺഗ്രസ്സിനെതിരെ ശരദ് പവാർ വന്നില്ലേ; കർണ്ണാടകയിൽ ദേവരാജ് അരശ് വന്നില്ലേ; പഞ്ചാബിൽ അകാലി

ദളും ജമ്മു കാശ്മീരിൽ നാഷണൽ കോൺഫറൻസും തമിഴ്നാട്ടിൽ അണ്ണാ ഡി.എം.കെ.യും ഡി.എം.കെ.യും വന്നില്ലേ; കേരളത്തിൽ ഇടതുമുന്നണി വന്നില്ലേ; ഇൻഡ്യയിലെ ജനങ്ങൾ ഈ ബദലിന് അനുകൂലമാണ്. പക്ഷേ ആ ബദലുണ്ടാക്കാൻ നിങ്ങളുടെ തടസ്സമെന്നുപറയുന്നത് നിങ്ങളോട് സഹകരിക്കാൻ ആരുമില്ല എന്നുള്ളതാണ്. നിങ്ങളുടെ കൂടെയുള്ള ചന്ദ്രബാബു നായിഡു ബി.ജെ.പി ക്യാമ്പിലേക്ക് പോകും. നിങ്ങളുടെ കൂടെ വന്ന മറ്റൊരാൾ ദേവഗൗഡയാണ്. ദേവഗൗഡയെ പ്രധാനമന്ത്രിയാക്കിയ അന്ന് ഈ രാജ്യത്തിന് ക്ഷീണം സംഭവിച്ചുവെന്നതാണ് സത്യം.

ശ്രീ. സി. കെ. നാണു: സർ,.......

മി. ചെയർമാൻ: വഴങ്ങാനുള്ള സമയമില്ല. ബഹുമാനപ്പെട്ട അംഗം പോയിന്റ് പൂർത്തിയാക്കി പ്രസംഗം അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട സി .കെ. നാണു, ഞാൻ പഠിച്ചിട്ടാണ് പറയുന്നത്. അല്ലാതെ രാഷ്ട്രീയ പ്രസംഗം നടത്തി എനിക്ക് ശീലമില്ല. ചർച്ചകൾ കേട്ടപ്പോൾ ഞാനത് പറഞ്ഞുവെന്നേയുള്ളൂ. ശ്രീ. ദേവഗൗഡയുടെ മകൻ ശ്രീ. കുമാരമംഗലം കർണ്ണാടക നിയമസഭയിൽ ബി.ജെ.പി യുമായി എന്തിന് കൂട്ടുകെട്ടുണ്ടാക്കി, കരാറുണ്ടാക്കിയതിനുശേഷം ആ കരാർ എന്തിന് ലംഘിച്ചു? അങ്ങനെ കർണ്ണാടക രാഷ്ട്രീയത്തെ വിഷലിപ്തമാക്കിയത് നിങ്ങളാണ്, ദേവഗൗഡയാണ്, കുമാരസ്വാമിയാണ്, അത് നിഷേധിക്കാനാവില്ല. ഇവിടെ കാര്യങ്ങൾ വളരെ വ്യക്തമാണ്. കോൺഗ്രസ്സിന് ബദലായി ഒരു ജനായത്ത മതനിരപേക്ഷ ബദൽ കൊണ്ടു വരുന്നതിന് സാധ്യമല്ലാത്ത സാഹചര്യമുണ്ടെങ്കിലും കെജരിവാൾ നൽകുന്ന മുന്നറിയിപ്പ് ഇൻഡ്യയിലെ ചെറുപ്പക്കാർ ഒരു മാറ്റത്തിനു വേണ്ടി ആഗ്രഹിക്കുന്നു എന്നുള്ളതാണ്. ആ മാറ്റം കൊണ്ടു വരണമെ

ങ്കിൽ ഗാന്ധിജി പറഞ്ഞതുപോലെ രാജ്യത്തെ പുനസംഘടിപ്പിക്കാൻ ഞാനും നിങ്ങളും മുന്നോട്ട് വരണം. അതിന് നിങ്ങളുടെ പ്രാസ്ഥാനികമായ ദുശ്ശാഠ്യങ്ങൾ മാറ്റിവച്ച് പ്രായോഗികമായൊരു സമീപനം സ്വീകരിക്കണം. സോഷ്യൽ ഡെമോക്രാറ്റിക് കക്ഷിയുടെ എല്ലാ പ്രവർത്തനവും നിങ്ങൾ നടത്തുന്നുണ്ട്. പക്ഷേ നിങ്ങൾ അത് സമ്മതിക്കുന്നില്ല. ഒരു സോഷ്യൽ ഡെമോക്രാറ്റിക് സെറ്റപ്പ് കൊണ്ടുവന്ന് രാജ്യത്തെ രക്ഷിക്കാൻ, വൈകിയ വേളയിലെങ്കിലും മുന്നോട്ടു വരാൻ ഈ നയപ്രഖ്യാപനം നമുക്ക് പ്രചോദനം നൽകുന്നു എന്നുള്ളതാണ് സത്യം. ഈ നയപ്രഖ്യാപന പ്രസംഗത്തിന് എന്റെ നാട്ടുകാരൻ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നിങ്ങൾക്ക് അഭിവാദ്യങ്ങൾ.

<u>ശ്രീ. പി. തിലോത്തമൻ</u>: ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. കഴിഞ്ഞ രണ്ടരവർഷക്കാലത്തെ യു.ഡി.എഫ് ഭരണം കൊണ്ട് കേരളത്തിന്റെ ഭരണരാഷ്ട്രീയ രംഗമാകെ അങ്ങേയറ്റം മലീമസമാക്കപ്പെട്ടു എന്നുള്ളതാണ് പിന്നോട്ട് തിരിഞ്ഞുനോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത്. ജനാധിപത്യവ്യവസ്ഥ ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളെയാകെ തല്ലിക്കൊഴിച്ച അനുഭവങ്ങളാണ് കഴിഞ്ഞകാലങ്ങളിൽ നമുക്കിവിടെ കാണാൻ കഴിയുന്നത്. യു.ഡി.എഫ് എന്നത് രാഷ്ട്രീയ പാർട്ടികളുടെ ഒരു കൂട്ടുകെട്ടാണോ എന്ന് ചോദിച്ചില്ലാൽ അല്ലേയല്ല എന്ന് ഇതിനകം നമുക്ക് ബോധ്യമായിട്ടുണ്ട്. കേരളത്തിലെ ജാതിമത പ്രസ്ഥാനങ്ങളുടെ ഒരു ഫെഡറേഷനായി യു.ഡി.എഫ് മാറി എന്നുള്ളതാണ് സത്യം. കഴിഞ്ഞ രണ്ടര വർഷക്കാലം അതുമായി ബന്ധപ്പെട്ട എത്രയോ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഓരോ മന്ത്രിയേയും നിയമിക്കുമ്പോൾ, അവർ ഏത് മതത്തിന്റെ, ഏത് ജാതിയുടെ, ഏത് വിഭാഗത്തിന്റെ എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു നിയമി

ച്ചിരുന്നത്. അഞ്ചാം മന്ത്രി വിവാദവും മറ്റു കാര്യങ്ങളും ശ്രീ. എ.കെ. ബാലൻ സൂചിപ്പിച്ചതുകൊണ്ട് ഞാനതിലേക്ക് കടക്കുന്നില്ല. സർക്കാരിന്റെ നയങ്ങളും പരിപാടികളും ഞാനുമായി ആലോചിക്കുന്നില്ല എന്ന് പറഞ്ഞത് കെ. പി. സി.സി അദ്ധ്യക്ഷനാണ്. കോൺഗ്രസ്സിനുള്ളിൽ ഐക്യമില്ല. എ, ഐ ഗ്രൂപ്പു കൾ മാത്രമല്ല എത്രയോ ഗ്രൂപ്പുകളുടെ കലവറയാണ് കോൺഗ്രസ് എന്നത് ഇക്കാലത്തെ അനുഭവങ്ങൾകൊണ്ടുതന്നെ ജനങ്ങൾക്കു ബോധ്യപ്പെട്ടിട്ടുണ്ട്. കോൺഗ്രസ് അദ്ധ്യക്ഷൻ തന്നെ അത് പരസ്യമായി പറയുകയുമുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിക്ക് അദ്ദേഹത്തിന്റെ വഴിയെന്നും എനിക്ക് എന്റെ വഴിയെന്നും പറഞ്ഞത് നമ്മളാരുമല്ല, അദ്ദേഹം തന്നെയാണ്. സംസ്ഥാന മാകെ നാണംകെട്ട അഴിമതിയാരോപണങ്ങൾ ഉയരുന്ന സന്ദർഭങ്ങളിലെല്ലാം നിയമത്തിന് നിയമത്തിന്റെ വഴിയെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ നിയമം നിയമത്തിന്റെ വഴിക്ക് പോയതല്ല കേരളം കണ്ടത്. സത്യം പറ ഞ്ഞാൽ, ജനമാണ് പെരുവഴിയായത്. തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നിയമത്തെ എല്ലാ അർത്ഥത്തിലും അണകെട്ടി, ചിറകെട്ടി തടഞ്ഞുനിർത്താൻ ഭരണകൂടം എത്ര നിർലജ്ജം പ്രവർത്തിച്ചു എന്നുള്ളത് നമുക്കെല്ലാം ബോദ്ധ്യമായതാണ്. യു.ഡി.എഫ്. മന്ത്രിസഭയിലെ അംഗങ്ങൾ കൈക്കൂലിക്കാരും അഴിമതിക്കാരുമാണെന്ന് ഗവൺമെന്റ് ചീഫ് വിപ്പ് പരസ്യ മായി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഇപ്പോഴുമത് തുടർന്നുകൊണ്ടിരി ക്കുകയാണ്. സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നു. എന്നാൽ സൈബർ കുറ്റകൃത്യങ്ങളുടെ പേരിൽ ഒരാൾപോലും ശിക്ഷിക്കപ്പെട്ടിട്ടില്ല. കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2013 ഒക്ടോബർ വരെ 1458 കേസുകൾ രജിസ്റ്റർ ചെയ്തു, ഇത് സർവ്വകാല

റെക്കോർഡാണ്. അതിലധികവും പീഡനക്കേസുകളാണ്. കുപ്രസിദ്ധി നേടുന്ന കേസുകളിലെല്ലാം ഭരണപക്ഷവുമായുള്ള ബന്ധമാണ് വെളിവാകുന്നത്. സ്വർണ്ണക്കള്ളക്കടത്ത്, സോളാർ തട്ടിപ്പ്, മെഡിക്കൽ സീറ്റ് തട്ടിപ്പ് ഇതിലെല്ലാം പ്രധാന വേഷം കെട്ടിയത് മഹിളകളാണ്. മഹിളാമണികൾ ചരടുവലിക്കുന്ന തട്ടിപ്പു കേസുകളിലെല്ലാം കൊമ്പനുപിന്നാലെ പിട എന്ന പോലെ ഭരണകക്ഷിയിലെ ചില യുവകേസരികളെയാണ് നമുക്ക് കാണാൻ കഴിയുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളം കേന്ദ്രീകരിച്ച് വർഷങ്ങളായി നടന്നുവരുന്ന മനുഷ്യക്കടത്തിലും ഭരണതലത്തിലെ ബന്ധങ്ങളെക്കുറിച്ചാണ് പറഞ്ഞുകേൾക്കുന്നത്. രണ്ടര വർഷക്കാലത്തെ യു.ഡി.എഫ്. ഭരണം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗമാകെ താറുമാറാക്കി. കേന്ദ്രം കനിഞ്ഞരുളിയില്ലെങ്കിൽ ഇനി അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റ് അങ്ങേയറ്റം കുളമാകും എന്നാണ് മാധ്യമങ്ങളെല്ലാം എഴുതുന്നത്. കരാറുകാർക്കെല്ലാം കുടിശ്ശികയാണ്. സർക്കാരിന്റെ ഒരു നിർമ്മാണ പ്രവർത്തനവും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. പി.എസ്.സി. റാങ്ക്ലിസ്റ്റിനെ അഭയം പ്രാപിച്ചിരിക്കുന്ന യുവതീയുവാക്കൾ മോഹഭംഗങ്ങളിൽപ്പെട്ട് വല്ലാതെ വിഷമിക്കുന്ന കാഴ്ചയാണ് കാണുന്നത്. നിയമനങ്ങൾക്കെല്ലാം മൊറട്ടോറിയം ഏർപ്പെടുത്തിയിരിക്കുകയാണ്. ചെറുപ്പക്കാരുടെ സ്വപ്നങ്ങൾ ഇവിടെ വാടിക്കരിയുകയാണ്. സംസ്ഥാനങ്ങളോട് കേന്ദ്രഗവൺമെന്റ് കാണിക്കുന്ന അവഗണനയോടു കൂടിയ നയങ്ങൾ തിരുത്തുന്നതിനായി ഒരുമിച്ച് നിൽക്കാൻ കേരളത്തിലെ യു.ഡി.എഫിനോ പ്രതിപക്ഷത്തെയാകെ ഒരുമിച്ചു നിർത്തിക്കൊണ്ട് ഈ സഭയ്ക്കോ മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. എപ്പോഴൊക്കെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം സർക്കാർ ജീവനക്കാരന്റെ പോക്കറ്റിൽ കൈവച്ചിട്ടുള്ള

അനുഭവമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ കാലത്തെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് കവലച്ചട്ടമ്പിമാരെപ്പോലെ നാൽക്കവലകളിൽ വച്ച് ജീവനക്കാരെ തടഞ്ഞു നിർത്തിക്കൊണ്ട് അവന്റെ പോക്കറ്റടിച്ചത്. അന്ന് മുഴുവൻ ജീവനക്കാരും ഒരു കൊടിക്കീഴിൽ അണിനിരന്ന് സമരം ചെയ്ത് അത് പിടിച്ചെടുത്തു. എന്നാലും പൂർണ്ണമായ അളവിൽ എല്ലാ ആനുകൂല്യങ്ങളും നേടിക്കൊടുക്കാൻ കഴിഞ്ഞത് എൽ.ഡി.എഫ് അധികാരത്തിൽ വന്നപ്പോൾ മാത്രമാണ്. ഇപ്രാവശ്യവും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സർക്കാർ ജീവനക്കാരന്റെ ആനുകൂല്യങ്ങൾക്കു പുറത്താണ് കൈ വച്ചത്. 2013 ഏപ്രിൽ ഒന്നു മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനില്ല, പങ്കാളിത്ത പെൻഷനാണ്. പങ്കാളിത്തപെൻഷൻ വിഹിതം പിടിച്ചിട്ട് ഏത് അക്കൗണ്ടിലാണ്, ഏത് ഫണ്ടിലാണ് നിക്ഷേപിക്കുന്നതെന്ന് സർക്കാർ മറുപടി പറയേണ്ടതാണ്. ക്ഷേമപദ്ധതികളാകെ തകരുകയാണ്. മണ്ണിലും ചേറിലും പണിയെടുക്കുന്ന കർഷകത്തൊഴിലാളികളുടെ പെൻഷൻ കഴിഞ്ഞ രണ്ടര വർഷമായി ഒരു നയാപൈസപോലും കൊടുക്കാതെ കുടിശ്ശികയാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്ത, ഒരു ചായ കുടിക്കാൻ പോലും നിവൃത്തിയില്ലാത്ത കർഷകത്തൊഴിലാളികൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരമിരിക്കേണ്ടി വരുന്ന അവസ്ഥയാണ്. എല്ലാ പരമ്പരാഗത വ്യവസായങ്ങളും തകരുകയാണ്. മദ്യത്തിൽ കേരളം മുങ്ങുമ്പോഴും കള്ളുചെത്ത് വ്യവസായം തകരുകയാണ്. കള്ളുചെത്ത് വ്യവസായത്തിൽ പണിയെടുത്തിരുന്ന ആയിരക്കണക്കായ ആളുകൾ തൊഴിലില്ലാത്തവരായി മാറുകയാണ്. കയർ വ്യവസായം ഏറ്റവും വലിയ തകർച്ചയെ നേരിടുകയാണ്. കയർ വ്യവസായങ്ങൾ മിക്ക

വാറും തമിഴ്നാട്ടിലേക്കായി എന്നതാണ് സത്യം. മത്സ്യബന്ധന മേഖലയും വലിയ പ്രയാസങ്ങൾ നേരിടുകയാണ്. മണ്ണെണ്ണ കിട്ടാക്കനിയായി മാറിയപ്പോൾ മത്സ്യബന്ധന യാനങ്ങൾ കടലിലിറക്കാൻ നിവൃത്തിയില്ലാതെ കണ്ണീരും കയ്യുമായി ജീവിക്കേണ്ടിവരുന്ന അവസ്ഥയാണ് മത്സ്യത്തൊഴിലാളികൾക്കുള്ളത്. പാവങ്ങളുടെ ഭവന നിർമ്മാണ പദ്ധതി ഇവിടെയുണ്ടായിരുന്നതല്ലേ. കേന്ദ്രഗവൺമെന്റ് കൈയയച്ച് സഹായിക്കുന്ന ഐ.എ.വൈ പദ്ധതിയിൽ വീടുവയ്ക്കുന്നതിന് പാവപ്പെട്ടവന് 70,000 രൂപയുടെ സഹായം നൽകിയിരുന്നത് രണ്ടു ലക്ഷമാക്കിയെന്ന് പലപ്പോഴും വീരവാദം മുഴക്കുന്നവർ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്.

ഐ.എ.വൈ പദ്ധതി പ്രകാരം കഴിഞ്ഞ രണ്ടര വർഷക്കാലംകൊണ്ട് എത്ര വീടുകളാണ് നിങ്ങൾ നിർമ്മിച്ചുകൊടുത്തത്? 1106.26 കോടി രൂപ ലാപ്സാകാൻ പോകുകയാണ്. 55318 പേരെ അർഹരായി തെരഞ്ഞെടുത്തെങ്കിലും ഒരാൾക്കുപോലും വീട് നിർമ്മിച്ചുകൊടുക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. അതിൽ പട്ടികജാതിക്കാർ – 25860, ന്യൂനപക്ഷക്കാർ – 26100, പൊതു വിഭാഗത്തിലുള്ളവർ – 3335. അർഹതപ്പെട്ട ആളുകളുടെ സ്വപ്നങ്ങൾ ഇവിടെ വാടിക്കരിയുകയാണ്. ഇങ്ങനെയാണ് പോകുന്നതെങ്കിൽ വരാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പിൽ വട്ടപ്പൂജ്യമായിരിക്കും ഫലമെന്ന് ഭരണ കക്ഷി നേതാക്കൾതന്നെ പറയുകയാണ്. ഞാൻ അത്തരം കാര്യങ്ങളെക്കുറിച്ച് ദീർഘമായൊന്നും സൂചിപ്പിക്കുന്നില്ല. നമ്മുടെ സംസ്ഥാനം ഇതുപോലെ സാമ്പത്തികമായി തകർന്ന ഒരു സന്ദർഭം ഉണ്ടായിട്ടില്ല. ആധുനിക വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും തകർന്ന് അടച്ചുപൂട്ടേണ്ട അവസ്ഥയിലെത്തി നിൽക്കുകയാണ്. നിർമ്മാണ മേഖലയുൾപ്പെടെയുള്ളവ

വലിയ പതനത്തിലേക്ക് നീങ്ങുമ്പോൾ ജീവിക്കാൻ നിവൃത്തിയില്ലാതെ അവിടെ പണിയെടുത്തുകൊണ്ടിരുന്ന ആളുകൾ നെട്ടോട്ടമോടുന്ന കാഴ്ച യാണ് കാണാൻ സാധിക്കുന്നത്. രാവിലെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിൽ വിലക്കയറ്റത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഭയങ്ക രമായ വിലക്കയറ്റത്തിന്റെ മഹാപ്രളയത്തിൽ ജനങ്ങളാകെ മുങ്ങിത്താഴു മ്പോൾ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി മുഖ്യമന്ത്രി നടത്തുന്ന ജാലവിദ്യയാണ് ജനസമ്പർക്ക പരിപാടി. ജനസമ്പർക്ക പരിപാടിയിൽ പോകു ന്നവരുടെ സ്ഥിതി എന്താണ്? എന്റെ മണ്ഡലത്തിൽ നിന്ന് മരണം കാത്ത് കഴിയുന്ന ഒരു സ്ത്രീയെ കട്ടിലിൽ ചുമന്ന് അവിടെ കൊണ്ടുപോയി, അതു പോലെ തിരിച്ചു കൊണ്ടുവരികയും ചെയ്തു. ഒരു രൂപ പോലും അനുവദി ച്ചില്ല എന്നാണ് അവർ പറഞ്ഞത്. എന്തിനിങ്ങനെ വേഷം കെട്ടുന്നു? എം. എൽ.എ. മാരായ ഞങ്ങൾപോലും വിഷമിക്കുകയാണ്. ഞങ്ങളുടെ മണ്ഡല ത്തിലെ വികസന കാര്യങ്ങളെക്കുറിച്ചന്വേഷിക്കാനായി ഓരോ ഓഫീസിലും പോകുമ്പോൾ ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതല്ലാതെ ഒരു കാര്യത്തിനും തീർപ്പുണ്ടാകാത്ത അവസ്ഥയാണുള്ളത്. ഞങ്ങൾ വഴി നൽകുന്ന ചികിത്സാ ധനസഹായത്തിനുപോലും മൂന്നും നാലും മാസങ്ങൾ കഴിഞ്ഞിട്ടും ഒരു തീർപ്പുണ്ടാക്കാൻ സാധിക്കുന്നില്ല. എന്താണ് ഇവിടെ നട ക്കുന്നത്? ഇവിടെയൊരു ഭരണമുണ്ട് എന്നവസ്ഥ പോലും ഇല്ലാത്ത രീതി യിൽ വല്ലാത്ത ഒരു നിസ്സംഗതയാണ് ഏതു രംഗത്തും അനുഭവപ്പെടുന്നത്. എല്ലാ പ്രകാരത്തിലും ജനങ്ങൾ ദുരിതക്കയത്തിൽ മുങ്ങിത്താഴുമ്പോൾ ഈ ഭരണം നിർലജ്ജം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുള്ളത്, നിങ്ങൾ എന്നെ എത്ര നാണംകെടുത്തിയാലും അധികാരം വിട്ടൊഴിയുന്ന പ്രശ്നമില്ല എന്നാണ്. ഇൻഡ്യയിലെ ഏതെങ്കിലും

ഭരണാധികാരി അങ്ങനെ പറഞ്ഞിട്ടുണ്ടോ? മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി യിൽനിന്നുമാത്രമാണ് ഇത് കേൾക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ പ്രസംഗം ഞാൻ നിർത്തുന്നു.

ശ്രീ. പി.റ്റി.എ. റഹീം : സർ, ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കാരണം, കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ കാര്യമൊഴികെ മറ്റൊരു കാര്യത്തിലും പ്രതിപക്ഷത്തുനിന്നുള്ള ഒരാളുടെ പ്രസംഗത്തിലും അനുകൂലിച്ചതായി കണ്ടില്ല. ഈ ഗവൺമെന്റിന് ആകെ ഉയർത്തിക്കാണിക്കാനുള്ള വിഷയം കാരുണ്യ ബെനവലന്റ് ഫണ്ട് മാത്രമാണ്. ഗവർണ്ണർ ശ്രീ. നിഖിൽ കുമാർ നടത്തിയ പ്രസംഗത്തിലെ പേജ് 11-ൽ ക്ഷീരമേഖലയെ സംബന്ധിച്ച് പറയുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ ഒരു മാസമായി കാലിച്ചന്തകൾ മുഴുവനും നിശ്ചലമായിരിക്കുകയാണ്. കേരള ത്തിലെ ജനങ്ങളുടെ മുഖ്യ ആഹാരങ്ങളിലൊന്നായ മാംസം ലഭിക്കാനില്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. കുളമ്പു രോഗത്തിന്റെ പേരിൽ കാലികളെ ഇറക്കുമതി ചെയ്യുന്നത് നിരോധിച്ചതുമൂലം നിരവധി ആളുകൾ പട്ടിണിയിൽ അകപ്പെട്ടിട്ടുള്ള ഒരു സാഹചര്യമാണ് ഇവിടെയുള്ളത്. ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ കാര്യമായ ഒരു പരിഹാര മാർഗ്ഗവും ഉണ്ടാക്കാൻ സാധിച്ചിട്ടി ല്ല. ശ്രീ. പി. തിലോത്തമൻ ഐ.എ.വൈ. പദ്ധതികളെക്കുറിച്ച് പറഞ്ഞപ്പോൾ, ന്യൂനപക്ഷത്തിന് 26000 വീടുകൾ കൊടുക്കാൻ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, ന്യൂനപക്ഷത്തിനുള്ള 26000 വീടുകൾ കൊടുക്കുന്നത് പ്രയാസമാണെന്നാണ് ഗവൺമെന്റ് സൂചിപ്പിച്ചത്. അങ്ങനെ

ചെയ്താൽ സാമൂഹ്യമായ അസന്തുലിതാവസ്ഥയ്ക്ക് വഴി തെളിയിക്കുമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നൽകിയിട്ടുള്ള ഒരു കത്തിൽ ഗവൺമെന്റ് സൂചിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നയങ്ങളെ ഞാൻ എതിർക്കുകയാണ്. അടുത്തുതന്നെ ഇവിടെ ഒരു തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. ഇവിടെ എല്ലാവരും പറയുന്നത് ശ്രീ. നരേന്ദ്ര മോഡി വരാതിരിക്കാൻ കോൺഗ്രസ്സിനെ സഹായിക്കണമെന്നാണ്. ഗുജറാത്ത് കലാപത്തിന്റെ സിമ്പലായി ലോകം അംഗീകരിച്ചിട്ടുള്ള കുത്തബ്ദീൻ അൻസാരി കോഴിക്കോട്ട് വന്നപ്പോൾ പറഞ്ഞത്, ബി.ജെ.പി. യും കോൺഗ്രസ്സും തമ്മിൽ ഒരു വ്യത്യാസവും കാണാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല എന്നാണ്. അത് വളരെ ശരിയായ ഒരു കാര്യമാണ്. ഗുജറാത്തിലെ മുഖ്യമന്ത്രി ശ്രീ. നരേന്ദ്ര മോഡി ഇൻഡ്യാരാജ്യത്തിന്റെ പ്രധാനമന്ത്രി ആവാൻ ശ്രമിക്കുന്നത് അവിടെയുള്ള ന്യൂനപക്ഷങ്ങളെ വംശഹത്യ ചെയ്ത സംഭവം ഉയർത്തിക്കാട്ടിയാണ്. കോൺഗ്രസ്സും ചെയ്തത് ഇതുതന്നെയാണ്. ഡൽഹിയിലുള്ള ആയിരങ്ങളായ ന്യൂനപക്ഷങ്ങളെ കൊല്ലുന്നതിൽ കോൺഗ്രസ്സ് മുഖ്യമായ പങ്കു വഹിച്ചിട്ടുണ്ട്. അങ്ങനെയുള്ള കോൺഗ്രസ്സിന്റെ ജനപ്രതിനിധികളാണ് ഗുജറാത്തിൽ നടന്ന വംശഹത്യയിലും മോഡിയോട് ഒപ്പം നിന്നത്. ഈ രണ്ട് കക്ഷികൾ തമ്മിൽ ഒരു വ്യത്യാസവും കാണാൻ സാധിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഐ.എ.വൈ. പദ്ധതികളെ സംബന്ധിച്ച് പറഞ്ഞു. ഐ.എ.വൈ പദ്ധതി സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന ന്യൂനപക്ഷ വികസനപദ്ധതികളെ സംബന്ധിച്ചും നരേന്ദ്ര മോഡി വ്യത്യസ്തമായ ഒരു നിലപാടാണെടുത്തിരിക്കുന്നത്. ന്യൂനപക്ഷ വികസന പദ്ധതികൾ സാമൂഹ്യമായ അസന്തുലിതാവസ്ഥ ഉണ്ടാക്കുമെന്നാണ് നരേന്ദ്ര മോഡി പറഞ്ഞത്. ഇത് സംബന്ധിച്ച് അദ്ദേഹം

ഗുജറാത്ത് ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തു, അവിടെ പരാജയപ്പെട്ടു. അദ്ദേഹം ഹൈക്കോടതി വിധിക്കെതിരായി സുപ്രീംകോടതിയിൽ ഇപ്പോൾ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള പതിനഞ്ചിന പരിപാടി നടപ്പാക്കിയാൽ സാമുദായികമായ അസന്തുലിതാവസ്ഥ ഉണ്ടാക്കുമെന്നാണ് അദ്ദേഹം പറയുന്നത്. ന്യൂനപക്ഷങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ള ഐ.എ.വൈ. വീടുകൾ നടപ്പാക്കിയാൽ അത് സാമുദായികമായ അസന്തുലിതാവസ്ഥ ഉണ്ടാക്കുമെന്നാണ് കേരള ഗവൺമെന്റും പറയുന്നത്. ഇവർ തമ്മിൽ എന്താണ് വ്യത്യാസം? ഇപ്പോൾ കേരളാ ഗവൺമെന്റ് പറയുന്നത് ശ്രീ. നരേന്ദ്ര മോഡി സുപ്രീംകോടതിയിൽ കൊടുത്ത കേസ്സിൽ കക്ഷി ചേരും എന്നാണ്. കക്ഷി ചേർന്നാലുണ്ടാകുന്ന പ്രശ്നം, കേരള ഗവൺമെന്റിന്റെ ഉത്തരവ് മോഡി സുപ്രീംകോടതിയിൽ ഹാജരാക്കും. അങ്ങനെ ഞാൻ മാത്രമല്ല കേരളവും ഇതുതന്നെയാണ് പറയുന്നത് എന്ന് സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിക്കും. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത്, ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഇവിടെ പറഞ്ഞതുപോലെ മൂന്നാം ശക്തി വരുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അതുകൊണ്ട് ഒരു മൂന്നാമത്തെ ഒരു ശക്തി വളർന്നുവരണം എന്നുള്ള ശ്രീ. അഹമ്മദ് കബീറിന്റെ ധാരണയോട് ഞാൻ യോജിക്കുകയാണ്.

ശ്രീ. കെ. എൻ.എ. ഖാദർ : അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. പി. റ്റി. എ. റഹീം : അദ്ദേഹം അങ്ങനെ തന്നെയാണ് പറഞ്ഞത്. അഹമ്മദ് കബീർ പറഞ്ഞതിനെ ഞാൻ പിന്താങ്ങുകയാണ്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ സമരങ്ങളൊക്കെ പരാജയപ്പെട്ടു എന്നു പറയുന്നു. ക്വിറ്റ് ഇൻഡ്യാ സമരം വിജയമായി

രുന്നോ, പരാജയമായിരുന്നോ? കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികൾ ഓരോ വർഷവും ക്വിറ്റ് ഇൻഡ്യാ ദിനം ആഘോഷിക്കുന്നുണ്ട്. തോറ്റ സമരം എന്തിനാണ് ആഘോഷിക്കുന്നത്? പരാജമായിരുന്നെങ്കിലും ക്വിറ്റ് ഇൻഡ്യാ സമരം ഉയർത്തിവിട്ട ചിന്തയാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് കാരണമായതെന്ന് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഏതെങ്കിലും ഒരു സമരം തോറ്റു എന്നു പറയുന്നതിലൊന്നും ഒരർത്ഥവുമില്ല, ഒരു സമരവും തോറ്റിട്ടില്ല. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ അതിന്റെ പ്രതിഫലനമുണ്ടാകുമെന്നുള്ള കാര്യമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ പ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കഴിഞ്ഞ രണ്ടര വർഷക്കാലം നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിന് യു.ഡി.എഫ്. ഗവൺമെന്റ് നൽകിയ സംഭാവന എത്ര വലുതായിരുന്നുവെന്ന് ഏറ്റവും നന്നായി മനസ്സിലാക്കിയത് ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. അതുകൊണ്ടാണ് ഇത് ചർച്ച ചെയ്യാതിരിക്കാൻ സമര മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് ബോധപൂർവ്വമായ ശ്രമം നടത്തിയത്. ഈ ശ്രമങ്ങളെല്ലാംതന്നെ കാറ്റഴിച്ചുവിട്ട ബലൂൺ പോലെയായി. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ജനങ്ങൾ അംഗീകരിക്കുന്ന മുഖ്യമന്ത്രിയുടെ സഞ്ചാരപഥത്തിന് തടസ്സം സൃഷ്ടിക്കുന്നത് ജനങ്ങളെ തങ്ങൾക്ക് എതിരാക്കുമെന്ന ചിന്താഗതി ഇപ്പോഴെങ്കിലും അവർക്കുണ്ടായി എന്നുള്ളതിൽ തീർച്ചയായും നമുക്ക് സന്തോഷിക്കാം. പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ഇത്രയേറെ

അനുകമ്പ കാണിച്ചൊരു ഗവൺമെന്റ് കേരളത്തിലുണ്ടായിട്ടില്ല. ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ഇവിടെ നടക്കുന്ന വിമർശനങ്ങൾ കേൾക്കുമ്പോൾ അതീവ ദു:ഖമാണ് തോന്നുന്നത്. ഒരു പക്ഷേ, നിങ്ങൾക്കതിൽ പങ്കെടുക്കാൻ കഴിയാത്തതുകൊണ്ടാകാം അതിനെ വിമർശിക്കുന്നത് എന്ന് ഞാൻ മനസ്സി ലാക്കുന്നു. പതിനായിരക്കണക്കിന് ആളുകളുടെ സ്നേഹവും വാത്സല്യവും ഒരു ഭരണാധികാരി നേരിൽ പോയി ഏറ്റുവാങ്ങി എന്നു പറഞ്ഞാൽ അതിനെ നിസ്സാരവത്ക്കരിച്ച് കാണുന്നത് ശരിയല്ല. അവർക്ക് ലഭിച്ച സഹായം ഈ ഗവൺമെന്റിനെയും പ്രത്യേകിച്ച് മുഖ്യമന്ത്രിയെയും കേരളത്തിലെ ജനങ്ങൾ എന്നും സ്മരിക്കുന്നതിന ഇടയാക്കും എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല.

അതുപോലെതന്നെ കാരുണ്യത്തിന്റെ മറ്റൊരു വശമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം. ഈ പദ്ധതിയിലൂടെ 250 കോടി രൂപയിലധികം ധനസഹായം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞു. ക്യാൻസർ, കിഡ്നി തുടങ്ങിയ രോഗങ്ങൾക്കടിമപ്പെട്ട് ചികിത്സ ലഭിക്കാതെ എത്രയോ ആളുകൾ ആയുസ്സിന്റെ ദൈർഘ്യമെത്താതെ മരിച്ചുപോയിരിക്കുന്നു. യാതൊരുതരത്തി ലുള്ള പ്രതിബന്ധങ്ങളുമില്ലാതെ, റെക്കമെന്റേഷനുകളില്ലാതെ, അപേക്ഷ കൊടുത്താൽ സഹായം ലഭിക്കുന്ന സാഹചര്യം കേരളത്തിൽ നടപ്പിലാക്കി യത് പാവപ്പെട്ടവരോട് ഗവൺമെന്റ് കാണിക്കുന്ന നീതിപൂർവ്വമായ സമീപന മാണെന്നുള്ള തിരിച്ചറിവ് തീർച്ചയായും ഉണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. അതുപോലെ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചപ്പോൾ സർക്കാർ മെഡിക്കൽ കോളേജാണോ എന്ന് സംശയം പ്രകടിപ്പിച്ച പലരുമുണ്ട്. പ്രഖ്യാപിക്കുക മാത്രമല്ല ഓരോന്നോരോന്നായി നടപ്പിലാക്കി

ക്കൊണ്ടിരിക്കുകയുമാണ്. മഞ്ചേരിയിൽ മെഡിക്കൽ കോളേജ് ആരംഭിച്ചു കഴിഞ്ഞു. വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഈ നിയമസഭയിൽ നിൽക്കുന്നത്. വരുന്ന ജൂൺ–ജൂലൈ മാസത്തോടുകൂടി ഇടുക്കി മെഡിക്കൽ കോളേജിലെ ആദ്യബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയുന്ന സാഹചര്യമുണ്ടാകും. മെഡിക്കൽ കോളേജുകളുടെ ചരിത്രമെടുത്താൽ, 1980–ൽ തൃശ്ശൂർ മെഡിക്കൽ കോളേജ് അനുവദിച്ചതൊഴിച്ചാൽ മൂന്നുപതിറ്റാണ്ടുകൾക്കുശേഷമാണ് സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കുന്നത്. താലൂക്കുകളെ സംബന്ധിച്ചും അതു തന്നെയല്ലേ സ്ഥിതി. താലൂക്കുകൾ കിട്ടാക്കനിയായി മാറുന്നു. ജനസമ്പർക്ക പരിപാടിയിലുണ്ടായ നേട്ടങ്ങളുൾപ്പെടെയുള്ള ഒട്ടനവധി വികസന പരിപാടികളെ തിരസ്കരിക്കുന്നത് നീതിപൂർവ്വമായ സമീപനമല്ല. ഇതൊടൊപ്പംതന്നെ സങ്കടകരമായ ഒരു കാര്യംകൂടി – ഹൈറേഞ്ചിന്റേയും മലയോരമേഖലയുടേയും ദുഃഖം ഏറ്റുവാങ്ങുന്ന ഒരു എം.എൽ.എ. എന്ന നിലയിൽ ഹൃദയവേദനയോടുകൂടിയാണ് ഞാൻ നിൽക്കുന്നത്. പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിന് കേരളത്തിൽ ആരും എതിരല്ല. ആ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി എടുത്ത റിപ്പോർട്ടിനെക്കുറിച്ചുണ്ടായ ആശങ്ക ഗുജ്റാത്ത് മുതൽ കേരളം വരെ എത്തിനിൽക്കുന്ന ആറ് സംസ്ഥാനങ്ങളിലുമുണ്ടായി. അതുകൊണ്ടാണല്ലോ റിവ്യൂ കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ കസ്തൂരിരംഗനെ നിയോഗിച്ചത്. ഇന്നലെ പ്രതിപക്ഷനേതാവ് തന്നെ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ അനുകൂലിച്ചു സംസാരിച്ചു. ദുഃഖമുണ്ട്, ഇന്ന് ഈ ചർച്ച തുടങ്ങിയപ്പോൾ ഞാൻ ശ്രദ്ധിച്ചു. ഹൃദയ വികാരംകൊണ്ട് ഞാൻ പറയുകയാണ് ശ്രീ. വി. റ്റി.

ബൽറാം മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് പരാമർശം നടത്തി, പശ്ചിമഘട്ടത്തെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടു. പക്ഷെ അതോടൊപ്പം ഞങ്ങൾ ചോദിക്കട്ടെ, ഇവിടത്തെ മലയോര കുടിയേറ്റ മേഖലയിലെ ജന ങ്ങളെ സംരക്ഷിക്കേണ്ട ബാധ്യത നമുക്കില്ലേ; ഈ നിയമസഭയുടെ സത്ത് എന്തായിരുന്നു; മലയോര ജനതയെ സംരക്ഷിക്കാൻ, ജനവാസ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ വേണ്ടി നമ്മൾ **ഒരുമിച്ചെടുത്ത** പ്രമേയം, ആ വികാരത്തിനെ തിരായി ആര് സംസാരിച്ചാലും, മലയോരജനതയുടെ ശാപമേൽക്കേണ്ടി വരുന്ന ഒരു ജനപ്രതിനിധിയും ഒരു ഗവൺമെന്റും ഒരുകാലത്തും നില നിൽക്കാൻ പോകുന്നില്ല. കസ്തൂരിരംഗൻ റിപ്പോർട്ട് കൊടുക്കുന്ന സമയത്ത് അടിയന്തരമായി ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുചേർത്തതിന് മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. എല്ലാ രാഷ്ട്രീയ കക്ഷികളും ആ മീറ്റിംഗിൽ പങ്കെ ടുത്തു. പക്ഷെ ഇടതുപക്ഷ പ്രസ്ഥാനത്തിലുള്ള നേതാക്കൾ പങ്കെടുത്തില്ല. അവർ ഒരുപക്ഷേ മുഖ്യമന്ത്രിയെ ബഹിഷ്കരിക്കുന്നു എന്നുള്ളതുകൊണ്ടായി രിക്കാം പങ്കെടുക്കാതിരുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ആ സദസ്സിൽ പറഞ്ഞ "മീറ്റിംഗിൽ പങ്കെടുത്തില്ലെങ്കിലും അവർ രേഖാമൂലം എഴുതിത്തന്നി ട്ടുണ്ട്" എന്നുപറഞ്ഞ വാക്ക് ഞാനോർക്കുന്നുണ്ട്. ആക്ഷേപങ്ങൾകൊണ്ട് തള്ളുകയല്ല ഉൾക്കൊള്ളുകയാണ് ചെയ്തത്. കേരളത്തിന്റെ വികാരം കൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ റിപ്പോർട്ടുകൾ നടപ്പാക്കാവൂ എന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് കേരളം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നമുക്കുണ്ടായ ദുഃഖം അതല്ല,...............13-11-2013-ൽ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ സെക്ഷൻ (5) പ്രകാരം കേന്ദ്ര പരിസ്ഥിതി വകുപ്പ് നൽകിയ നിർദ്ദേശം കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടിലെ അഞ്ച് കാര്യ

ങ്ങൾ കേരളത്തിലെ 123 വില്ലേജുകൾ ഇ.എസ്.എ.-യുടെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് ദുഃഖകരമായ വിഷയം. അതിൽനിന്നും നമുക്ക് ഒഴിവാകണം. അതിനുവേണ്ട കാര്യങ്ങളാണ് നാം മുന്നോട്ടുകൊണ്ടുപോകേണ്ടത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ന്യായീകരിക്കുന്നവരോട് ഒരു ചോദ്യം മാത്രം ചോദിക്കാം. റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് കമ്മിറ്റി കേരളത്തിലെ ജനപ്രതിനിധികളുമായും കർഷക സംഘടനകളുമായും സാമാന്യ ജനവിഭാഗവുമായും ഒരു ഇന്ററാക്ഷന് തയ്യാറാകാത്തത് എന്തുകൊണ്ടാണ്; ആരോടും കൂടിയാലോചിക്കാതെ റിപ്പോർട്ട് സമർപ്പിച്ചതിലാണ് ഞങ്ങളുടെ ദുഃഖം. പരിസ്ഥിതി വാദികളെന്ന പേരിൽ, ലക്ഷങ്ങൾ നൽകി വക്കീലന്മാരെ വച്ച് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഏതെല്ലാം കേസ്സുകൾ നടത്തുന്നു. അഭിഭാഷകരെ കിട്ടാൻ ബുദ്ധിമുട്ടുള്ള കാലഘട്ടത്തിൽ എട്ടും പത്തും ലക്ഷം രൂപ മുടക്കി സുപ്രീംകോടതിയിൽ കേസ് വാദിക്കാൻ അഭിഭാഷകരെ വയ്ക്കാൻ കഴിയുന്ന പരിസ്ഥിതി പ്രവർത്തകരുടെ പിന്നിലുള്ള ശക്തിയാണ് ഇതിന്റേയും പിന്നിൽ പ്രവർത്തിക്കുന്നത് എന്ന് ഞങ്ങൾ അങ്ങേയറ്റം സംശയിക്കുന്നു. അതിന്റെ പിന്നിൽ വിദേശകരങ്ങളുണ്ടോ എന്നുവരെ സംശയിക്കുന്നു. അതുകൊണ്ടാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ ന്യായീകരിക്കുന്നവർ അക്കാര്യത്തിൽ മറുപടി പറയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. നമ്മുടെ ദേശീയ ശരാശരി കണക്കെടുത്ത് പരിശോധിക്കുമ്പോൾ, ഇന്ത്യയിൽ 19.1 ശതമാനം മാത്രം ഫോറസ്റ്റ് സംരക്ഷിക്കപ്പെടുമ്പോൾ നമ്മുടെ കൊച്ചുകേരളത്തിൽ 28.8 ശതമാനം ഫോറസ്റ്റ് സംരക്ഷിക്കപ്പെടുന്നുണ്ട്. അതോടൊപ്പം അല്ലെങ്കിൽ അതിനേക്കാൾ ഗൗരവപൂർവ്വം കാണേണ്ട ഒരു വിഷയം ഈ റിപ്പോർട്ട് നടപ്പി

ലാക്കുമ്പോൾ ഗുജ്റാത്ത് മുതൽ തമിഴ്നാടുവരെ നേരിടുന്ന പ്രതിസന്ധിയല്ല കേരളത്തിൽ നേരിടുന്നത്. ഞങ്ങൾ ഇതിനെക്കുറിച്ച് പരിശോധിച്ചു. ഇന്ത്യയിലെ 4156 വില്ലേജുകളാണ് ഇ.എസ്.എ.– ആയി നോട്ടിഫൈ ചെയ്യാനായി കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിൽ കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെടുന്നുണ്ട്. ശേഷിക്കുന്ന 4033 വില്ലേജുകളിലായി 30 ലക്ഷം ആളുകൾ അധിവസിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ മലയോരമേഖലയിൽ 23 ലക്ഷം ആളുകളാണ് 123 വില്ലേജുകളിലായി അധിവസിക്കുന്നത്. നിബിഡമായ വനം സംരക്ഷിക്കുന്നതും നട്ടുവളർത്തുന്നതും കർഷകൻ തന്നെയാണ്. വനം സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും എല്ലാ കാലഘട്ടത്തിലും കൂട്ടുനിന്നിട്ടുള്ള കർഷകരുടെമേൽ വന്നുപതിച്ചിട്ടുള്ള ഇടിത്തീയായി ഇതിനെ കണ്ടതുകൊണ്ടാണ് ഈ ദുഃഖവും വിഷമവും ഈ സഭയിൽ ഞാൻ അവതരിപ്പിക്കുന്നത്. അതോടൊപ്പംതന്നെ ഇ.എസ്.എ. എന്തൊക്കെ നിയന്ത്രണങ്ങളാണ് കൊണ്ടുവരുന്നത് എന്നതിനെ സംബന്ധിച്ച് കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല, ഒരു വ്യക്തതയുമില്ല. നിലവിലുള്ള വിവിധ നിയമങ്ങളിൽനിന്ന് നിർദ്ദേശം സ്വീകരിച്ചുകൊണ്ട് ഒരു നിയന്ത്രണ സംവിധാനമുണ്ടാക്കുമെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. കടുത്ത നിയന്ത്രണം ഉണ്ടാകുമെന്നുതന്നെ ഞങ്ങൾ കരുതുന്നു. വന്യജീവി സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം, വനനിയമം, പരിസ്ഥിതി ദുർബല പ്രദേശ സംരക്ഷണ നിയമം എല്ലാംതന്നെ മലയോര മേഖലയിലെ കർഷകർക്ക് വലിയ ഭീഷണിയും ഭീതിയും ഉയർത്തുമ്പോൾ, ഈ നിയമങ്ങളിലെ വ്യവസ്ഥകൾ ക്രോഡീകരിച്ചുകൊണ്ടുള്ള പുതിയ നിയന്ത്രണ സംവിധാനം കൊണ്ടുവരുമെന്നു

പറയുമ്പോൾ, ഇതിലും ശക്തമായ നിയമം ഇതിന്റെപേരിൽ അടിച്ചേൽപ്പിക്കപ്പെടുമെന്നുള്ളതുകൊണ്ടാണ് ഇതിനെ ഭയപ്പെടുന്നത്. അതുകൊണ്ട് ഒരു കാരണവശാലും ഇതിനെ അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണുണ്ടാക്കിയിട്ടുള്ളത്. വിദഗ്ദ്ധ സമിതിയെ നിയോഗിക്കാമെന്നുള്ള സർക്കാർ തീരുമാനത്തെ എല്ലാവരും അംഗീകരിക്കുന്നു, ആ സമിതി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് തെളിവെടുപ്പു നടത്തി. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 123 വില്ലേജുകളിലെ ജനങ്ങളുമായി ഇന്ററാക്ട് ചെയ്തപ്പോൾ അവർക്ക് ഈ വിഷയങ്ങളെക്കുറിച്ച് ബോധ്യപ്പെട്ടു.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഉമ്മൻ വി. ഉമ്മൻ ഉൾപ്പെടെയുള്ള കമ്മിറ്റി പരിശോധന നടത്തിയപ്പോൾ എന്താണ് മനസ്സിലായത്; അവർക്ക് ലഭിച്ച നിവേദനങ്ങളിലെ ഭൂരിഭാഗവും ഇ.ഇഫ്.എൽ. ആക്ടനുസരിച്ചുള്ള പരാതികളായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇ.എഫ്.എൽ. ആക്ട് ക്യാൻസൽ ചെയ്യണമെന്നുള്ള ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ നിർദ്ദേശം വലിയ തെറ്റായി കാണേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. കാരണം സ്ഥലം ഏറ്റെടുക്കണമെങ്കിൽ വനഭൂമിയായിരിക്കണം, സ്വകാര്യ കൈവശമായിരിക്കണം. 1971-ലെ "സ്വകാര്യ വനം നിക്ഷിപ്തമാക്കൽ നിയമം" നിലവിൽ വന്നതിനുശേഷം കേരളത്തിൽ സ്വകാര്യ വനമില്ല. അത് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അപ്രകാരം സാധാരണക്കാർക്കുള്ള, പതിനായിരക്കണക്കിനുവരുന്ന കൃഷിഭൂമി സ്വകാര്യവനം എന്നപേരിൽ ഏറ്റെടുക്കുന്നതിനെക്കുറിച്ച് വ്യാപകമായിട്ടുള്ള പരാതികൾ ലഭിച്ചതുകൊണ്ടാകാം അതിനെക്കുറിച്ച്

കമന്റ് പറഞ്ഞിട്ടുള്ളത്. അത് ഇതിന്റെ പരിധിയിൽപെടുന്നതല്ലെങ്കിൽപ്പോലും ആ കമ്മിറ്റി റിപ്പോർട്ട് ജനങ്ങളുമായി സംസാരിച്ചുകഴിഞ്ഞപ്പോൾ രൂപപ്പെട്ട ഒരാശയമെന്ന നിലയിൽ ഇ.ഇഫ്.എൽ. കൊണ്ട് ബുദ്ധിമുട്ടുന്ന മലയോരത്തെ പാവപ്പെട്ട കർഷകരുടെ ആശങ്കയും ഉത്ക്കണ്ഠയും ആ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളതുകൊണ്ട് അതിനെ പോസിറ്റീവായി കാണണം. അതുകൊണ്ട് ഇ.എഫ്.ഇൽ.-നെക്കുറിച്ച് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെന്റിന്റെ പ്രഥമ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി കാപ്പി, കുരുമുളക്, ഏലം ഉൾപ്പെടെയുള്ള നാണ്യവിളകൾ കൃഷിചെയ്ത്, കൈവശമിരിക്കുന്ന കൃഷിഭൂമി ഇ.എഫ്.എൽ-ന്റെ പരിധിയിൽപ്പെടുകയില്ലായെന്ന് നയപരമായി ഒരു തീരുമാനമെടുത്തു. അത് തീരുമാനത്തിന്റെ ഭാഗമായി തന്നെ ശേഷിക്കുന്നു. സെക്ഷൻ 5 - ന്റെ പ്രത്യേകത എന്താണ്? അതിൽ പറയുന്നത്, മൈനിംഗ് ആവശ്യമില്ലയെന്നാണ്. മൈനിംഗിന്റെ ആവശ്യമില്ല, പാറ പൊട്ടിക്കുന്നതും മണൽ വാരുന്നതും വലിയ രീതിയിലാകണമെന്നുള്ള വാദമില്ല. പക്ഷെ ആവശ്യാനുസരണം ഒരു കൂര നിർമ്മിക്കാൻ, ഒരു വീട് വയ്ക്കാൻ ആവശ്യമായ പാറപൊട്ടിക്കലും മണൽ വാരലും അനുവദിക്കണം. ചുവന്ന കാറ്റഗറിയിൽ ഉൾപ്പെടുന്ന ആശുപത്രി, അറവുശാല, പാൽ സംസ്കരണ യൂണിറ്റ് ഇതിനെയൊന്നും അംഗീകരിക്കാൻ സാധിക്കില്ല. മേഖലാ വികസന പദ്ധതിയും ടൗൺഷിപ്പും എങ്ങനെ അംഗീകരിക്കും. ദശലക്ഷക്കണക്കിന് ആൾക്കാർ താമസിക്കുന്നയിടങ്ങളിൽ ഒരു ചതുരശ്ര കിലോമീറ്ററിന് 100 ആൾക്കാർ എന്നുള്ളിടത്ത് 800 ഉം 1000 ഉം ആൾക്കാർ വസിക്കുന്ന പ്രദേശങ്ങളിൽ സ്വഭാവരീതിയുടെ അടി

സ്ഥാനത്തിൽ അവർക്ക് ഒരു ടൗൺഷിപ്പ് ഉണ്ടായിക്കൂടേ; അവിടെ ജനവാസ കേന്ദ്രത്തിനനുസൃതമായ വളർച്ച ഉണ്ടായിക്കൂടേ; ഇത് അംഗീകരിക്കാൻ കഴിയില്ല. താപവൈദ്യുതി ആവശ്യമില്ലെന്ന് വയ്ക്കാം. 20,000 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള കെട്ടിടം കൃഷിക്കാർക്കും വീടിനും ആവശ്യമില്ലെന്ന് വയ്ക്കാം. പക്ഷെ ജീവിക്കാൻ ആവശ്യമായിട്ടുള്ളവ, കുടിയേറ്റത്തിന്റെ ചരിത്രം മറന്നുകൊണ്ടാകാൻ പാടില്ല. പട്ടം താണുപിള്ളയുടെ കാലഘട്ടത്തിൽ 'grow more food' പദ്ധതി പ്രകാരം ഗവൺമെന്റ് നിഷ്കർഷിച്ച് കുടിയിരുത്തിയതാണ്. ആ കാലഘട്ടത്തിൽപ്പെട്ടവരുടെ തലമുറകൾ ഒന്നും രണ്ടും മൂന്നും കഴിഞ്ഞുപോയി. അവർ നട്ടുവളർത്തിയ കൃഷികൾ ആദായങ്ങളായി കഴിഞ്ഞു. ജീവിതം ആരംഭിച്ചിട്ടേയുള്ളു. ആ ജീവിതം ആരംഭിക്കുന്ന ഘട്ടത്തിൽ 'കൂനിൽമേൽ കുരു' എന്നതുപോലെ ഇപ്പോൾ അവർക്ക് വന്നിരിക്കുന്ന ഈ സ്ഥിതിവിശേഷം വലിയ പ്രത്യാഘാതമുണ്ടാക്കും. അതുകൊണ്ട് ഇതിനെക്കുറിച്ചുള്ള ചർച്ചകൾ ആവശ്യമുണ്ട്. ഈ നിലപാട് പുന:പരിശോധിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന തീരുമാനം അതിശക്തമായിത്തന്നെ തുടരണം. ഇതിൽ ആശങ്കകൾ നിലനിൽക്കുകയാണ്. പുറത്തുനടക്കുന്ന സമരങ്ങൾ നിഷേധിച്ചിട്ട് കാര്യമില്ല. ആയിരക്കണക്കിന് ആൾക്കാർ പങ്ക് ചേരുന്ന ആ സമരത്തിന്, ബഹുജന സമരങ്ങളോട് കേരള കോൺഗ്രസ്സ് പാർട്ടി ചെയർമാൻ ബഹുമാന്യനായ കെ.എം. മാണി പിന്തുണ പ്രഖ്യാപിക്കുകയുണ്ടായി. ആ ജനങ്ങൾ രാഷ്ട്രീയ ചേരിതിരിവിന്റെ പേരിലല്ല, ഞാൻ ആത്മാർത്ഥമായി പറയട്ടെ, ജീവശ്വാസത്തിന് പാർട്ടിയില്ല, കോൺഗ്രസ്സ് എന്നോ, കമ്മ്യൂണിസ്റ്റ് എന്നോ, മുസ്ലീം ലീഗ് എന്നോ, കേരള കോൺഗ്രസ്സ് എന്നോ ഇതര പാർട്ടിയുടെ പേരിലല്ല തെരുവിലിറങ്ങിയിട്ടുള്ളത്.

അവരെ നമുക്ക് ധാർമ്മികമായി സംരക്ഷിക്കണം. ആ സംരക്ഷണത്തിന് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട നമ്മുടെ നിയമനിർമ്മാണസഭ അതിൽ ഒരുപോലെ പ്രതിഫലിപ്പിച്ച ആശയങ്ങളോട് യോജിക്കാൻ കഴിയണം. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഈ വിഷയങ്ങളിൽ പുറത്തുനടക്കുന്ന സമരങ്ങളെ ചെറുതായി കാണേണ്ട കാര്യമില്ല. പരിസ്ഥിതിയെ സംരക്ഷിക്കേണ്ട കാര്യത്തിൽ മാറ്റം വരുത്തേണ്ടതില്ല. പക്ഷെ പരിസ്ഥിതിക്ക് വേണ്ടി മാത്രം ശ്രദ്ധയുയർത്തി, ആയിരക്കണക്കിന് ജനങ്ങൾ വസിക്കുന്ന മലയോര ഗ്രാമങ്ങളിലെ ജനങ്ങളെ നോക്കി എന്തെങ്കിലും കാണിച്ച് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതികൾ മുന്നോട്ടുവന്നാൽ.... സഭയിൽ നിന്നുകൊണ്ട് പറയട്ടെ അത് കണ്ടും സഹിച്ചും ഈ നിയമസഭയിലിരിക്കാൻ എന്റെ ആത്മാഭിമാനം സമ്മതിക്കില്ലായെന്ന് തുറന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.  ജനങ്ങളില്ലെങ്കിൽ ഞങ്ങളില്ല, അവർ ഇല്ലെങ്കിൽ ജനപ്രതിനിധികളില്ല, അവർ ഇല്ലെങ്കിൽ വികാരങ്ങളില്ല. ഇന്ന് സംസ്ഥാന സർക്കാർ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച്, തന്നിരിക്കുന്ന നിർദ്ദേശങ്ങൾ കർക്കശമായി പാലിച്ചുകൊണ്ട്, കേന്ദ്ര ഗവൺമെന്റിൽ അതീവ സമ്മർദ്ദം ചെലുത്തി ഇന്നിറങ്ങിയിരിക്കുന്ന സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളെ മുൻനിർത്തി അതീവ ഗൗരവത്തോടുകൂടി ഈ വിഷയം കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ തീർച്ചയായും ഈ ഗവൺമെന്റ് തയാറാകും, ജനപ്രതിനിധികൾ തയ്യാറാകണം. ഇരുവശത്തുമിരുന്ന് ഈ വിഷയത്തിൽ ആരോപണങ്ങളും കുറ്റാരോപണങ്ങളും ഉണ്ടാക്കാൻ പാടില്ല. ഈ വിഷയത്തിൽ രണ്ട് സ്വരമുണ്ടാകരുത്. മനുഷ്യനേയും വനത്തേയും ഒരുപോലെ കാണരുത്. കാട്ടുമൃഗത്തേയും വനത്തേയും മനുഷ്യനേയും ഒരുപോലെ കാണരുത്. ആത്മീയമായ നീതിയുടെ പേരിൽ, നീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളുടെ പേരിൽ

മലയോര കർഷകരുടെ വികാരത്തോടൊപ്പം നിയമസഭ ഒന്നടങ്കം നിൽക്കണമെന്ന അഭിമാനപൂർവ്വമായ റിക്വസ്റ്റോടുകൂടി ഞാൻ ഈ നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, കോൺഗ്രസ്സിനെതിരെ ശക്തമായ ഇഞ്ചോടിഞ്ച് പൊരുതുന്ന ഒരു പ്രസ്ഥാനം ദേശീയ തലത്തിലുണ്ടാകണമെന്ന് അപ്പുറത്തുള്ള ആളുകൾ കൂടി അഭിപ്രായം പ്രകടിപ്പിക്കുന്ന ആനന്ദം ഞാൻ പങ്കുവയ്ക്കുകയാണ്. ഘടകകക്ഷികൾ അത്തരത്തിൽ പറയുമ്പോൾ, കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്ത് ഒഴിവുണ്ടായാൽ അതും ഞങ്ങൾക്ക് കിട്ടണമെന്ന അവസ്ഥയിലാണ് പലപ്പോഴും അധികാരത്തിന്റെ മകുടിയിൽ നിൽക്കുന്ന ഘടകകക്ഷികൾ എന്ന സത്യം വിസ്മരിക്കുകയല്ല. നിയമസഭയിൽ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തി. അതൊരു ഭരണഘടനാപരമായ ബാധ്യതയാണ്. ഈ പ്രാവശ്യത്തെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, അടിയന്തരമായി ഭരണഘടനയിൽ മാറ്റം വരുത്തി ഗവർണ്ണറുടെ പ്രസംഗമെന്ന ഈ വ്യവസ്ഥ ഒഴിവാക്കണം എന്നാണ്. ആദ്യമായി ഒരു ഗവർണ്ണറെക്കൊണ്ട് പ്രതിപക്ഷത്തിന്റെ സമരത്തെ വിമർശിക്കാൻ, അപഹസിക്കാൻ, ആക്ഷേപിക്കാൻ വേണ്ടി ഗവൺമെന്റ് ഒരു അവസരമൊരുക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. മുൻ ഗവൺമെന്റുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ വിമർശനങ്ങളുണ്ടാകാം. പക്ഷെ ഭരണത്തിലിരിക്കുന്ന കക്ഷി ഗവർണ്ണറെക്കൊണ്ട് പ്രതിപക്ഷത്തിന്റെ പ്രസംഗത്തെ ആക്ഷേപിക്കുന്ന ഒരു പ്രവണത കേരളത്തിലാദ്യമായി ഉണ്ടായത് 2014-ലാണ്. 2012-ലെ ഗവർണ്ണറുടെ പ്രസംഗത്തെപ്പറ്റി

ഞാൻ ഒരു ആക്ഷേപം സഭയിൽ ഉന്നയിച്ചിരുന്നു. കേരളത്തിൽ കെ.എസ്. ആർ.ടി.സി. രൂപീകരിച്ചതിനുശേഷം കെ.എസ്.ആർ.ടി.സി. എന്ന വാക്ക് ഉച്ചരിക്കാത്ത ആദ്യത്തെ പ്രസംഗമായിരുന്നു 2012–ലേത്. 2014–ലെ നയപ്രഖ്യാപനത്തിനായി പ്രതിപക്ഷ സമരങ്ങളെ ആക്ഷേപിച്ചുകൊണ്ടുള്ള തരം താഴ്ന്ന ഒരു പ്രസംഗം ഗവർണ്ണർക്ക് എഴുതികൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിയെന്നുള്ളതുകൊണ്ടാണ് ആദ്യമായി ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നത്. ഏത് മേഖലയിലാണ് കഴിഞ്ഞ രണ്ടര കൊല്ലത്തിനിടയിൽ ഒരടിയെങ്കിലും മുന്നോട്ടുപോയി എന്ന് ഗവൺമെന്റിന് അഭിമാനിക്കാനുള്ളത്. വിലക്കയറ്റത്തെ സംബന്ധിച്ച് രാവിലെ സഭയിൽ ചർച്ച ചെയ്തു. പൊതുവിതരണ സമ്പ്രദായത്തിൽ, വിപണിയിൽ ശക്തമായി ഇടപെടുന്ന ഒരു സംവിധാനം ഇന്ന് നിലവിലില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സബ്സിഡിക്ക് വേണ്ടി നൽകിയതിനേക്കാൾ കൂടുതൽ തുക ഇപ്പോഴത്തെ ഗവൺമെന്റ് എല്ലാവർഷവും സബ്സിഡിയിനത്തിൽ നൽകുമെന്ന് കണക്കുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ശരിയായിരിക്കാം. പക്ഷെ പ്രശ്നം തുകയല്ല. എത്തിച്ചുകൊടുക്കുന്ന സാധനങ്ങളുടെ തോതനുസരിച്ച് ഈ കാലഘട്ടത്തിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ വിപണിയിലെ വിലക്കയത്തെ പിടിച്ചുനിർത്താൻ തക്കവണ്ണമുള്ള ഒരു ഫലപ്രദമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഗ്യാസിന് ഇന്ന് 1293 രൂപ 50 പൈസയാണ് വില. ആധാർ കാർഡിന്റെ കാര്യത്തിൽ എന്താണ് ഗവൺമെന്റിന്റെ നിലപാട്? ആ വിഷയത്തെ സംബന്ധിച്ച് ഞങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രിയെടുത്ത നിലപാട് എന്താണ്? 6

മാസത്തേയ്ക്ക് ഇത് നടപ്പിലാക്കരുതെന്ന് പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു. എന്താണ് ഈ 6 മാസത്തിന്റെ പ്രത്യേകത? 6 മാസം കഴിയുമ്പോൾ പാർലമെന്റ് ഇലക്ഷൻ കഴിയും. പാർലമെന്റ് ഇലക്ഷൻ കഴിയുമ്പോൾ ഇത് ആയിക്കോ എന്നുള്ളതാണോ മുഖ്യമന്ത്രിയുടെ നിലപാട്. ആധാർ കാർഡുമായി ലിങ്ക് ചെയ്തുകൊണ്ട് ഗ്യാസിന്റെ സബ്സിഡി കൊടുക്കുന്ന സമ്പ്രദായം കേരളത്തിലെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നുവെന്ന കാര്യം ഞങ്ങൾ ഉന്നയിച്ചപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചത്? ആ നിലപാട് ഗവൺമെന്റ് ഇതുവരെ വ്യക്തമാക്കാൻ തയ്യാറായിട്ടില്ല. ഇവിടെ പാചകം വേണ്ട, ഭക്ഷണം കഴിക്കണ്ട, വീട് വേണ്ട, ചികിത്സ വേണ്ട, കൃഷി വേണ്ട എന്ന തരത്തിൽ ഒരു നിഷ്ക്രിയത്വത്തിന്റെ ഗവൺമെന്റായി മാറിയിരിക്കുകയാണ്. ആഭ്യന്തരവകുപ്പിന് ഇത് മൂന്നാമത്തെ മന്ത്രിയാണ്. കോൺഗ്രസ്സ് പാർട്ടിയിൽ മൂന്നാം ചേരിയെന്ന് പണ്ട് കേട്ടിരുന്നു. അതുപോലെ മൂന്നാം മന്ത്രി വന്നിരിക്കുന്നു. കേരളത്തിലെ ക്രമസമാധാനത്തിന്റെ സ്ഥിതി എന്താണ്? തട്ടിപ്പുകേസിലെ പ്രതികൾക്ക് വി.ഐ.പി. പരിഗണന ലഭിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രധാനമായൊരു തട്ടിപ്പുകേസാണല്ലോ സോളാർ കേസ്. ഇന്നത്തെ പത്രത്തിൽ കാണുന്നത് ആ തട്ടിപ്പുകേസിലെ പ്രതി സരിത പുതുപ്പള്ളി വഴി യാത്ര ചെയ്തത് ഗതാഗതക്കുരുക്ക് ഒഴിവാക്കാനായിരുന്നു എന്നാണ് പോലീസിന്റെ മൊഴി. എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകാൻ പുതുപ്പള്ളി വഴി വരേണ്ട സ്ഥിതിയിൽ ഒരു വി.ഐ.പി.യെ പരിഗണിക്കുന്ന അവസ്ഥയിലാണ് ഇന്ന് കേരളം എത്തിനിൽക്കുന്നത്. ഭരണരംഗത്തെ ചുവപ്പുനാടയുടെ കുരുക്കഴിക്കുന്നൊരു മുഖ്യമന്ത്രി പുതുപ്പള്ളിയിൽ ഉണ്ടെന്നാണ് പറയുന്നത്.

ഏതെങ്കിലും ഒരാൾ എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകാൻ പുതുപ്പള്ളി വഴിപോയി എന്നത് എന്നെങ്കിലും കേട്ടിട്ടുണ്ടോ. ഇതാണ് ആഭ്യന്തര വകുപ്പിന്റെ സ്ഥിതി. മൂന്നു മന്ത്രിമാർ കൈകാര്യം ചെയ്ത് അവസാനമെത്തി നിൽക്കുന്നത് ഈ അവസ്ഥയിലാണ്. ഈ നാട്ടിൽ തട്ടിപ്പുകാർക്കും വെട്ടിപ്പുകാർക്കും വി.ഐ.പി. പരിഗണനകൊടുക്കുന്ന ഒരവസ്ഥാവിശേഷമുണ്ടായിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ സ്ഥിതി എന്താണ്? 'കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം' –നെ ഞങ്ങൾ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്, അഭിനന്ദിക്കുന്നുണ്ട്. ആ കാര്യത്തിൽ ഒരു തർക്കവു മില്ല. ഇന്ന് എന്താണ് ധനകാര്യ മാനേജ്മെന്റിന്റെ സ്ഥിതി? നികുതി വരുമാന ത്തിൽ വലിയ ചോർച്ചയുണ്ടായില്ലേ. നികുതി പിരിവിൽ വലിയ വീഴ്ച ഉണ്ടാ യില്ലേ. ട്രഷറി പൂട്ടേണ്ട വക്കിലെത്തിയില്ലേ. എൽ.ഡി.എഫ്.–ന്റെ കാലത്ത് ട്രഷറി ഒരു ദിവസമെങ്കിലും പൂട്ടിയോ? ക്രിസ്തുമസിനും ഓണത്തിനും മുഴുവൻ ശമ്പളവും കൊടുക്കാൻ കഴിയാത്ത ആദ്യത്തെ വർഷമായിരുന്നില്ലേ 2013. ശമ്പളത്തിന്റെ 25 ശതമാനം മാത്രമേ അനുവദിച്ചുള്ളു. പല മേഖലകളിലും പണം കൊടുക്കാൻ ഇന്ന് ട്രഷറികളിൽ പണമില്ല. പൊതുമരാമത്ത് കോൺട്രാക്ടർമാർക്ക് 1600 കോടി രൂപയുടെ കുടിശ്ശികയാ ണുള്ളത്. എന്താണ് ഇതിനുള്ള പരിണിത ഫലം? ഈ കരാറുകാർ ഈ വർക്കുകൾ ഏറ്റെടുക്കില്ല. എറ്റെടുത്താൽ തന്നെ അധികരിച്ച നിരക്കിൽ എൽ.ഡി.എഫ്. ഭരണകാലത്തിന്റെ മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിന്റെ ഫലമായി എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്കിൽ ഇവിടത്തെ കരാറുകാർ പണി ഏറ്റെടുത്തിരുന്നുവെങ്കിൽ അധികരിച്ച നിരക്കിലേയ്ക്ക് പണികൾ നീങ്ങുകയാണ്. ധനകാര്യ മാനേജ്മെന്റ് അമ്പേ പരാജയപ്പെട്ടിരി

ക്കുന്നു. കൃഷി വകുപ്പിൽ എന്താണ് സ്ഥിതി? കർഷക ആത്മഹത്യ തിരിച്ചു വന്നില്ലേ; ബഡ്ജറ്റിൽ അനുവദിച്ച തുകപോലും കൃഷി വകുപ്പിൽ നിന്ന് ചെല വാക്കപ്പെടുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തരിശ്ശു നിലങ്ങ ളിൽ കൃഷി ഇറക്കി കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ വേണ്ടി വളരെ തീവ്രമായ പരിശ്രമങ്ങൾ നടന്നുവെങ്കിൽ അത്തരത്തിലുള്ള പരിശ്രമ ങ്ങളെല്ലാം നടക്കുന്നുണ്ടോ. പൊതുവിതരണ മേഖലയിൽ ഹോർട്ടികോർപ്പ് ഇടപെടേണ്ട എന്ന് ഉത്തരവിറക്കിയത് ഈ സർക്കാരല്ലേ. വൈദ്യുതി മേഖല യിൽ എന്താണ് സ്ഥിതി? പുതുതായി കുറച്ചെങ്കിലും വൈദ്യുതി ഉൽപ്പാദിപ്പി ക്കുന്ന എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞോ? പവർകട്ടും ലോഡ് ഷെഡ്ഡിംഗും തിരികെ വന്നിരിക്കുകയാണ്. ആദിവാസി കുട്ടികൾ ഏറ്റ വും കൂടുതൽ മരിച്ചത് ഈ ഭരണകാലത്താണ്. ഭവന നിർമ്മാണ മേഖലയിൽ എന്താണ് സ്ഥിതി? ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നിർത്തി വച്ചു. ഐ. എ.വൈ. പദ്ധതി മാത്രമേ ഇപ്പോഴുള്ളൂ. ഏതെങ്കിലും പുതിയ ഒരു ഭവന നിർമ്മാണ പദ്ധതി കൊണ്ടുവന്നിട്ടുണ്ടോ? ഇല്ല. ‘ഭൂരഹിതരില്ലാത്ത കേരളം –2015’ (Zero Landless Kerala-2015) എന്ന ഒരു പദ്ധതി ഇവിടെ കൊണ്ടു വന്നു. എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഭരണ നിർവ്വഹണത്തെ രാഷ്ട്രീയവൽക്കരിച്ച ഒരു പരിപാടി യായിരുന്നില്ലേ ഈ പദ്ധതി. ഈ പദ്ധതി ഉദ്ഘാടനം ചെയ്തത് യു.പി.എ. അദ്ധ്യക്ഷയായ, എ.ഐ.സി.സി. പ്രസിഡന്റ് ശ്രീമതി സോണിയാഗാന്ധി യാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ ഏതെങ്കിലും പദ്ധതി ശ്രീ. പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്തിട്ടുണ്ടോ? വികസന കാര്യങ്ങളിൽ രാഷ്ട്രീയം കലർത്തിയിട്ടുണ്ടോ; ശ്രീമതി സോണിയാ ഗാന്ധി യു.പി.എ.

അദ്ധ്യക്ഷയാണെന്നും ക്യാബിനറ്റ് റാങ്ക് ഉണ്ടെന്നും പറയാം. പക്ഷേ ക്യാബിനറ്റ് റാങ്ക് അല്ല ക്യാബിനറ്റ് മന്ത്രി തന്നെ ആയാലും പ്രോട്ടോകോൾ അനുസരിച്ച് മുഖ്യമന്ത്രിയുടെ താഴെയാണ്. ആ സോണിയാ ഗാന്ധിയെക്കൊണ്ട് കേരളത്തിന്റെ ഒരു പദ്ധതി ഉദ്ഘാടനം ചെയ്യിച്ച് വികസന കാര്യങ്ങളിൽ രാഷ്ട്രീയം കലർത്തുന്ന, തരംതാഴ്ന്ന ഒരു നിലപാടായിരുന്നില്ലേ ഈ ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ട് എല്ലാ മേഖലകളിലും ഭരണം ഒരു തകർച്ചയിലാണ്. ഭരണം പരാജയമാണ്. രണ്ടര കൊല്ലം കൊണ്ട് 25 വർഷം ഈ സംസ്ഥാനത്തെ പുറകോട്ടടിച്ച ഭരണമാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

സാമൂഹ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ പിന്നോട്ടടിച്ചിരിക്കുന്നു. തട്ടിപ്പിനും വെട്ടിപ്പിനും കളമൊരുക്കിയ, ജനസമൂഹത്തെ മറന്ന ഭരണമാണിത്. ഈ ഭരണത്തെ വിലയിരുത്താനായി ജനങ്ങൾക്ക് ഒരവസരം ലഭിക്കാൻ പോകുകയാണ്. ആ അവസരം കേരളത്തിലെ ജനങ്ങൾ തത്വത്തിൽ പ്രയോജനപ്പെടുത്തുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കേന്ദ്രത്തിൽ ഏത് തരത്തിലുള്ള ഗവൺമെന്റ് വരണമെന്നത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. കേന്ദ്രത്തിൽ കോൺഗ്രസിന് ശക്തമായ ബദലുണ്ടാക്കുന്ന ബി.ജെ.പി. വിരുദ്ധ കൂട്ടുകെട്ടുണ്ടാകണമെന്ന് ഇവിടെ ഭരണപക്ഷത്തുള്ള ഒരാൾ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. കേന്ദ്രത്തിൽ കോൺഗ്രസിന് ബദലായി എപ്പോഴൊക്കെ ഗവൺമെന്റുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ ബി.ജെ.പി. – യെക്കൂടി കൂട്ടുപിടിച്ച് അവസാനം അതിനെ തകിടം മറിക്കുന്ന നിലപാടാണ് കോൺഗ്രസ് കൈക്കൊണ്ടിട്ടുള്ളത്. വി.പി. സിംഗ് ഗവൺമെന്റ് ചെയ്ത തെറ്റ് എന്താണ്?. വി.പി. സിംഗ് ഗവൺമെന്റാണ് മണ്ഡൽ കമ്മീഷൻ

റിപ്പോർട്ട് നടപ്പിലാക്കിയത്. ആ ഗവൺമെന്റിനെ അട്ടിമറിക്കാൻ ബി.ജെ.പി യും കോൺഗ്രസും ഒത്തുചേർന്നു. ദേവഗൗഡയുടെ ഗവൺമെന്റിനെപ്പറ്റി ഇവിടെ പറഞ്ഞു. ഐ.കെ. ഗുജ്റാളിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ ഗവൺമെന്റിനെ എന്തിനാണ് അട്ടിമറിച്ചത്? ജെയിൻ കമ്മീ ഷൻ റിപ്പോർട്ട് പുറത്തുവന്നപ്പോൾ ആ ഗവൺമെന്റിൽ പങ്കാളികളായിരുന്ന ദ്രാവിഡകക്ഷിയിൽപ്പെട്ട മൂന്നുപേരെ പുറത്താക്കിയില്ലെങ്കിൽ പിന്തുണ പിൻവലിക്കുമെന്ന് കോൺഗ്രസ് പറഞ്ഞു. അതിന് ഐ.കെ. ഗുജ്റാൾ തയ്യാ റായില്ല. പക്ഷേ ആ കക്ഷിയിൽപ്പെട്ട ആളുകളെക്കൊണ്ട് നിരവധി വർഷം കോൺഗ്രസ് പിന്നീട് ഭരണം നടത്തിയില്ലേ? അധികാരം നിലനിർത്താനായി എപ്പോഴും അവസരവാദപരമായ നിലപാട് സ്വീകരിച്ച കോൺഗ്രസ് പാർട്ടി ബി.ജെ.പി.ക്ക് ബദൽ അല്ല. ബി.ജെ.പി.ക്കും കോൺഗ്രസിനുമെതിരായി കേരളത്തിൽ ഐക്യത്തോടെ ഇടതുപക്ഷജനാധിപത്യ മുന്നണി രൂപപ്പെട്ടിരി ക്കുന്നതുപോലെ കേന്ദ്രത്തിലും രൂപപ്പെട്ടുവരും എന്ന പ്രതീക്ഷയിലാണ് നമ്മുടെ നാട്ടിലെ ജനങ്ങൾ. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനവിരുദ്ധ ഗവൺമെന്റിനെതിരെ ശക്തമായ തിരിച്ചടി ജനങ്ങൾ നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u> : സർ, അതെന്റെ ഭാര്യയായിരിക്കില്ല. മറ്റാരുടെയെങ്കിലും ഭാര്യയായിരിക്കും. ചിലപ്പോൾ സരിത എസ്. നായർ ആയിരിക്കും. ശ്രീ. പി. സി. ജോർജിന്റെ എവിടെയൊക്കെയാണ് നരേന്ദ്ര മോഡിയുടെ പടമുള്ളതെന്നും ആ ബനിയൻ അദ്ദേഹം അടിയിൽ ഇട്ടിട്ടുണ്ടോ യെന്നും എനിക്കറിയില്ല. എന്തായാലും പല ആളുകളും അടിയിൽ കാക്കി ട്രൗസറും മുകളിൽ ഖദറും ധരിച്ച് ഇതിനകത്ത് ഇരിക്കുന്നുണ്ട്. അവർക്ക്

താൽപ്പര്യം ബി.ജെ.പി. യോടാണ്. ഇവർക്ക് എന്ത് രാഷ്ട്രീയമാണുള്ളത്. ലീഗിന് കോൺഗ്രസ്സിൽ വിശ്വാസം നഷ്ടപ്പെട്ടു. അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് വോട്ട് ചോദിക്കാൻ കഴിയുമോയെന്ന് ഞാൻ മാണിസാറി നോട് ചോദിക്കുകയാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ രാജിവയ്ക്കുമെന്ന് പറഞ്ഞു. കസ്തൂരി രംഗൻ റിപ്പോർട്ട് കൊണ്ടുവന്നതും നോട്ടിഫിക്കേഷൻ കൊണ്ടുവന്നതും ഞങ്ങളാണോ, കോൺഗ്രസ്സല്ലേ. ശ്രീ. റോഷി അഗസ്റ്റിനും മാണിസാറിനും മലയോരത്ത് പോയി കോൺഗ്രസ്സിനുവേണ്ടി വോട്ട് ചോദിക്കാൻ കഴിയുമോ? പറ്റില്ല. റബ്ബ റിന്റെ വില തകർത്തുകളഞ്ഞില്ലേ; ഇതിനെല്ലാം ആരാണ് ഉത്തരവാദി? ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.എം. മാണിക്ക് ഗവൺമെന്റിനോട് സമരം ചെയ്യേണ്ടി വന്നില്ലേ? രാസവിളത്തിന്റെ സബ്സിഡി പിൻവലിച്ചില്ലേ? ഇത്രയും ചെയ്തിട്ട് കോൺഗ്രസ്സിന് വോട്ട് ചോദിക്കണമെന്ന് പറയാൻ ശ്രീ. പി. സി. ജോർജിന് കഴിയുമോ? അങ്ങനെ ചോദിച്ചാൽ നാട്ടുകാരടിക്കും. ശ്രീ. പി. സി. ജോർജ് എത്ര മഹാനായാലും ശരി, ജനങ്ങളോട് രാഷ്ട്രീയം പറയുമ്പോൾ, എന്താണ് വിലക്കയറ്റത്തിന് കാരണമെന്ന് ചോദിക്കും. ഇവിടെ ജി.ഡി.പി.യുടെ 0.5 ശതമാനയി സബ്സിഡി വെട്ടിക്കുറയ്ക്കണമെന്ന് ആസൂത്രണ കമ്മീഷൻ പറഞ്ഞപ്പോൾ അതംഗീകരിച്ചുകൊടുത്തത് കോൺഗ്രസ്സാണ്. ശ്രീ. മൊണ്ടേഗ് സിംഗ് അലുവാലിയ പറഞ്ഞപ്പോൾ അംഗീകരിച്ച കോൺഗ്രസ്സിന് വോട്ട് ചോദിക്കാൻ മാണിസാറിനോ, മുസ്ലീം ലീഗിനോ പറ്റുമോ? ശ്രീ. പി. സി. ജോർജിനെ പോലുള്ള ആളുകൾ ശ്രീ. നരേന്ദ്ര മോഡിയുടെ പടമുള്ള ബനിയനുമിട്ട് നട ക്കുകയാണ്. അതൊന്നും ചോദ്യം ചെയ്യാൻ കഴിയാത്തതിനുകാരണം അധി

കാര രാഷ്ട്രീയമാണ്. ഞാൻ അധികം നീട്ടുന്നില്ല. സത്യത്തിൽ ഞാൻ ഇന്നിവിടെ പ്രസംഗിക്കാൻ തീരുമാനിച്ചത് അങ്ങയുടെ സ്ഥാനത്തിരിക്കുന്ന ബഹുമാന്യനായ സ്പീക്കർ നാളെ ആ സ്ഥാനത്തുണ്ടാകുമോയെന്ന് സംശയമുള്ളതുകൊണ്ടാണ്. കാരണം കോൺഗ്രസ്സ് പുതിയ പരിപാടികളാണ് നടത്തുന്നത്. കെ.പി.സി.സി. പ്രസിഡന്റ് അഞ്ചാം സ്ഥാനത്താണ്. സ്പീക്കർ സ്ഥാനമൊഴിഞ്ഞ് കെ.പി.സി.സി. പ്രസിഡന്റായാലും ശ്രീ. കെ. ബി. ഗണേഷ്കുമാറിനെ മാറ്റി ഇവിടെ വന്നിരിക്കും. ഒരു ഗവൺമെന്റിന്റെയും ഒരു പാർട്ടിയുടെയും ഗതികേടാണിത്. ശ്രീ. പിണറായി വിജയൻ ഇവിടെയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അപ്പുറത്തും ഇരിക്കുന്നതും അവിടെ ശ്രീ. സി. ദിവാകരനും ഇപ്പുറത്ത് ശ്രീ. പന്ന്യൻ രവീന്ദ്രൻ ഇരിക്കുന്നതും നമുക്ക് ചിന്തിക്കാൻ കഴിയില്ല. ഞങ്ങൾ രാഷ്ട്രീയ നേതൃത്വത്തെ അതേ രീതിയിൽ കാണുന്ന ആളുകളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സി.പി.ഐ., ശ്രീ. പന്ന്യൻ രവീന്ദ്രന്റെ മുടിപോലെ താഴോട്ട് വളരുന്നുവെന്ന് ഇന്നലെ ഇവിടെ പറയുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി.എസ്. സുനിൽ കുമാർ.......പ്ലീസ് കൺക്ലൂഡ്......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ശ്രീ. ഉമ്മൻ ചാണ്ടി ഈ ഗവൺമെന്റ് അലങ്കോലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഭരണ സംവിധാനം പൂർണ്ണമായി അലങ്കോലപ്പെടുത്തി. കോൺഗ്രസ്സിന്റെ സംഘടനാ രാഷ്ട്രീയം പോലെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുടിപോലെയും ഗവൺമെന്റിനെ അലങ്കോലപ്പെടുത്തി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുടി എങ്ങനെ അലങ്കോലപ്പെട്ടിരി

ക്കുന്നുവോ അതുപോലെ ഈ സർക്കാരിനെയും കോൺഗ്രസ്സിന്റെ സംഘടനാ സംവിധാനത്തെയും അലങ്കോലമാക്കിയതിനെക്കുറിച്ച് പറയുന്നതിനു പകരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നെഞ്ചത്ത് കയറിയിട്ട് കാര്യമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്........പ്ലീസ് കൺക്ലൂഡ്............

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കോൺഗ്രസ്സിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു.

Mr. Deputy Speaker: Yes, your time is over.....please conclude.....please resume your seat.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഒരു പോയിന്റ് കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് പ്രസംഗിക്കാൻ 4 മിനിട്ട് സമയമാണുള്ളത്. ഇപ്പോൾ 5.5 മിനിട്ട് കൂടുതലെടുത്തു. ഒറ്റ വാചകംകൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് നാളെ സ്പീക്കർ ആകേണ്ട ആളാണ്. ഒരു വാചകംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഡൽഹിയിൽ 17 ഇടതുപക്ഷ പാർട്ടികളുടെ യോഗം വിളിച്ചു. ആ യോഗത്തെ നിങ്ങൾ പുച്ഛിക്കണ്ട. അത് ബി.ജെ.പി.–ക്കും കോൺഗ്രസ്സിനും ബദലായി ഇൻഡ്യയിൽ വളർന്നുവരുന്ന വമ്പിച്ച രാഷ്ട്രീയ മുന്നേറ്റത്തിന്റെ തുടക്കമാണ്. ആ തുടക്കത്തിൽ നിങ്ങളുടെ കൂടെനിൽക്കുന്ന പല മാന്യന്മാർക്കും അവിടെ നിന്നും മാറി ഇടതുപക്ഷത്തെ കൂട്ടുപിടിക്കേണ്ട സ്ഥിതിവിശേഷം രാജ്യത്തുണ്ടാകാൻ പോവുകയാണ്. ആ രാഷ്ട്രീയമാണ് 2014 –ലെ തെരഞ്ഞെടുപ്പിൽ കാണുന്നത്. അങ്ങനെവരുമ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ.

രമേശ് ചെന്നിത്തലയും ഒക്കെ അപ്രസക്തരാകും. സമരം പരാജയപ്പെട്ടു വെന്ന് നിങ്ങൾ പറഞ്ഞു. കപട സ്നേഹിതാ നിന്നോട് ജീവിത വ്യഥകൾ ചൊല്ലി പരാജയപ്പെട്ടു ഞാൻ.................(മൈക്ക് ഓഫ്)................

ശ്രീ. കെ. മുരളീധരൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ നിയമസഭ യിൽ ഗവൺമെന്റിനുവേണ്ടി നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടു ത്തിക്കൊണ്ട് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. രണ്ടേമുക്കാൽ വർഷക്കാലം ഈ സംസ്ഥാനത്തിന് ധാരാളം നല്ല കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനം ഈ നിയമസഭയിൽ അഭിമാനത്തോടുകൂടി തന്നെയാണ് ജനാധിപത്യ മുന്നണിയുടെ എം.എൽ.എ. മാർ കേട്ടിരുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ രണ്ടുമൂന്ന് ദിവസമായി നടന്ന ചർച്ചകളിൽ ഇടുതപക്ഷത്തുള്ള സുഹൃത്തുക്കൾ, തെരഞ്ഞെടുപ്പ് നടന്ന അഞ്ച് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് തോറ്റുപോയെന്നും ചെറിയ ഒരു സംസ്ഥാനത്ത് മാത്രമാണ് കോൺഗ്രസ്സ് വിജയിച്ചതെന്നും അതുകൊണ്ടു തന്നെ കോൺഗ്രസ്സ് തകരാൻ പോവുകയാണെന്നും അടുത്ത ലോകസഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് തോൽക്കുമെന്നും പകരം ശ്രീ. നരേന്ദ്ര മോഡിയും കോൺഗ്രസ്സും ഇല്ലാത്ത ഗവൺമെന്റ് അധികാരത്തിൽ വരു മെന്നും പ്രസംഗിക്കുകയുണ്ടായി. ചരിത്രം പരിശോധിച്ചാൽ ചില യാഥാർത്ഥ്യ ങ്ങൾ മനസ്സിലാകും. കഴിഞ്ഞ തെരഞ്ഞെടുപ്പിനെ ചിലരൊക്കെ വിശേഷിപ്പി ച്ചത് ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പുള്ള സെമി ഫൈനൽ എന്നാണ്. സാധാരണ ഫുട്ബോൾ മത്സരങ്ങളിലും വോളിബോൾ മത്സരങ്ങളിലു മൊക്കെ സെമിഫൈനലിൽ തോറ്റവർ ഫൈനലിൽ ക്വാളിഫൈഡല്ല. എന്നാൽ രാഷ്ട്രീയത്തിൽ അങ്ങനെയല്ല. സെമിഫൈനലിൽ തോറ്റവരും ഫൈനലിൽ

ജയിച്ചിട്ടുണ്ട്. ഉദാഹരണമായി, 1998 മുതലാണ് ഈ അഞ്ച് സംസ്ഥാനങ്ങളിൽ ഒരേ സാഹര്യത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നത്. 1998–ൽ നടന്ന തെരഞ്ഞെടുപ്പിൽ, കോൺഗ്രസ്സ് ഭരിച്ചിരുന്ന മദ്ധ്യപ്രദേശിൽ ആ ഭരണം നിലനിർത്തി. രാജസ്ഥാനിലും ഡൽഹിയിലും ബി.ജെ.പി. യിൽ നിന്നും ഭരണം പടിച്ചെടുത്തു. അങ്ങനെ ആ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയമുണ്ടായി. സെമിഫൈനലിൽ കോൺഗ്രസ്സ് ജയിച്ചു. എന്നാൽ മൂന്ന് മാസം കഴിഞ്ഞ് ലോക്സഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ തനിയെ മത്സരിച്ച കോൺഗ്രസ്സ് പരാജയപ്പെട്ടു. അതുകഴിഞ്ഞ് മദ്ധ്യപ്രദേശ് സംസ്ഥാനം വിഭജിച്ച് ഛത്തീസ്ഗഡ് വന്നു. ഭൂരിപക്ഷമുള്ളതുകൊണ്ട് കോൺഗ്രസ്സ് തന്നെ ഛത്തീസ്ഗഡിലും ഗവൺമെന്റ് രൂപീകരിച്ചു. അഞ്ച് സംസ്ഥാനങ്ങളിൽ 2003 ഡിസംബർ മാസം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ഭരിച്ചിരുന്ന രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ ഭരണം നഷ്ടപ്പെട്ടു. അന്ന് ഈ മൂന്ന് സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരായി വന്ന ശ്രീമതി ഉമാ ഭാരതിയും ശ്രീ. രമൺ സിംഗും രാജസ്ഥാനിലെ ശ്രീമതി വസുന്ധര രാജസിന്ധ്യയും ലോകസഭയിൽ അംഗങ്ങളായി. ഇപ്പോൾ ഈ സഭയിലുള്ള ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. രമേശ് ചെന്നിത്തലയും ഞാനുമൊക്കെ അന്ന് എം.പി. മാരാണ്. ആ മൂന്ന് മുഖ്യമന്ത്രിമാരേയും മുന്നിൽ ഇരുത്തിക്കൊണ്ട് അന്ന് ബി.ജെ.പി. വിജയാഘോഷം മുഴക്കിയത് ഞങ്ങൾ ഓർക്കുകയാണ്. ആ വിജയംകണ്ട് അഹങ്കരിച്ചാണ് കാലാവധി അവസാനിക്കാൻ 6 മാസം ബാക്കിയുള്ളപ്പോൾ ആ സഭ പിരിച്ചുവിടുകയും 14–ാം ലോക്സഭയിലേക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തത്. ആ തെരഞ്ഞെടുപ്പ് ഫലം എന്താണെന്ന് നമ്മൾ കണ്ടു. സെമിഫൈ

നലിൽ തോറ്റ കോൺഗ്രസ്സ് പാർട്ടി ഫൈനലിൽ വിജയിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്. പിന്നീട് 2008–ൽ സമാസമം ആയിരുന്നു. ചില സംസ്ഥാനങ്ങൾ പിടിച്ചെടുത്തു, കയ്യിലുണ്ടായിരുന്നത് ചിലത് പോയി. ലോക്സഭ വന്നപ്പോൾ വിജയിച്ചത് കോൺഗ്രസ്സാണ്. അതുകൊണ്ട് നാല് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പരാജയപ്പെട്ടുവെന്ന് കരുതി അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അമ്പേ പരാജയപ്പെടുമെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. ഇവിടെയൊരു കാര്യമുള്ളത്, ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. തെരഞ്ഞെടുപ്പെന്ന് പറയുമ്പോൾ രണ്ട് ദേശീയ കക്ഷികളുടെ നേതൃത്വത്തിൽ നടക്കുന്ന മത്സരമാണ്. ആ രണ്ട് ദേശീയ കക്ഷികൾ നയിക്കുന്നത് മുന്നണി സംവിധാനമാണ്. ഇപ്പോൾ ഏകകക്ഷി ഭരണത്തിന്റെ കാലഘട്ടം കഴിഞ്ഞു പോയെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഈ രാജ്യത്ത് അധികാരത്തിൽ വന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റ് മുതൽ ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് വരെയുള്ള ഗവൺമെന്റുകളുടെ ചരിത്രം പരിശോധിച്ചാൽ, ഒന്നുകിൽ കോൺഗ്രസ് നേതൃത്വം നൽകിയതോ അല്ലെങ്കിൽ കോൺഗ്രസ്സ് പിന്തുണച്ചതോ ആയ ഗവൺമെന്റുകളോ അല്ലെങ്കിൽ അന്ന് ജനസംഘം ഉൾപ്പെട്ട ഗവൺമെന്റോ ആയിരിക്കും. ജനസംഘം പിന്നീട് ബി.ജെ.പി. ആയി മാറിയപ്പോൾ ബി.ജെ.പി. നയിച്ചതും പിന്തുണച്ചതുമായ ഗവൺമെന്റുകൾ അധികാരത്തിൽ വന്നു. ഇതല്ലേ ഇൻഡ്യയിൽ ഉണ്ടായിട്ടുള്ളത്. ഈ രണ്ട് കൂട്ടരേയും മാറ്റി പ്രതിപക്ഷത്തിരുത്തിക്കൊണ്ട് ഏതെങ്കിലും ഒരു ഭരണസംവിധാനം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ടോ? ആദ്യത്തെ കോൺഗ്രസ്സേതര ഗവൺമെന്റ് എന്നു പറയുന്നത് മൊറാർജി ദേശായിയുടെ ഗവൺമെന്റാണ്. ആ ഗവൺമെന്റിലെ ശ്രീ. എൽ.

കെ. അദ്വാനിയും എ.ബി. വാജ്പേയിയും ജനസംഘത്തിലെ അംഗങ്ങളായിരുന്നു. ജനസംഘത്തിന്റെ പ്രതിനിധികൾ ജനതാ പാർട്ടിയിൽ ലയിച്ചതിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ആദ്യമായി പരാജയപ്പെട്ടു. ആ തെരഞ്ഞെടുപ്പിൽ. വിജയിച്ചത് ജനസംഘം ഉൾപ്പെട്ട ജനതാ പാർട്ടിയായിരുന്നു.

അങ്ങനെ അവർ ഗവൺമെന്റുണ്ടാക്കി. ആ ഗവൺമെന്റിനെ തകർത്തത് കോൺഗ്രസ്സല്ല. തമ്മിലടിച്ചതുകൊണ്ടാണ് ആ ഗവൺമെന്റ് തകർന്നത്. ആ ഗവൺമെന്റ് തകർന്നപ്പോൾ കോൺഗ്രസ്സിന്റെ പിൻതുണയോടുകൂടി ചരൺസിംഗ് പ്രധാനമന്ത്രിയായി. പിന്നീട് കോൺഗ്രസ് തിരിച്ചുവന്നു. വീണ്ടും ഒരു കോൺഗ്രസ്സിതര ഗവൺമെന്റ് ഉണ്ടാകുന്നത് വി.പി. സിംഗിന്റെ കാലത്തായിരുന്നു. അന്ന് ഞാനും പാർലമെന്റിൽ അംഗമായിരുന്നു. ആ സഭയിൽ ഇടതുപക്ഷത്തിന്റെയും ബി. ജെ. പി യുടെയും പിന്തുണയോടുകൂടിയാണ് വി.പി സിംഗ് അധികാരത്തിൽ വന്നത്. പിന്നീട് വന്ന ചന്ദ്രശേഖരന്റെയും ദേവഗൗഡയുടെയും ഐ. കെ. ഗുജറാളിന്റെയും ഗവൺമെന്റുകൾ കോൺഗ്രസ്സ് പിൻതുണയോടുകൂടി വന്നവയാണ്. അതുപോലെതന്നെ, വാജ്പേയിയുടെ ബി. ജെ. പി. ഗവൺമെന്റ്, ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമല്ലേ? പതിനഞ്ചോ പതിനേഴോ പാർട്ടികളുടെ ഒരു സമ്മേളനം ഡൽഹിയിൽ ചേർന്നുവെന്ന് നേരത്തെ ശ്രീ വി. എസ്. സുനിൽ കുമാർ, ഇവിടെ പറയുകയുണ്ടായി. സമ്മേളനമൊക്കെ ചേരാറുണ്ട്, പക്ഷെ അവരൊക്കെ ഒരു നിർണ്ണായക ഘട്ടത്തിൽ കൂടെനിൽക്കും എന്ന് എന്താണ് ഉറപ്പ്? ഉദാഹരണമായി, തമിഴ്നാട്ടിൽ അണ്ണാ ഡി.എം.കെ.യും ഡി.എം.കെ.യുമുണ്ട്, ഇവർ രണ്ടുപേരും ഒരുമിച്ചിരിക്കുമോ? ഈ രണ്ടുപേരുംകൂടി ഒരു ഗവൺമെന്റ് ഉണ്ടാക്കുന്നകാലം വന്നാൽ, കുറുക്കനും കോഴിയും ഒരുമിച്ചിരിക്കുമായി

രിക്കും, പക്ഷെ ഡി.എം.കെ.യും അണ്ണാ ഡി.എം.കെയും ഒരുമിച്ചിരിക്കുമെന്ന് ആരും പ്രതീക്ഷിക്കേണ്ട. അതുതന്നെയാണ് ഉത്തർപ്രദേശിലെ സ്ഥിതിയും. മുലായംസിംഗും മായാവതിയും ആജന്മശത്രുക്കളെപ്പോലെ പെരുമാറുകയാണ്. 1998–ൽ ജയലളിതയുടെ പിന്തുണയോടുകൂടിയാണ് അന്നത്തെ വാജ്പേയി ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അധികാരത്തിൽ വന്ന് പതിമൂന്നാമത്തെ മാസം അണ്ണാ ഡി.എം.കെ. പിന്തുണ പിൻവലിക്കുന്നതു വരെ ഡി.എം.കെ എന്തൊരു ബി.ജെ.പി വിരുദ്ധ പ്രസംഗം ആയിരുന്നു. പക്ഷെ അണ്ണാ ഡി.എം.കെ. പിന്തുണ പിൻവലിച്ചുവെന്നറിഞ്ഞ നിമിഷംതന്നെ ഡി.എം.കെ. വാജ്പേയിയെ പോയിക്കണ്ട് പിന്തുണ പ്രഖ്യാപിച്ചു, അതാണ് അവരുടെ നയം എന്നുപറയുന്നത്. മുമ്പ് പ്രതിപക്ഷനേതാവും മറ്റ് പല നേതാക്കളും ഉൾപ്പെട്ട സെക്രട്ടേറിയറ്റിനുമുമ്പിലെ സമരം ശ്രീ. പ്രകാശ് കാരാട്ടാണ് ഉദ്ഘാടനം ചെയ്തത്. പക്ഷേ ഞാൻ പത്രത്തിൽ വായിച്ചത് ദേവഗൗഡയാണ് ഉദ്ഘാടനം ചെയ്യുന്നത് എന്നാണ്. അന്ന് ദേവഗൗഡ വരുമ്പോൾ അദ്ദേഹത്തിന്റെ മകന്റെ ഭാര്യ ബി. ജെ. പി. പിന്തുണയോടുകൂടി ബാഗ്ലൂർ നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി മത്സരിക്കുകയാണ്. അങ്ങനെ തരംകിട്ടിയാൽ ബി.ജെ.പി.യോടൊപ്പം പോകാൻ തയ്യാറുള്ളവരാണ് ഇന്ന് ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഉള്ളത് എന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് കോൺഗ്രസ്സോ ബി.ജെ.പി.യോ എന്നുള്ളതിലല്ല, തീർച്ചയായിട്ടും ഞാൻ ഇവിടെ പറഞ്ഞതുപോലെ ഇടതുപക്ഷം ഒരുകാലത്തും കോൺഗ്രസ്സിന് തൊട്ടുകൂടാത്തവരോ തീണ്ടിക്കൂടാത്തവരോ അല്ല. ഇടതുപക്ഷത്തിന്റെ പിൻതുണയുണ്ടായിരുന്ന ഇന്ദിരാഗാന്ധി ഗവൺമെന്റാണ് 1969–ൽ സ്വകാര്യ ബാങ്കുകൾ ദേശസാൽക്കരിച്ചത്. പിന്നീട് 9 വർഷത്തോളം കോൺഗ്രസ്സും

സി.പി.ഐ.–യും ഒരുമിച്ച് കേരളത്തിൽ ഭരണം നടത്തിയിട്ടുണ്ട്. അച്ചുതമേനോന്റെ ഗവൺമെന്റ്, ഒരു മാസം മാത്രം നീണ്ടുനിന്ന കെ. കരുണാകരന്റെ ഗവൺമെന്റ്, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ്, പിന്നീടുവന്ന പി.കെ.വി.യുടെ ഗവൺമെന്റ് ഇവയെല്ലാം കോൺഗ്രസ്സും സി.പി.ഐ.–യും കൂടിയുള്ള ഗവൺമെന്റായിരുന്നു. അതുപോലെതന്നെ, 2004 മുതൽ 2008 വരെ ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടിത്തന്നെയാണ് കോൺഗ്രസ്സ് ഭരിച്ചിട്ടുള്ളത്. അതുകൊണ്ട് ഇടതുപക്ഷത്തെ കൂട്ടാതെ ഭരിക്കുമെന്നൊന്നും ഞങ്ങൾ പറയുന്നില്ല. പക്ഷെ, അന്ധമായ കോൺഗ്രസ്സ് വിരോധം ഇടതുപക്ഷത്തിലെ ചില നേതാക്കന്മാർക്കുണ്ട്. ഹർകിഷൻ സിംഗ് സുർജിതിനെപ്പോലുള്ള നേതാക്കന്മാർ യാഥാർത്ഥ്യം മനസ്സിലാക്കിയ നേതാക്കന്മാരായിരുന്നു. 2004–ലെ തെരെഞ്ഞെടുപ്പ് കഴിഞ്ഞാൽ നിങ്ങളുടെ നിലപാട് എന്തായിരിക്കുമെന്ന് അദ്ദേഹത്തിനോട് ചോദിച്ചപ്പോൾ, അദ്ദേഹം ധൈര്യപൂർവ്വം പറഞ്ഞത് കോൺഗ്രസ്സും ഞങ്ങളും തമ്മിൽ ബംഗാളിലും കേരളത്തിലുമൊക്കെ ഏറ്റുമുട്ടാറുണ്ടെങ്കിലും അവിടെ ഞങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്നതിന്റെ മെച്ചം ബി.ജെ.പി.ക്കില്ല എന്നാണ്. ഞങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന എവിടെയെങ്കിലും ബി.ജെ.പി.ക്ക് ഗുണം കിട്ടിയാൽ ഞങ്ങൾ ബി.ജെ.പി.ക്കെതിരായ സമീപനം സ്വീകരിക്കുമെന്ന് വളരെ പരസ്യമായി പറഞ്ഞുകൊണ്ട് അദ്ദേഹം ഇടതുപക്ഷവും യു.പി.എ.–യുമായി ഒരു കോ–ഓർഡിനേഷൻ കമ്മിറ്റിയുണ്ടാക്കി. ദൗർഭാഗ്യമെന്നുപറയട്ടെ, ശ്രീ. പ്രകാശ് കാരാട്ട് വന്ന് അതുപൊളിച്ചു. അതാണതിന്റെ യാഥാർത്ഥ്യം. ഇപ്പോഴും ശ്രീ. പ്രകാശ് കാരാട്ട് നടക്കാത്ത സ്വപ്നങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു തെരെഞ്ഞെടുപ്പിൽ ഒരാൾ തോറ്റുവെന്നുവച്ച് എല്ലാം തകർന്നുവെന്ന് പറഞ്ഞാൽ പറ്റുമോ? 1988–ൽ

ഹരിയാനയിൽ കോൺഗ്രസ്സിന് ആകെ അഞ്ച് സീറ്റാണുണ്ടായിരുന്നത്. അന്ന് ഇവിടെ കേരളാ കോൺഗ്രസ്സിനുണ്ടായിരുന്ന സീറ്റുപോലും ഹരിയാനയിൽ ഞങ്ങൾക്കുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ 10 വർഷമായി ഹരിയാന ഭരിക്കുന്നതാരാണ്; കോൺഗ്രസ്സല്ലേ? പിന്നെ ആം ആദ്മി പാർട്ടി ഡൽഹി യിൽ വന്നുവെന്ന് പറഞ്ഞു. ഒരു കാര്യം ഇടതുപക്ഷം മനസ്സിലാക്കണം, ഇപ്പോൾ ഈ നാല് സംസ്ഥാനങ്ങളിൽ നടന്ന തെരെഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടപ്പോൾ ഇടതുപക്ഷത്തിന് എന്തെങ്കിലും നേട്ടമുണ്ടായോ? ഡൽഹിയിൽ ജനങ്ങൾ വോട്ടുചെയ്തത് ആം ആദ്മി പാർട്ടിക്കാണെന്നു കരുതി അത് എന്നും നിലനിൽക്കുന്നതൊന്നുമല്ല. അധികാരത്തിന് പുറത്തു ള്ളപ്പോൾ ആർക്കും എന്തും വിളിച്ചുപറയാം. രാംലീല മൈതാനത്ത് യോഗം വിളിച്ചുകൂട്ടി ഞങ്ങൾ ബില്ല് പാസ്സാക്കുമെന്ന് അവർ പറഞ്ഞു; അങ്ങനെ ചെയ്യാൻ കഴിയുമോ? ഉദാഹരണത്തിന്, കേരളത്തിൽ ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും നിയമം നിർമ്മിക്കുന്നത് ഈ നിയമസഭയ്ക്കക ത്താണ്. അല്ലാതെ ആർക്കും പുത്തരിക്കണ്ടം മൈതാനത്തുപോയി നിയമം പാസ്സാക്കാൻ കഴിയില്ല. വലിയ വീരവാദം പറഞ്ഞു, പക്ഷേ, ഇപ്പോൾത്തന്നെ അധികാരത്തിൽ വന്ന് രണ്ടാഴ്ചകഴിഞ്ഞപ്പോൾ ആരുമറി യാതെ മുഖ്യമന്ത്രിയുടെ ബംഗ്ലാവിന് തുല്യമായിട്ടുള്ള ട്വിൻ ഫ്ളാറ്റാണ് എടുത്തത്. നാട്ടുകാർ കണ്ടുപിടിച്ചപ്പോൾ അത് വേണ്ടെന്ന് പറഞ്ഞു. ആദ്യം വേണ്ടെന്ന് പറഞ്ഞില്ല. അലോട്ട് ചെയ്ത് താമസിക്കാൻ തീരുമാനിച്ച പ്പോഴാണ് അധികാരത്തിനോട് ഇത്രയധികം വിരോധമുള്ള ഒരാൾ എന്തിനു വേണ്ടിയാണ് ഈ വലിയ വീടെടുത്തതെന്ന് ചില ആളുകൾ ചോദിക്കാൻ തുടങ്ങിയത്. അപ്പോഴാണ് ഫ്ളാറ്റ് വേണ്ടെന്ന് പറഞ്ഞത്. കഴിഞ്ഞ ദിവസം

ഒരു മന്ത്രിയെ ആളുകൾ കല്ലെറിഞ്ഞു. കുറച്ചുോകഴിയുമ്പോൾ പോലീസ് പ്രൊട്ടക്ഷൻ വരും. പോലീസ് പ്രൊട്ടക്ഷൻ വരുമ്പോൾ താമസിക്കാൻ നല്ല വീടുവേണമെന്ന് പറയും. അതുകഴിയുമ്പോൾ, ഇത്രയുമായി ഇനി കാറിനുമുകളിൽ ലൈറ്റ് വച്ചാലെന്തെന്നാകും. കാറിനുമുകളിൽ ലൈറ്റ് വയ്ക്കുന്നതു കൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ? അല്ലെങ്കിൽ മഹാത്മാ ഗാന്ധി ചെയ്തതുപോലെ ഭരിക്കാൻ പോകരുത്. അദ്ദേഹം രാഷ്ട്രീയത്തിനോട് പുറംതിരിഞ്ഞു നിന്നല്ലോ. ഭരിക്കുമ്പോൾ ഭരിക്കുന്നതിന് ചില രീതികളൊക്കെയുണ്ട്. പുറത്തുനിന്ന് എന്തും പറയാം. ഡൽഹിയിൽ കോൺഗ്രസ്സ് പരാജയപ്പെട്ടുവെന്നുപറഞ്ഞാൽ കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയല്ലേ ഇന്ന് ആം ആദ്മി പാർട്ടി ഭരിക്കുന്നത്. അവിടെ ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാനും 1965-ലെ കേരളത്തിന്റെ സ്ഥിതി ഡൽഹിയിൽ ഉണ്ടാകാതിരിക്കാനുമാണ് ആം ആദ്മി പാർട്ടിക്ക് കോൺഗ്രസ്സ് പിന്തുണ നൽകിയത്. എന്നുകരുതി ആ പിന്തുണ അത്ര പെട്ടെന്ന് പിൻവലിക്കുമെന്ന് ആരും കരുതേണ്ട. കാരണം അവരെ കുറച്ച് സമയം ഭരണത്തിലിരുത്തി അവർ പറയുന്നതെല്ലാം പൊള്ളയായിരുന്നുവെന്ന് തെളിയുന്നതുവരെ കോൺഗ്രസ്സ് പിന്തുണ പിൻവലിക്കുമെന്നൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് തീർച്ചയായും അടുത്ത ലോകസഭാ തെരെഞ്ഞെടുപ്പിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന യു.പി.എ... ഇപ്പോൾ ഇടതുപക്ഷത്തിലെ ഘടകകക്ഷികളൊക്കെ ഞങ്ങളുടെ കൂടെയല്ലേ, എൻ.സി.പി. ഘടകകക്ഷിയല്ലേ? അതുകൊണ്ട് അന്ധമായ കോൺഗ്രസ്സ് വിരോധത്തിനൊന്നും ഇവിടെയൊരു പ്രസക്തിയുമില്ല. കേരളത്തെ സംബന്ധിച്ച് പറയുമ്പോൾ, ഗവൺമെന്റിന് തെറ്റുകളും കുറ്റങ്ങളുമുണ്ടെങ്കിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചി

ട്ടുണ്ട്, അത് ശരിയാണ്. കോൺഗ്രസ്സിലെ വഴക്കൊക്കെ എല്ലാപേർക്കും അറിയാവുന്നതാണ്. ഞങ്ങൾ അതൊന്നും മൂടിവയ്ക്കാറില്ല. ചിലപ്പോൾ പരസ്യപ്രസ്താവനകളൊക്കെ വരാറുണ്ട്. പക്ഷേ ഞാൻ ചോദിക്കട്ടെ, മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതിയെന്താണ്? ഇന്ന്, ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിന് അനുകൂലമായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണമൂലമാകാമെന്ന ശ്രീ. പിണറായി വിജയന്റെ പ്രസ്താവന കണ്ടു. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിനെ പിന്തുണച്ച ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നിലപാട് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണമൂലമാകാമെന്ന് ശ്രീ. പിണറായി വിജയൻ. മാത്രമല്ല, ഇപ്പോൾ ഒഞ്ചിയം സംഭവത്തിനുശേഷം, ഒരു കാലത്ത് മാർക്സിസ്റ്റ് പാർട്ടി ശ്രീ. എം. വി. രാഘവനെ പുറത്താക്കി, പാർട്ടിയിലൊന്നും സംഭവിച്ചില്ല, ശ്രീമതി കെ. ആർ. ഗൗരിയമ്മയെ പുറത്താക്കി, മാർക്സിസ്റ്റ് പാർട്ടി ശക്തമായി മുന്നോട്ടുപോയി. പണ്ടുകാലത്ത് ചാത്തുണ്ണി മാഷിനെ പുറത്താക്കി, പാർട്ടി ശക്തമായി മുന്നോട്ടുപോയി. ഇന്ന്, ഒരു ബ്രാഞ്ച് സെക്രട്ടറിയെ പുറത്താൻ ആ പാർട്ടിക്ക് കഴിയുന്നുണ്ടോ? അവസാനം അവർ പറയുന്ന ദിക്കിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്ന് എത്തിക്കുകയല്ലേ? ഇപ്പോൾ ശ്രീ. കെ. ദാസന്റെ നിയോജക മണ്ഡലമായ കൊയിലാണ്ടിയിൽ മുൻസിപ്പൽ ചെയർമാൻ പറഞ്ഞതുപോലെ ചെയ്യേണ്ടി വന്നില്ലേ; ബാലകൃഷ്ണൻ എന്നുപറയുന്ന ലോക്കൽ സെക്രട്ടറി പറഞ്ഞത് എനിക്ക് വേറെ ആലോചിക്കേണ്ടിവരുമെന്നാണ്. അപ്പോൾ ഒഞ്ചിയത്തെ അനുഭവമുള്ളതുകൊണ്ട് അവർ പറയുന്നതുപോലെ ചെയ്തു. മുമ്പ് നേതാക്കന്മാർ പറഞ്ഞാൽ അനുസരിക്കാൻ അണികളുണ്ടായിരുന്നു. ഇന്ന്, അണികൾ പറയുന്നത് അനുസരിക്കേണ്ട സ്ഥിതിയിലേക്ക് മാർകിസിസ്റ്റ് പാർട്ടിയെത്തി. ഒരു കേഡർ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയിൽ ഈ സ്ഥിതിയാണെങ്കിൽ ഒരു

ജനാധിപത്യ പാർട്ടിയായ കോൺഗ്രസ്സിൽ അന്നുമിന്നും തട്ടലും മുട്ടലുമൊക്കെയുണ്ട്. അതിന്നുമുണ്ട്, നാളെ ഉണ്ടായിയെന്നും വരും. അതുവിചാരിച്ച് കോൺഗ്രസ്സ് തകരുമെന്ന് ആരും സ്വപ്നം കാണേണ്ട കാര്യമില്ല. പിന്നെ ഇവിടെ മാർക്സിസ്റ്റ് പാർട്ടി നടത്തിയ സമരങ്ങൾ. എന്തുകൊണ്ട് നിങ്ങളുടെ സമരം പരാജയപ്പെട്ടു? ഇവിടെ നിങ്ങളുടെ സമരം പരാജയപ്പെട്ടതിനു കാരണം നിങ്ങളുടെ ദീർഘവീക്ഷണമില്ലായ്മയാണ്. സെക്രട്ടറിയേറ്റ് ഉപരോധത്തിന് ഒരു ലക്ഷം പേർ പങ്കെടുത്തുവെന്ന് നിങ്ങൾ പറഞ്ഞു. 30,000–ത്തോളംപേർ പങ്കെടുത്തു, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. വേണമെങ്കിൽ നിങ്ങൾ പറയുന്ന അത്രയും ഞാൻ അംഗീകരിച്ചുതരാം. പക്ഷേ എന്തുകൊണ്ടാണ് 30 മണിക്കൂർ കഴിഞ്ഞപ്പോൾ ഉപരോധം നിർത്തേണ്ടി വന്നത്? കഴിഞ്ഞ നിയമസഭയിൽ മുഖ്യമന്ത്രി ഒരു കാര്യം പറഞ്ഞല്ലോ, പോലീസിന്റെ പ്രാഥമികാന്വേഷണം കഴിയുന്നതുവരെ മറ്റ് അന്വേഷണങ്ങളില്ല. ആ അന്വേഷണം കഴിഞ്ഞാൽ നിങ്ങൾ പറയുന്ന ഏത് അന്വേഷണം നടത്താനും ഞാൻ തയ്യാറാണ് എന്ന് മുഖ്യമന്ത്രി പറഞ്ഞില്ലേ; നിങ്ങൾക്ക് ജുഡീഷ്യൽ അന്വേഷണം വേണോ തയ്യാറാണ്, സി.ബി.ഐ. അന്വേഷണമാണോ വേണ്ടത്, അതിനും തയ്യാറാണ്. അതല്ലേ മുഖ്യമന്ത്രി പറഞ്ഞത്; നിങ്ങൾ സമരം നടത്തിയിട്ട് അതിനപ്പുറമായി എന്തെങ്കിലും സംഭവിച്ചോ? 30 മണിക്കൂർ കഴിഞ്ഞിട്ടും ആ നിലപാടിൽത്തന്നെയാണ് മുഖ്യമന്ത്രി നിന്നത്. പക്ഷേ സമരത്തിനുവന്ന പ്രവർത്തകർ ഒരു പരിധികഴിഞ്ഞാൽ കൺട്രോൾ വിട്ടുപോകുമെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കിയില്ല. അതുപോലെതന്നെ വന്നവർക്കൊക്കെ നല്ല സദ്യയും കാര്യങ്ങളുമൊക്കെ കൊടുത്തു. ഒരു മനുഷ്യന്റെ ശരീരഘടന നിങ്ങളോർത്തില്ല. ഇൻപുട്ടുണ്ടെങ്കിൽ ഔട്ട് പുട്ടു

ണ്ടാകും അതൊരു യാഥാർത്ഥ്യമാണ്. അല്ലെങ്കിൽത്തന്നെ മാലിന്യങ്ങൾ കാരണം നഗരം ചീഞ്ഞ് നാറുകയാണ്. അതിനുപുറമേ....... ഇന്നലെ ശ്രീ. റ്റി. വി. രാജേഷാണ് പറഞ്ഞത്, പൊതു കക്കൂസ് പൂട്ടിയിട്ടുവെന്ന്. ഒരു പൊതു കക്കൂസല്ല, ഒരായിരം പൊതു കക്കൂസുണ്ടെങ്കിലും തികയാത്ത സ്ഥിതിയായി രുന്നു അന്ന്. നഗരത്തിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടുമെന്ന് മനസ്സിലാക്കിയ പ്പോൾ സമരം നിർത്തി. അതാണ് ഞാൻ പറഞ്ഞത് ദീർഘവീക്ഷണമില്ലാതെ പോയി, അതുകൊണ്ട് പറ്റിയതാണ്. അല്ലാതെ നിങ്ങളുടെ എല്ലാ സമരങ്ങളും പൊളിയുമെന്നൊന്നും ഞാൻ പറയുന്നില്ല. ദീർഘവീക്ഷണമില്ലാതെ നിങ്ങൾ സമരം നടത്തി.

രണ്ടാമത് ക്ലിഫ് ഹൗസ് ഉപരോധം നടത്തി. ക്ലിഫ് ഹൗസ് ഉപരോധ ത്തിൽ എന്താണുണ്ടായത്? ഉപരോധത്തിന്റെ രണ്ടാം ദിവസം മുഖ്യമന്ത്രി യുടെ ജനസമ്പർക്ക പരിപാടി ഇടുക്കിയിൽ നടക്കുകയാണ്. തൊടുപുഴ യിലെ ജനസമ്പർക്ക പരിപാടിയുടെയന്ന് ആരെ തയടാനാണ് നിങ്ങൾ ക്ലിഫ് ഹൗസിൽ പോയത്; അവിടെ താമസിക്കുന്ന പാവപ്പെട്ട ആളുകളെ തടയാ നാണോ; അതോ അവിടെ താമസിക്കുന്ന മറ്റുമന്ത്രിമാരെ തടയാനോ? അവിടെ മറ്റ് മന്ത്രിമാർ മാത്രമല്ല സാധാരണക്കാർവരെയുണ്ട്. സ്ത്രീക ളൊക്കെ ചൂലെടുക്കാൻ പോവുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. എന്നാൽ ക്ലിഫ് ഹൗസ് ഉപരോധത്തിന്റെ മൂന്നാം ദിവസം ഒരു സ്ത്രീ പൊട്ടിത്തെറിച്ചു. അവർ പൊട്ടിത്തെറിച്ചതിൽ നിങ്ങൾ വലിയ രാഷ്ട്രീയമൊന്നും കാണണ്ട. അവർ കോൺഗ്രസ് പാർട്ടിക്കാരിയുമല്ല. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ ഒരു പ്രസ്താവന നടത്തി, അവർ മുരളീധ രനുവേണ്ടി പ്രവർത്തിച്ചുവെന്ന്. അവർ എന്റെ നിയോജകമണ്ഡലത്തിലെ വോട്ടർപോലുമല്ല. അവർ കരകുളം പഞ്ചായത്തിൽ ശ്രീ. പാലോട് രവി

യുടെ നിയോജകമണ്ഡലത്തിലുള്ളവരാണ്. അവർ ഇവിടെ വന്നുതാമസിക്കുന്നത് മക്കളെ പഠിപ്പിക്കാനാണ്. രണ്ടുദിവസമായി ബാരിക്കേഡ് കെട്ടി സഞ്ചാരം തടസ്സപ്പെടുത്തിയപ്പോൾ അവർ പൊട്ടിത്തെറിച്ചു. നാളെ ഞങ്ങൾ സമരം നടത്തിയാലും ഇതുതന്നെയാണ് സ്ഥിതി. അത് ജനങ്ങളുടെ വികാരമാണ്. ഇന്നത്തെ ജനങ്ങൾ പഴയതുപോലെയല്ല; പ്രത്യേക രാഷ്ട്രീയപാർട്ടിയോടൊന്നും ആഭിമുഖ്യമില്ലാത്തവരാണ്. അവർക്ക് കോൺഗ്രസ്സെന്നോ മാർക്സിസ്റ്റെന്നോ ഒന്നുമില്ല. അവരുടെ കാര്യം നടന്നില്ലെങ്കിൽ അവർ പ്രതികരിക്കും. അതിന്റെയൊരു ഭാഗമായി ഇതിനെ കണ്ടാൽ മതി. അതിനുപകരം ശക്തമായി പ്രതികരിച്ചുകൊണ്ട് അവരുടെ വാഴയൊക്കെ വെട്ടി നശിപ്പിച്ചിട്ട് എന്താണ് കാര്യം? അപ്പോൾ അവിടേയും ദീർഘവീക്ഷണമുണ്ടായില്ല. മുഖ്യമന്ത്രിയെ ബഹിഷ്ക്കരിച്ചുവെന്നു പറഞ്ഞു, എന്നിട്ടെന്തുണ്ടായി? തിരുവനന്തപുരത്ത് രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ പ്രധാനമന്ത്രിയോ വരുമ്പോൾ തിരുവനന്തപുരത്ത് ആരാണോ അന്നത്തെ മേയർ അവർ ഗൗണിട്ട് പോയി സ്വീകരിക്കില്ലേ? പാവം തിരുവനന്തപുരത്തെ മേയർ ഗൗണിട്ട ഫോട്ടോ കണ്ടിട്ട് എത്രകാലമായി. ഞങ്ങൾ പലപ്പോഴും ചില പരിപാടികളിൽ ഒരുമിച്ചുണ്ടാകാറുണ്ട്. ഉപരാഷ്ട്രപതി പങ്കെടുത്ത ഒരു ഫങ്ഷൻ ഞാൻ ഓർക്കുകയാണ്. മസ്കറ്റ് ഹോട്ടലിൽ വച്ചായിരുന്നു ആ ഫങ്ഷൻ നടന്നത്. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന ശ്രീ. പണിക്കർ എഴുതിയ ഒരു പുസ്തകത്തിന്റെ പ്രകാശനമായിരുന്നു. ശ്രീ. പണിക്കർ കറകളഞ്ഞ ഇടതുപക്ഷക്കാരാനാണ്. ആ ചടങ്ങിലേക്ക് ശ്രീ. എം.എ. ബേബി പ്രാസംഗികനായിരുന്നു. ലോക്കൽ എം.എൽ.എ. എന്ന നിലയിൽ എനിക്ക് സ്റ്റേജിൽ ഒരു സീറ്റ് കിട്ടി. ശ്രീ. എം.എ. ബേബി വന്നപ്പോൾ സ്റ്റേജിൽ കയറാൻ നിവൃത്തിയില്ല. കാരണം സ്റ്റേജിൽ മുഖ്യമന്ത്രിയുണ്ട്. ശ്രീ. എം.എ.

ബേബി സ്റ്റേജിൽ കയറാതെ മാറിയിരുന്നു. ശ്രീമതി സീമ എം.പി. വന്നു മുഖ്യ മന്ത്രിയുള്ളതുകൊണ്ട് സ്റ്റേജിൽ കയറാൻ നിവൃത്തിയില്ലാതെ അവരും സ്റ്റേജി നുമുമ്പിലിരുന്നു. പക്കാ ഇടതുപക്ഷക്കാരനായ ശ്രീ. പണിക്കരുടെ ചുറ്റും കോൺഗ്രസ്സുകാരനായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും സ്ഥലം എം.എൽ.എ. ആയ ഞാനും സ്ഥലം എം.പി. ആയ ശ്രീ. ശശി തരൂരും മാത്ര മായിരുന്നു ഉണ്ടായിരുന്നത്. ശ്രീ. പണിക്കരുടെ പുസ്തകത്തിനെപ്പറ്റി നല്ല രണ്ടുവാക്കു പറയാൻ അവർക്ക് കഴിഞ്ഞോ; ഈ ബഹിഷ്ക്കരണംകൊണ്ട് എന്തുണ്ടായി? അതുപോലെ ഇവിടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം നട ന്നു. അവിടെ നല്ല ജനക്കൂട്ടമായിരുന്നു. അവിടെ വന്നവരിൽ എല്ലാ പാർട്ടി ക്കാരുമുണ്ടായിരുന്നു. അവിടേയും മുഖ്യമന്ത്രി സ്റ്റേജിലുള്ളതുകൊണ്ട് ഇടതു പക്ഷ നേതാക്കന്മാർ വന്നില്ല. അതുകൊണ്ട് എന്തുണ്ടായി? ഇപ്പോൾ ഗവൺമെന്റിന്റെ ഒരുപാട് ഫണ്ടുകളുണ്ടല്ലോ. ആ ഫണ്ടുകളൊക്കെ വഹി ക്കുന്ന ചടങ്ങുകളിലെ അദ്ധ്യക്ഷന്മാരാരാണ്? കഴിഞ്ഞ ദിവസം പ്രധാനമന്ത്രി പങ്കെടുത്ത ഒരു ഔദ്യോഗിക ചടങ്ങിൽ ശ്രീ. ശർമ്മയുടെ ഫോട്ടോ ഞാൻ പത്രത്തിൽ കണ്ടു. അദ്ദേഹം ലോക്കൽ എം.എൽ.എ. ആണ്. അങ്ങനെ യൊക്കെ പങ്കെടുക്കേണ്ട സ്ഥാനത്ത് ഇത്തരം വികസനങ്ങൾ ഞങ്ങൾകൂടെ പങ്കെടുത്തുകൊണ്ടുവന്നതാണ് എന്നുപറയുന്നതിനുപകരം ബഹിഷ്ക്കരിച്ചതു കൊണ്ട് എന്തുനേട്ടമുണ്ടായി? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ദീർഘവീ ക്ഷണമില്ലാത്ത രീതിയിൽ നിങ്ങൾ പെരുമാറിയതുകൊണ്ടാണ് ഈ സമര ങ്ങൾ പരാജയപ്പെട്ടതെന്ന്. ഇനിയെങ്കിലും നിങ്ങൾ യാഥാർത്ഥ്യങ്ങൾ മനസ്സി ലാക്കണം. ഇവിടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ചുപറഞ്ഞു. തിരുവനന്ത പുരം ജില്ലയിൽ സ്ഥലം എം.എൽ.എ. എന്ന നിലയ്ക്ക് രണ്ട് ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത ആളാണ് ഞാൻ. ജനസമ്പർക്ക പരിപാടിയിൽ

വരുന്നത് രാഷ്ട്രീയക്കാരൊന്നുമല്ല. അരാഷ്ട്രീയക്കാരാണ്. രോഗികൾ, പാവങ്ങൾ തുടങ്ങിയവർക്ക് കുറച്ച് സംഖ്യ കൊടുത്തുവെന്നു പറഞ്ഞാൽ അതിനുവേണ്ടി സ്റ്റേജ് കെട്ടിയതിന്റെ കണക്കെടുക്കാൻ നിൽക്കണോ? എന്തു വന്നാലും സഹായം കിട്ടുന്നവർക്ക് അതിന്റെയൊരു സന്തോഷമുണ്ടാകും. ആദ്യത്തെ ജനസമ്പർക്ക പരിപാടി വന്നപ്പോൾ ഇടതുപക്ഷത്തിന്റെ എംഎൽ. എ. മാരുണ്ടായിരുന്നു. ശ്രീ. വി. ശിവൻകുട്ടിയും ശ്രീ. ബി. സത്യനുമൊക്കെ ഉണ്ടായിരുന്നു. ഓരോരോ നിയോജകമണ്ഡലത്തിൽനിന്ന് ആൾക്കാർ വരുമ്പോൾ അതാത് എം.എൽ.എ. മാർ വന്ന് പറയും ഇവർ എന്റെ നിയോജകമണ്ഡലത്തിലുള്ളവരാണ് എന്ന്. അങ്ങനെ എം.എൽ.എ. മാർ പറഞ്ഞുകഴിഞ്ഞാൽ ഉടനെ മുഖ്യമന്ത്രി സഹായത്തിന് ഒപ്പിട്ടുകൊടുക്കുകയാണ്. അവിടെ രാഷ്ട്രീയം നോക്കിയിട്ടല്ല അങ്ങനെ ചെയ്യുന്നത്. അങ്ങനെയൊക്കെ ചെയ്ത ജനസമ്പർക്ക പരിപാടിയുടെ രണ്ടാംഘട്ടം ബഹിഷ്ക്കരിച്ചതുകൊണ്ട് എന്ത് നേട്ടമാണുണ്ടായത്? ജനാധിപത്യപരമായ രീതിയിൽ പ്രതികരിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. നിങ്ങൾ രാപ്പകൽ സമരം നടത്തി. ആരെങ്കിലും അതിനെ കുറ്റം പറഞ്ഞോ? നിങ്ങൾ അവിടെ കിടന്നു, കാര്യങ്ങൾ വളരെ ഭംഗിയായി മുന്നോട്ടുപോയി. പക്ഷേ സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞ് മന്ത്രിമാരെ ആക്രമിക്കുന്നത് ഇന്നത്തെ കാലഘട്ടത്തിൽ ജനം ഇഷ്ടപ്പെടുന്ന കാര്യമല്ല. അതുകൊണ്ട് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി, ഏതായാലും ലോകസഭയിലേയ്ക്കുള്ള ഇലക്ഷൻ നടക്കാൻ പോകുകയാണ്. ഇവിടെ നമുക്ക് തമ്മിൽ യോജിക്കാൻ സാധ്യമല്ല, നമ്മൾ യോജിക്കുകയും വേണ്ട. കാരണം നമ്മൾതമ്മിൽ വഴക്കടിച്ചതുകൊണ്ടൊന്നും ബി.ജെ.പി.ക്കാരൻ ഇവിടെ രക്ഷപ്പെടാൻ പോകുന്നില്ല. പക്ഷേ ഇന്ത്യാരാജ്യത്ത് ഒരു ജനാധിപത്യ മതേതര ഗവൺമെന്റുണ്ടാക്കാൻ കോൺഗ്രസ്സിനു മാത്രമേ കഴിയൂ. പക്ഷേ നിങ്ങളെ

പ്പോലെയുള്ളവരുടെ സഹായം കൂടിയുണ്ടെങ്കിൽ വർഗ്ഗീയ കക്ഷികളെ അധികാരത്തിൽനിന്ന് മാറ്റി നിറുത്താൻ കഴിയും. കേരളത്തിനെ സംബന്ധിച്ച് ഒരു കാര്യം വ്യക്തമാണ്. ഇവിടെ പറഞ്ഞു ശ്രീ. രമേശ് ചെന്നിത്തലയെ 9–ാം സ്ഥാനത്തുനിന്ന് 6–ാമത്തെ സീറ്റിലേക്ക് കൊണ്ടുവന്നു, ജാതിയുടെ പേരിലാണ് കൊണ്ടുന്നവത് എന്നൊക്കെ. ഐക്യജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കണമെന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഞങ്ങൾ അക്കാര്യത്തിൽ ഒറ്റക്കെട്ടാണ്. ജനാധിപത്യ രീതിയിൽ ചിലപ്പോഴൊക്കെ ഞങ്ങൾ പ്രതികരിക്കുന്നുവെന്നുവച്ച് ഈ ഗവൺമെന്റ് താഴെപ്പോകുമെന്ന് പ്രതീക്ഷിക്കണ്ട. 5 വർഷത്തെ ഭരണം ഇവിടെ പൂർത്തീകരിച്ച് വീണ്ടും അധികാരത്തിൽ വരാൻ കഴിയുമെന്ന പൂർണ്ണ ആത്മവിശ്വാസത്തോടുകൂടിയാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിനെ ഒരിക്കൽകൂടി ശക്തിയായി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഉമ്മൻ ചാണ്ടി ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തേയും അതിനുള്ള നന്ദിപ്രമേയത്തേയും ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ നയപ്രഖ്യാപനത്തിൽ നയവുമില്ല, പ്രഖ്യാപനവുമില്ല. ജനാധിപത്യമുന്നണിയിൽ ഐക്യവുമില്ല, ജനാധിപത്യവുമില്ല എന്നുപറയുന്നതുപോലെയാണ് ഈ നയപ്രഖ്യാപനത്തിന്റെ കാര്യവും. കേരളത്തിന്റെ സാമൂഹ്യ–സാമ്പത്തിക

ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ സഹായകമായ ഒരു പദ്ധതിയുമില്ലാത്ത വെറും പൊള്ള നയപ്രഖ്യാപനമാണിത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ നിലകൊള്ളുകയാണെന്ന് കഴിഞ്ഞ ദിവസം ഇവിടെ ചർച്ച യിൽ വെളിവാക്കപ്പെട്ടതല്ലേ? എന്നിട്ട് ഇപ്പോൾ വീണ്ടും നയപ്രഖ്യാപന ത്തിന്റെ പേരിൽ ഗവർണ്ണറെക്കൊണ്ട് ഇങ്ങനെ പൊളിവാക്കുകൾ പറയിപ്പി ക്കേണ്ടിയിരുന്നോ? തകർച്ചയിലായ പരമ്പരാഗത വ്യവസായ മേഖലയെയോ തകർന്നുകൊണ്ടിരിക്കുന്ന പൊതുമേഖലയെയോ വളർച്ചമുരടിച്ച കാർഷിക മേഖലയെയോ സംരക്ഷിക്കാൻ ഉതകുന്ന എന്തെങ്കിലുമൊന്ന് ഈ നയപ്രഖ്യാ പനത്തിലുണ്ടോ? സമരങ്ങളെപ്പറ്റി ദുഷിച്ചുപറയാനല്ലേ നയപ്രഖ്യാപനത്തിലെ ഒരു പേജ് നീക്കിവച്ചത്. സമരങ്ങളും അതിനെത്തുടർന്നുണ്ടായ നടപടികളും കൊണ്ടല്ലേ കേരളം ഇന്നുകാണുന്ന കേരളമായത്. ഒരു പൊന്നുതമ്പുരാ ന്റേയും ദയാദാക്ഷണ്യംകൊണ്ടല്ലല്ലോ കേരളത്തിലെ വിവിധ വിഭാഗം ജനങ്ങ ളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സ്ഥാപിക്കപ്പെട്ടത്. നിരവധി സമര ങ്ങൾ നടത്തിയും ധാരാളംപേർ രക്തസാക്ഷിത്വം വഹിച്ചുമൊക്കെയാണ് കേരളം കേരളമായി പുരോഗമിച്ചത്. അതെല്ലാം മറച്ചുവച്ച് ഇത്തരം ലജ്ജാക രമായ അരാഷ്ട്രീയവാദം ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കേണ്ടിയിരുന്നോ? കഴിഞ്ഞ വെള്ളിയാഴ്ച ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തു മ്പോൾത്തന്നെ പാചകവാതക വില വർദ്ധന, സോളാർ അഴിമതി തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് ഞാൻ സംസാരിക്കുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിനുവേണ്ടി ഗവർണ്ണർ പൊള്ള പ്രഖ്യാപനങ്ങൾ നടത്തിയപ്പോൾ കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്ന കാര്യമാണ് അന്ന് ഞാൻ നിയമസഭയിൽ ഉന്നയിച്ചത്. അങ്ങ് സത്യസന്ധമായി കാര്യങ്ങൾ വില യിരുത്തുന്ന ആളല്ലേ? എന്തു ഭീകരമായ വിലക്കയറ്റമാണ് പാചകവാതക

ത്തിന് വരുത്തിയിരിക്കുന്നത്. ഒരു സിലിണ്ടറിന് 400 രൂപവരെ കൂട്ടിയിട്ടും മുഖ്യമന്ത്രി പറയുന്നത് പ്രധാനമന്ത്രി ഉറപ്പുതന്നിട്ടുണ്ടെന്നാണ്. എന്ത് ഉറപ്പാണ് നൽകിയിട്ടുള്ളത്? ഇവിടെ രണ്ടുംമൂന്നും ദിവസം തപസ്സിരുന്നാലാണ് ഒരു സിലിണ്ടർ കിട്ടുന്നത്. അതിനാകട്ടെ നടുവൊടിക്കുന്ന വിലയും. പ്രധാനമന്ത്രിയുടെ ഉറപ്പും കക്ഷത്തുവച്ച് വീട്ടിൽ ചെന്നാൽ ശ്രീ. ഉമ്മൻ ചാണ്ടി നിങ്ങളുടെ ഭാര്യ സമ്മതിക്കുമോ? നിങ്ങളുടെ ഭാര്യയ്ക്കുപോലും അംഗീകരിക്കാൻ കഴിയാത്ത കാര്യം പാവപ്പെട്ട ജനങ്ങൾ എങ്ങനെയാണ് അംഗീകരിക്കുന്നത്? ഗ്യാസ് സബ്സിഡിക്ക് ആധാർ കാർഡ് നിർബന്ധമാക്കുന്ന കാര്യത്തിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ കള്ളക്കളി നടത്തുകയാണ്. സോളാർ അഴിമതിയെപ്പറ്റി ഞാൻ എന്തെങ്കിലും പറയണമോ? കേരളത്തിൽ ഇത്രയേറെ നാണക്കേടുണ്ടാക്കിയ ഒരഴിമതികൊണ്ട് വിവസ്ത്രനായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഈ സഭയിൽ ഞെളിഞ്ഞിരിക്കുവാൻ നാണമില്ലേ? ഒരു തട്ടിപ്പുകാരിക്കുവേണ്ടി മുഖ്യമന്ത്രി കങ്കാണിപ്പണി നടത്തുന്നുവെന്ന ചീത്തപ്പേരല്ലേ ഉണ്ടായിരിക്കുന്നത്. ആ കേസ് തേച്ചുമാച്ചുകളയാനും സ്വന്തം തടി രക്ഷിക്കാനും എന്തെല്ലാം കള്ളങ്ങളാണ് ഈ മുഖ്യമന്ത്രി പറഞ്ഞത്, എന്തെല്ലാം വികൃതികളുമാണ് ശ്രീ. ഉമ്മൻ ചാണ്ടി കാണിച്ചത്.

സരിതയുടെ മൊഴി 21 പേജിൽ നിന്നും മൂന്നരപ്പേജായി ചുരുങ്ങിയത് മാന്ത്രിക വിദ്യകൊണ്ടാണോ? എത്ര കോടികളാണ് അതിനുവേണ്ടി ഒഴുക്കിയത്? എത്ര യു.ഡി.എഫ്. മന്ത്രിമാരും എം.എൽ.എ.-മാരുമാണ് ഉറക്കമിളച്ച് ഓടി നടന്നത്? ശ്രീ. ഉമ്മൻ ചാണ്ടീ, നിങ്ങളുടെ കൂടെയുള്ള ചില മന്ത്രി പ്രമുഖരുടെ പേരുവരെ ഈ നാറിയ കേസ്സിൽ വന്നില്ലേ; അതേപ്പറ്റി നിങ്ങൾ എന്തെങ്കിലും അന്വേഷിച്ചോ? എങ്ങനെ അന്വേഷിക്കാനാണ്;

ശ്രീ.ഉമ്മൻ ചാണ്ടി തന്നെ ചെളിക്കുണ്ടിൽ വീണുകിടക്കുകയല്ലേ; പിന്നെ എങ്ങനെയാണ് നിങ്ങൾക്ക് അന്വേഷിക്കാനാവുക? ഒരു പഴയ ഇംഗ്ലീഷ് കവിയുടെ രണ്ട് വരികൾ ഞാൻ പറയാം, 'If gold rusts what shall iron do', സ്വർണ്ണം തുരുമ്പിച്ചാൽപ്പിന്നെ ഇരുമ്പിന്റെ കാര്യം പറയാനുണ്ടോ എന്നാണ് ചേംബർ എന്ന കവി പാടിയത്. അതല്ലേ ശ്രീ. ഉമ്മൻ ചാണ്ടീ, നിങ്ങൾക്കും നിങ്ങളുടെ മന്ത്രിമാർക്കും സംഭവിച്ചിരിക്കുന്നത്? കഴിഞ്ഞ ദിവസം സരിതയെ എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേക്ക് കൊണ്ടു വരുമ്പോൾ എന്തിനാണ് പുതുപ്പള്ളിയിലേക്ക് കൊണ്ടുപോയത്; ചായ കുടിക്കാനാണോ? ചായ കുടിക്കാനാണെന്നാണ് പോലീസ് പറയുന്നത്. ഏറ്റുമാനൂരിൽ നിന്ന് 20 കിലോമീറ്റർ ഉള്ളിലേക്ക് പോയി പുതുപ്പള്ളിയിൽ ചെന്നാൽ മാത്രമേ ചായ കിട്ടുകയുള്ളോ; അതോ പുതുപ്പള്ളിയിൽ ചെന്നാലേ താൻ ചായ കുടിക്കൂ എന്ന് സരിത വാശി പിടിച്ചോ? അതോ സരിതക്ക് ഏറെ പ്രിയപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി അവിടെ വല്ല സൽക്കാരത്തിനും ഏർപ്പാട് ചെയ്തിരുന്നോ? എന്നിട്ട് പുതുപ്പള്ളിയിലെ തട്ടുകടയിൽ ഒരു മണിക്കൂറിലേറെ നേരം ചായ കുടിച്ചിരുന്ന് സരിത ആരോടൊക്കെയോ ഫോണിൽ സംസാരിച്ചുവെന്നാണ് പറയുന്നത്. ആഭ്യന്തര വകുപ്പുമന്ത്രി ഇത് അന്വേഷിച്ചിട്ടുണ്ടോ? എറണാകുളത്തെ ഒരു കോൺഗ്രസ്സ് എം.എൽ.എ. അല്ലേ ഇതിന് എല്ലാ ഒത്താശകളും ചെയ്തത്. ആ എം.എൽ.എ.-യുടെ പേര് ഞാൻ പറയണോ; ഇതാ അദ്ദേഹം ഒരു കള്ളച്ചിരിയും ചിരിച്ച് അവിടെ ഇരിപ്പുണ്ട്. സരിതയെ ജാമ്യത്തിലിറക്കുന്നത് സംബന്ധിച്ച് ഡീൽ ഉറപ്പിക്കുകയായിരുന്നു പുതുപ്പള്ളിയിൽ. സരിതയുടെ പേരിലുള്ള 33 കേസ്സുകൾ 15 കോടതികളിലായാണ് നടക്കുന്നത്. ഇതിൽ ഇനി രണ്ട്

കേസ്സുകളിൽക്കൂടി മാത്രമേ ജാമ്യം കിട്ടാനുള്ളൂ. 11 കേസ്സുകളിൽ കോടതി ജാമ്യം അനുവദിച്ചെങ്കിലും ബോണ്ട് കെട്ടിവയ്ക്കേണ്ടതുകൊണ്ട് ജാമ്യമെടുക്കാനായിട്ടില്ല. അതിനുള്ള ജാമ്യക്കാരെയും പണവും തരപ്പെടുത്തുന്നതിനുള്ള ചർച്ചയല്ലേ പുതുപ്പള്ളിയിൽ നടത്തിയത്? കോടതി ഇനി രണ്ട് കേസ്സുകളിൽ കൂടിയേ സരിതയ്ക്ക് ജാമ്യം നൽകാനുള്ളൂ. പക്ഷെ, അതിന് ജാമ്യക്കാരെ തരപ്പെടുത്തിക്കൊടുക്കാനിപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്കും മറ്റും ഇപ്പോൾ താൽപ്പര്യമില്ല. കാരണം എന്താണെന്നോ, സരിതയുടെ കയ്യിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കും മന്ത്രിമാർക്കുമെതിരെ ചില ബോംബുകളുണ്ടെന്ന് സരിതയും അവരുടെ അമ്മയും ഈയിടെയും പറഞ്ഞതല്ലേ. എല്ലാ കേസ്സുകളിലും ജാമ്യമെടുത്ത് സരിത പുറത്തിറങ്ങിയാൽ ആ ബോംബുകൾ പലതും പൊട്ടും. അങ്ങനെ സംഭവിച്ചാൽ അത് ശ്രീ. ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും പല വിഷമങ്ങളുമുണ്ടാക്കും. അതിൽ നിന്ന് രക്ഷപ്പെടാൻ സരിതയെ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിയുന്നതുവരെയെങ്കിലും ജയിലിൽത്തന്നെ കിടത്തിയതിനു ശേഷമേ ജാമ്യക്കാരെ സംഘടിപ്പിച്ചുകൊടുക്കൂ. അതിനുള്ള സ്വച്ഛമായ ചർച്ചകൾക്കാണ് സരിതയെ പുതുപ്പള്ളിയിലേക്ക് കൊണ്ടുപോയത്. സോളാർ തട്ടിപ്പും ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുൻ ഗൺമാൻ സലീംരാജിന്റെ ഭൂമി തട്ടിപ്പും സംബന്ധിച്ച കേസ്സുകളിൽ എത്ര തവണയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനെ രൂക്ഷമായി വിമർശിച്ചത്? സോളാർ കേസ്സിൽ സർക്കാർ എന്താണ് മറച്ചുവയ്ക്കുന്നതെന്ന് കോടതി ചോദിച്ചു. എം. കെ. കുരുവിള നൽകിയ കേസ്സിൽ മുഖ്യമന്ത്രിയുടെ പങ്ക് അന്വേഷിച്ചോയെന്ന് കോടതി മറ്റൊരു സന്ദർഭത്തിൽ ചോദിക്കുകയുണ്ടായി. പോലീസിന്റെ നടപടികൾ നാണക്കേടാണെന്നും വേണ്ടിവന്നാൽ എ.ഡി.ജി.പി.-യെ വിളിച്ചു

വരുത്തുമെന്നും കോടതി പറഞ്ഞു. സോളാർ തട്ടിപ്പിലെ പണം കണ്ടെത്താൻ എന്തുനടപടി സ്വീകരിച്ചുവെന്നും കോടതി ചോദിച്ചു. ഭൂമി തട്ടിപ്പുകേസിൽ വെറും പോലീസുകാരനായ സലീം രാജിനെ ഡി.ജി.പി.-ക്ക് ഭയമാണോ യെന്നും കോടതി ചോദിച്ചില്ലേ? മുഖ്യമന്ത്രിയും സലീം രാജിനെ ഭയക്കുന്നത് എന്തിനാണ്? സലീം രാജിന്റെ ഫോൺ കോളുകൾ പുറത്തുവരരുതെന്ന് എന്തിനാണ് മുഖ്യമന്ത്രി വാശി പിടിക്കുന്നത്? എന്തിനാണ് സലീം രാജിന്റെ ഫോൺ ലിസ്റ്റ് പുറത്തുവരാതിരിക്കാൻ എ.ജി.-യെത്തന്നെ മുഖ്യമന്ത്രി കോടതിയിൽ വിട്ടത്? സരിത കേസ്സിൽ നിന്ന് തടിയൂരാൻ ഭരണ സംവിധാനവും പോലീസ് സേനയും എന്തിനേറെ കോടതിയെപ്പോലും നിങ്ങൾ ദുരുപയോഗം ചെയ്തില്ലേ? ഈ മുഖ്യമന്ത്രിയും കൂട്ടരും ഇപ്പോൾ ജനസമ്പർക്കത്തിന്റെ പേരിൽ മേനി നടിക്കുകയാണ്. ഞാനൊന്ന് ചോദിച്ചോട്ടെ, വില്ലേജ് ഓഫീസറുടെയും തഹസീൽദാറിന്റെയും പണി ചെയ്യാനാണോ ശ്രീ. ഉമ്മൻ ചാണ്ടിക്ക് നോർത്ത് ബ്ലോക്കിൽ മുഖ്യമന്ത്രിയുടെ ഓഫീസ് നൽകിയിരിക്കുന്നത്? ഇതിനാണോ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഒന്നാം നമ്പർ സ്റ്റേറ്റ് കാർ നൽകിയിരിക്കുന്നത്? വിലക്കയറ്റം തടയുമെന്നും പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുമെന്നും ഉമ്മൻ ചാണ്ടി സർക്കാർ പറയാൻ തുടങ്ങിയിട്ട് എത്രനാളായി? ശ്രീ. ഉമ്മൻ ചാണ്ടിയുടെ വാക്കിനോ പ്രഖ്യാപനത്തിനോ എന്തെങ്കിലും വ്യവസ്ഥയുണ്ടോ? ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വരുമ്പോൾ 20 രൂപയുണ്ടായിരുന്ന അരിയുടെ വില 40-45 വരെയായില്ലേ. പച്ചക്കറിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വാണംവിട്ടപോലെ കയറിക്കൊണ്ടിരിക്കുകയല്ലേ. ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ ഭക്ഷ്യ വകുപ്പുമന്ത്രിയും കുന്തം വിഴുങ്ങിയവരെപ്പോലെ അന്തംവിട്ട് നിൽക്കുകയല്ലേ. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതാവ് ഡോ.

മൻമോഹൻ സിംഗ് ആദ്യം അധികാരത്തിൽ വരുമ്പോൾ 32 രൂപ മാത്രം വില യുണ്ടായിരുന്ന പെട്രോളിനാണ് ഇപ്പോൾ 75 രൂപയായി വില ഉയർന്നിരിക്കു ന്നത്. കാറിൽ യാത്ര ചെയ്യുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഇതൊന്നും അറിയു ന്നില്ലേ; അതോ ഇതിലും പ്രധാനമന്ത്രി വല്ല ഉറപ്പും തന്നിട്ടുണ്ടോ? ഗ്യാസിന് ആധാർ നിർബന്ധമാക്കി കേരളീയരെ തെരുവാധാരമാക്കുകയാണല്ലോ ഡോ. മൻമോഹൻ സിംഗും ശ്രീ. ഉമ്മൻ ചാണ്ടിയും കൂടി ചെയ്യുന്നത്. നയപ്രഖ്യാപനത്തിൽ റേഷൻ സാധനങ്ങൾക്കും ആധാർ കാർഡ് ഏർപ്പെടുത്തുമെന്ന് പറഞ്ഞ് കേരളീയരുടെ നെഞ്ചിൽ തൊഴിക്കുകയാണ് ഉമ്മൻ ചാണ്ടി സർക്കാർ ചെയ്യുന്നത്. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് പല കോൺഗ്രസ്സ് അംഗങ്ങളും ഒത്തിരി വാചക കസർത്തുകൾ നടത്തുന്നുണ്ടല്ലോ. എല്ലാം ചെയ്തത് എൽ.ഡി.എഫ്. സർക്കാർ ആണെന്നാണല്ലോ വ്യാജപ്രചരണം നടത്തുന്നത്. പണ്ഡിതനായ ശ്രീ. കെ. ശിവദാസൻ നായർപോലും ശുദ്ധ അസംബന്ധങ്ങൾ ഇന്നലെ തട്ടി വിട്ടില്ലേ. സത്യത്തിൽ ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിൽ എൽ. ഡി.എഫ്. സർക്കാർ എന്താണ് ചെയ്തത്? അന്നത്തെ ആറന്മുള എം.എൽ.എ. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ഇത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് മുഖ്യമന്ത്രിയെന്ന നിലയിൽ അന്നുഞാൻ പത്തനംതിട്ട കളക്ടറോട് നിർദ്ദേശിച്ചത്. അതൊരു മിനിട്സ് മാത്രമായി രുന്നു. അതൊരു ഉത്തരവായി കണക്കാക്കുന്നത് ഏത് ചട്ടമനുസരിച്ചാണ്? സെക്രട്ടേറിയറ്റ് മാനുവലും ബിസിനസ്സ് റൂളുമെല്ലാം ശ്രീ. കെ. ശിവദാസൻ നായർക്ക് അറിയില്ലെങ്കിലും മുഖ്യമന്ത്രി അറിയേണ്ടതല്ലേ. നിങ്ങളുടെ ജനസമ്പർക്കത്തിൽ ഇത്തരത്തിലുള്ള എത്ര മിനിട്സ് ഇട്ടിട്ടുണ്ട്; അവയെല്ലാം ഉത്തരവാണോ? ആ മിനിട്സ് വച്ച് ആർക്കെങ്കിലും പണം കിട്ടുമോ; അതിന്

പ്രത്യേകം ജി.ഒ. ഇറക്കേണ്ടേ? ഇതെല്ലാം മറച്ചുവച്ച് എത്രനാൾ നിങ്ങൾക്ക് കള്ളം പറഞ്ഞ് രക്ഷപ്പെടാനാകും? ഞാൻ അന്നുനൽകിയ മിനിട്സിന്മേൽ പരിശോധന നടത്തിയ റവന്യൂ ഉദ്യോഗസ്ഥർ എതിരായിട്ടല്ലേ റിപ്പോർട്ട് നൽകിയത്? അത് മറച്ചുവച്ചല്ലേ നിങ്ങൾ പോക്കുവരവ് നടത്തിക്കൊടുത്തത്?

എൽ.ഡി.എഫ് സർക്കാരിന്റെ 2010 സെപ്റ്റംബർ 2-ന്റെ ക്യാബിനറ്റ് തീരുമാനം നിങ്ങൾ ഒന്നു പരിശോധിച്ചു നോക്കുക. പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗ്രീൻ ഫീൽഡ് എയർപോർട്ടിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ തത്വത്തിൽ അംഗീകാരം നൽകാൻ തീരുമാനിച്ചു. അതായിരുന്നു അന്നത്തെ ക്യാബിനറ്റിന്റെ തീരുമാനം. ശ്രീ.ഉമ്മൻചാണ്ടി, ശ്രീ. ശിവദാസൻ നായർ, ഇതിൽ എവിടെയാണ് ഭൂമി നികത്താനുള്ള ഉത്തരവുള്ളത്? ഏതെങ്കിലും നിയമത്തിൽ ഇളവ് നൽകിയിട്ടുണ്ടോ? മലയോര ജനതയെ ആശങ്കയിലാഴ്ത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഈ സർക്കാർ നടത്തുന്ന കള്ളക്കളി ഇന്നലെ നാം സഭയിൽ കണ്ടതല്ലേ? വിഴിഞ്ഞം പദ്ധതിക്ക് പരിസ്ഥിതി അനുമതി ലഭിച്ച വിഷയത്തിൽ കഴിഞ്ഞ ദിവസം വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നില്ലേ? മൂന്നു പ്രാവശ്യം പി.പി.പി. മോഡലിൽ ടെൻഡർ ചെയ്ത് പരാജയപ്പെട്ട പദ്ധതി വീണ്ടും പി.പി.പി. മോഡലിൽ തന്നെ നടത്താൻ തീരുമാനിച്ചത് പദ്ധതിതന്നെ അട്ടിമറിക്കാനല്ലേ കള്ളവും തട്ടിപ്പും വെട്ടിപ്പും ജനവഞ്ചനയുംകൊണ്ട് ജനങ്ങളിൽ നിന്ന് പൂർണ്ണമായും ഒറ്റപ്പെട്ട സർക്കാരല്ലേ ഇത്. ചരിത്രത്തിൽ കേട്ടുകേഴ്വി യില്ലാത്തതരത്തിലുള്ള കൊടിയ അഴിമതിയും കടുത്ത ജനവിരുദ്ധ നയങ്ങളും

കൊണ്ട് എങ്ങനെയാണോ ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടത്, അതുപോലെ തന്നെയല്ലേ ഉമ്മൻചാണ്ടി ഗവൺമെന്റും ഒറ്റപ്പെട്ടിരിക്കുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസിന് വട്ടപ്പൂജ്യമായിരിക്കും കിട്ടുകയെന്ന് ഇതിനകം പല സർവ്വേകളും വന്നിട്ടില്ലേ. ഇതിലും ബഹുകഷ്ടമല്ലേ കേന്ദ്രത്തിലെ കോൺഗ്രസിന്റെ അവസ്ഥ. കഴിഞ്ഞ ദിവസം ഒരു കോൺഗ്രസ് നേതാവ് ഇവിടെ പറയുന്നതുകേട്ടു, ഇടതുപക്ഷമാണ് രണ്ട് സീറ്റുണ്ടായിരുന്ന ബി.ജെ. പി.-യെ വലിയ പാർട്ടിയാക്കിയതെന്ന്. മധ്യപ്രദേശിൽ ബി.ജെ.പി ഭരിച്ചു കൊണ്ടിരുന്നത് ഇടതുപക്ഷം കാരണമാണോ? രാജസ്ഥാനിൽ അശോക് ഗലാട്ടിന്റെ ഭരണത്തെ കടപുഴക്കിയെറിഞ്ഞ് ബി.ജെ.പി. വന്നത് ഇടതുപക്ഷം കാരണമാണോ? എന്തിനേറെ, ഡൽഹിയിലെ ഭരണം കോൺഗ്രസിന് നഷ്ടപ്പെട്ടത് എന്തുകൊണ്ടാണ്?. നിങ്ങളുടെ കയ്യിലിരുപ്പുകൊണ്ടല്ലേ. 1952-ൽ ആദ്യം ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇന്ത്യയിലെ ഏതാണ്ട് മുഴുവൻ സംസ്ഥാനങ്ങളും കോൺഗ്രസ് ഭരണത്തിൻകീഴിലായിരുന്നു. അന്ന് കോൺഗ്രസിന് ലോക്സഭയിൽ 364 അംഗങ്ങളുണ്ടായിരുന്നു. 1984-ൽ രാജീവ് ഗാന്ധിയുടെ കാലത്ത് അത് 404 വരെ ആയി. ഇപ്പോൾ 206 സീറ്റിൽ ഒതുങ്ങിയില്ലേ. അടുത്ത തെരഞ്ഞെടുപ്പിൽ ഇതിന്റെ പകുതിയെങ്കിലും കിട്ടുമെന്ന് കോൺഗ്രസിന് ഉറപ്പുണ്ടോ? 28 സംസ്ഥാനങ്ങളിൽ വെറും 12 സംസ്ഥാനങ്ങളിൽ മാത്രമല്ലേ ഇപ്പോൾ കോൺഗ്രസ് ഭരണമുള്ളൂ. മണിപ്പൂരും മിസോറാമും ആസാമും ഹിമാചൽപ്രദേശും പോലെ ഏറ്റവും ചെറിയ സംസ്ഥാനങ്ങളല്ലേ അവയിൽ ഭൂരിപക്ഷവും. പിന്നെ എവിടെയാണ് കോൺഗ്രസ് വിജയിക്കാൻ പോകുന്നത്. തകർന്നുതരിപ്പണമായ നിങ്ങൾ

രക്ഷപ്പെടുവാൻ വേണ്ടി ബി.ജെ.പി.-യുമായും കൂട്ടുകൂടുമെന്നതിന് ഒത്തിരി ചരിത്രമുണ്ടല്ലോ. പഴയ കോൺഗ്രസ് കോ.ലീ.ബി സഖ്യത്തെപ്പറ്റി ശ്രീ. ഉമ്മൻ ചാണ്ടി ഓർക്കുന്നില്ലേ. ഇപ്പോൾ മോഡിയുടെ കൊടി വീശാൻ ശ്രീ. പി. സി ജോർജ് പോയതും ആർ.എസ്.എസ്സിന് ഓശാന പാടാൻ ലീഗ് നേതാവ് പോയതും ഈ അവിശുദ്ധ സംഖ്യത്തിന്റെ ഒരു കർട്ടൻ റെയ്സറല്ലേ? പക്ഷെ, ഈ ചെപ്പടിവിദ്യകൾ കൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. നിങ്ങൾ ജനങ്ങളുടെ ശത്രുപക്ഷത്താണ്. ജനങ്ങളെ കബളിപ്പിക്കുകയും ദ്രോഹിക്കുകയും മാത്രം ചെയ്യുന്ന നിങ്ങളുടെ സർക്കാരിനെതിരെ അതിശക്തമായ ജനകീയ രോഷമാണ് അലയടിച്ചുകൊണ്ടിരിക്കുന്നത്. ആ ജനരോഷത്തിന്റെ ലാവാ പ്രവാഹത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി, നിങ്ങളും നിങ്ങളുടെ ജനവിരുദ്ധ നയങ്ങളും ഒലിച്ചു പോവുക തന്നെ ചെയ്യും. അതു കൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്ന ഈ തട്ടിപ്പ് നയപ്രഖ്യാപനത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നന്ദിപ്രമേയ ചർച്ചയ്ക്കിടയിൽ അലോട്ട്മെന്റിനെപ്പറ്റിയുള്ള ചില വിഷയങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ചൂണ്ടിക്കാട്ടിയിരുന്നു. എ.പി.എൽ. റേഷൻ കാർഡുടമകൾക്ക് കിട്ടിക്കൊണ്ടിരുന്ന ഗോതമ്പ് നിർത്തലാക്കി തുടങ്ങി ചില വിഷയങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഇന്ന് രാവിലത്തെ അടിയന്തര പ്രമേയ ചർച്ചയ്ക്കിടയിലും ഞാൻ ആ വിഷയം സൂചിപ്പിച്ചിരുന്നു. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ ഒരു സീലിംഗ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. അതിനകത്ത് നിർത്തിക്കൊണ്ടുള്ള ഒരു ലിഫ്റ്റിംഗ് ആണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. അരിയുടെ വിഹിതം

കുറയാതിരിക്കാനാണ് ഗോതമ്പ് കുറയ്ക്കേണ്ട സാഹചര്യം വന്നത്. ഗോതമ്പിന് പകരമായി എ.പി.എൽ. കാർഡുടമകൾക്ക് ആട്ട ലഭ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. വളരെ ഫലപ്രദമായി അത് കൊണ്ടുവരുവാനും കഴിഞ്ഞിട്ടുണ്ട്. 30,000 ടൺ അധികം അരി ക്രിസ്തുമസ്സിന് ലഭിച്ചത് സർക്കാർ ഏറ്റെടുത്തില്ലെന്ന് പറഞ്ഞു. അതും രാവിലെ ഞാൻ വ്യക്തമാക്കിയിരുന്നു. അരി ലഭിച്ചിരിക്കുന്നത് ഒ.എം.എസ്. എസ്. റേറ്റിലാണ്. അതായത് 21 രൂപ നിരക്കിലാണ്. കൂടിയ നിരക്കിലുള്ള അരി വിതരണം ചെയ്യാൻ കഴിയുകയില്ലെന്ന് കേന്ദ്രത്തെ ഗവൺമെന്റ് അറിയിച്ചിട്ടുമുണ്ട്. സ്പെഷ്യൽ പഞ്ചസാരയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണയാണ് സ്പെഷ്യൽ പഞ്ചസാര നൽകുന്നത്. അത് ഫെസ്റ്റിവെൽ ഷുഗറായി ഏറ്റെടുത്ത് ഓണക്കലത്ത് വിതരണം ചെയ്തിട്ടുമുണ്ട്. ഗോതമ്പ് സപ്ലൈകോ മുഖാന്തിരം ആട്ടയാക്കുന്നുണ്ട്. അതും വിമർശന വിധേയമായി ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ പത്ത് വർഷത്തിലുപരിയായി സപ്ലൈകോയ്ക്ക് നിശ്ചിത അളവിൽ ഗോതമ്പ് കൊടുക്കുന്നുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും കൊടുത്തിരുന്നു. അതിൽ കൂടുതൽ അളവിൽ ഗോതമ്പ് സപ്ലൈകോയ്ക്ക് കൊടുത്തിട്ടില്ല. അങ്ങനെ കൊടുക്കുന്ന ഗോതമ്പാണ് റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്യുന്നത്. മലപ്പുറം ജില്ലയിൽ 2385 ബി.പി.എൽ. കാർഡുകൾ കൊടുത്തുവെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പറഞ്ഞു. ജനസമ്പർക്ക പരിപാടിയിൽ വന്ന അർതയുള്ളവർക്ക്,. ഇന്നയിന്ന രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക്, അതിന് ഒരു സർക്കുലർ ഉണ്ട്, അവർക്ക് ബി.പി.എൽ കാർഡാക്കി കൊടുക്കുകയെന്നത് ഈ ഗവൺമെന്റ് ഒരു മാനുഷിക പരിഗണന വച്ച്

ചെയ്യുന്നുണ്ട്. അർഹരായി കണ്ടിട്ടുള്ളവർക്കാണ് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കിയിരിക്കുന്നത്. 2012-ൽ പ്രഖ്യാപിച്ചതനുസരിച്ച് സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ആരംഭിച്ചില്ലെന്ന് ശ്രീ. എളമരം കരീം ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച പരമാവധി കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം 66 പുതിയ മാവേലി സ്റ്റോറുകളും 25 സൂപ്പർ മാർക്കറ്റുകളും 4 പീപ്പിൾസ് ബസാറുകളും 6 മാവേലി മെഡിക്കൽ സ്റ്റോറുകളും ഒരു പ്രീമിയം ഔട്ട്ലെറ്റും ഒരു ഹൈപ്പർ മാർക്കറ്റും 2 മൊബൈൽ മാവേലിസ്റ്റോറുകളും ഒരു പെട്രോൾ ബങ്കും ആരംഭിച്ചിട്ടുണ്ട്. പത്ത് പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഒന്നര മാസത്തിനുള്ളിൽ പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നിരത്തിലിറങ്ങും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളത്തിൽ കുളമ്പ് രോഗ നിവാരണത്തിനായി ഉപയോഗിക്കുന്ന മരുന്നിന്റെ ഗുണനിലവാരത്തെക്കുറിച്ച് ആശങ്കയുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചിരുന്നു. കഴിഞ്ഞ പത്ത് വർഷമായി കുളമ്പ് രോഗ നിവാരണ പദ്ധതിക്കാവശ്യമായ വാക്സിൻ കേന്ദ്ര സർക്കാർ കുളമ്പ് രോഗ നിയന്ത്രണ പദ്ധതിയിലുൾപ്പെടുത്തി സൗജന്യമായാണ് നൽകുന്നത്. ഇത് എൻ.റ്റി.ഡി.ബി.-യുടെ സഹസ്ഥാപനമായ ഐ.എ.എൽ നിർമ്മിക്കുന്ന വാക്സിനാണ്. അതാണ് 2010 മുതൽ കേന്ദ്ര സർക്കാർ കേരളത്തിന് നൽകി വരുന്നത്. ഈ വാക്സിൻ ഉപയോഗിക്കുന്നതിനുമുമ്പ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമിലെ മൃഗങ്ങൾക്ക് കുത്തിവച്ച് പ്രതിരോധശേഷി പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം മാത്രമേ വാക്സിനേഷനായി ഈ മരുന്ന് ഉപയോഗിക്കാറുള്ളൂ.

അടുത്ത പ്രാവശ്യം കുത്തിവയ്പ്പിനായി വരുന്ന വാക്സിൻ 3.1.2014-ന് വിതുര ജേഴ്സി ഫാമിലുള്ള പശുക്കളിൽ കുത്തി വച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തൃപ്തിയാണെങ്കിൽ മാത്രമേ ഉപയോഗിക്കുകയുള്ളൂ. ഈ വാക്സിൻ മൃഗ ങ്ങളിൽ കുത്തി വയ്ക്കാതെ പ്രതിരോധശേഷി തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം സൂചി പ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ഊർജ്ജവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലൻ ഒരു കാര്യം പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1000 മെഗാവാട്ട് ഉല്പാദിപ്പിക്കാനുള്ള കൽക്കരി കേരളത്തിന് അനുവദിച്ചി രുന്നു, അത് ഈ ഗവൺമെന്റ് ചെയ്തില്ല എന്നുള്ള ആക്ഷേപം അദ്ദേഹം പറഞ്ഞു. ഇതിൽ ചില വസ്തുതകളുണ്ട്. 2007-ൽ ഒറീസ്സയിലെ ബൈതരണി യിൽ നിന്ന് 200.66 മില്യൺ മെട്രിക് ടൺ കോൾ നമുക്ക് അനുവദിച്ചിരുന്നു. അഞ്ചു വർഷംകൊണ്ട് അത് കമ്മിഷൻ ചെയ്യണമെന്നായിരുന്നു അതിലെ കണ്ടീഷൻ. അന്ന് അതിനുവേണ്ടി ഗുജറാത്ത്, ഒറീസ്സ, കേരളം എന്നീ സംസ്ഥാനങ്ങൾകൂടി ഒരു കമ്പനി മൈനിംഗിനായി രജിസ്റ്റർ ചെയ്തു. പക്ഷേ ഇതിനുള്ള കാര്യങ്ങൾ പൂർത്തീകരിക്കാൻ അഞ്ചു വർഷം കൊണ്ട് സാധിച്ചില്ല. എന്നുമാത്രമല്ല, കോൾ അലോട്ട്മെന്റിനെക്കുറിച്ച് പല ആരോപ ണങ്ങളും പാർലമെന്റിൽ വന്ന സന്ദർഭത്തിൽ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ച് അത് പരിശോധിച്ചു. അന്നത്തെ കണ്ടീഷൻ പാലിക്കാത്തവ മുഴുവൻ ക്യാൻസൽ ചെയ്തു. അതിൽ പ്രൈവറ്റുണ്ട്, യു.പി. ഗവൺമെന്റിന്റേതുണ്ട്, ഒറീസ്സയുടേതുണ്ട്, കേരളത്തിന്റേതുണ്ട്, ഗുജറാത്തി

ന്റേതുണ്ട്. അഞ്ചു വർഷം കൊണ്ട് പൂർത്തീകരിച്ചില്ല എന്നതാണ് ഇതിനുള്ള കാരണം. അതിനെ ചോദ്യം ചെയ്തിട്ടുണ്ട്, അതിനെതിരെ നടപടികളെടുത്തിട്ടുണ്ട്, കോടതിയിൽ വരെ പോയിട്ടുണ്ട്. ഒരു കാര്യം പറയട്ടെ, അതിൽ പറഞ്ഞ കാരണം 5 വർഷം കൊണ്ട് പൂർത്തീകരിച്ചില്ല എന്നതാണ്, ആ അഞ്ചു വർഷത്തിൽ 2007 മുതൽ നാലു കൊല്ലവും നിങ്ങളാണ് ഭരിച്ചിരുന്നത്. ആ ഗവൺമെന്റിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അവരുടെ ദോഷം കൊണ്ടല്ല, മറിച്ച് ബഹുമാനപ്പെട്ട എ. കെ. ബാലൻ ഞങ്ങളുടെ ചുമലിലേയ്ക്കിട്ടതു കൊണ്ട് പറയേണ്ടി വന്നതാണ്. 4(1) നോട്ടിഫിക്കേഷൻപോലും ഇറക്കിയിരുന്നില്ല. 4(1) നോട്ടിഫിക്കേഷൻ ഇറക്കേണ്ടത് ഒറീസ്സ ഗവൺമെന്റാണ്. ആ നോട്ടിഫിക്കേഷൻ പോലും നാലുകൊല്ലം കൊണ്ട് നിങ്ങൾക്ക് ഇറക്കാൻ കഴിഞ്ഞില്ല എന്ന് ഞാൻ പറയുന്നില്ല. അതാണ് ഒരു തടസ്സം. രണ്ടാമത്തെ തടസ്സം, ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസിന് അപേക്ഷിച്ചു. അതും കിട്ടിയില്ല, അതും നിങ്ങളുടെ കാലത്താണ്. ഞങ്ങളും ഒരു കൊല്ലം ശ്രമിച്ചു, നിങ്ങൾ നാലുകൊല്ലം ശ്രമിച്ചുവെങ്കിലും ലഭിച്ചില്ല. ഒറീസ്സ ഗവൺമെന്റാണ് ഇതിന് ഏറ്റവും പ്രധാനമായി തടസ്സം നിന്നത്. ഒറീസ്സ ഗവൺമെന്റ് പ്രധാനമന്ത്രിക്ക് രണ്ട് ലെറ്റർ അയച്ചു. ആ രണ്ടു ലെറ്ററിലും അവർ പറഞ്ഞ കാര്യം, കേരളത്തിന് ഇന്ത്യോനേഷ്യയിൽ നിന്നും കൊണ്ടുവരാൻ സാധിക്കും, യു.പി.–ക്ക് വേറെ കൊണ്ടുവരാൻ സാധിക്കും. അതു കൊണ്ട് ഒറീസ്സയിലുള്ള കോൾ മുഴുവൻ അവർക്ക് കിട്ടണം എന്നുപറഞ്ഞ് രണ്ട് ലെറ്റർ അവർ പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്. നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും ഇത് നടക്കാതെ പോയത് ഈ പറയുന്ന ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റൽ ക്ലിയറൻസ് കിട്ടാത്തതുകൊണ്ടാണ്. രണ്ടാമത്തേത് ഒറീസ്സ ഗവൺമെന്റ് ഒട്ടും സഹകരിച്ചില്ല. 4(1) നോട്ടിഫിക്കേഷൻ

ഇറക്കാൻ പോലും അവർ തയ്യാറായില്ല. നിങ്ങൾ അതിന് നാലുകൊല്ലം ശ്രമിച്ചു. ഞങ്ങൾ ഒരു കൊല്ലവും ശ്രമിച്ചു. അത് ഞങ്ങളുടെ ചുമലിലേയ്ക്ക് ഇടരുതെന്ന് പറയുന്നു.

മറ്റൊരു കാര്യം, ഇവിടെ ഉദ്ദേശിച്ചതെന്തായിരുന്നു? കഴിഞ്ഞ ഗവൺമെന്റ് ശ്രമിച്ചത് ചീമേനിയിൽ കോൾ ബെയ്സ്ഡ് ഫാക്ടറി കൊണ്ടു വരാനാണ്. നിങ്ങൾ സ്ഥലം കണ്ടെത്തിയത് അവിടെയാണ്. നിങ്ങളുടെ ഗവൺമെന്റ് തന്നെ ചീമേനിയിൽ വേണ്ടെന്ന് തീരുമാനിച്ചു. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തില്ല. അവിടത്തെ ജനങ്ങളുടെ എതിർപ്പ് കാരണമാണ്. ഞാൻ ഒരു കാര്യം ചെയ്തു, സബ്ജക്ട് കമ്മിറ്റി അംഗങ്ങളെ രണ്ടു മാസം മുമ്പ് ഈ കോൾ ബെയ്സ്ഡ് ഇൻഡസ്ട്രിയുള്ള യു.പി.-യിലും ഡൽഹിയിലും കൊണ്ടുപോയി കാണിച്ചു, അവർക്ക് ബോധ്യം വന്നിരിക്കുകയാണ്. നമുക്ക് കൂട്ടായി വിചാരിച്ചാൽ അതിന് ശ്രമിക്കാം. പക്ഷേ ആ കോൾ ക്യാൻസൽ ചെയ്തത് ശരിയല്ല എന്നുപറഞ്ഞ് ഞങ്ങൾ അതിനെ ചോദ്യം ചെയ്തിട്ടുണ്ട്.

മറ്റൊരു കാര്യം, ഇടമൺ-കൊച്ചി വൈദ്യുതി ലൈനിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എ. കെ. ബാലൻ 5 കൊല്ലം അതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. അന്നത്തെ മുഖ്യമന്ത്രി, ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ രണ്ടു ചർച്ചകളും ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ മൂന്നു ചർച്ചകളും, അങ്ങനെ അഞ്ചു ചർച്ചകൾ നിങ്ങളുടെ കാലത്ത് നടത്തിയിട്ടുണ്ട്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തില്ല. ഞങ്ങളുടെ കാലത്ത് വന്നപ്പോൾ ചർച്ച ചെയ്തു, എം.എൽ.എ.-മാരെ കൂട്ടി, ആക്ഷൻ കമ്മിറ്റികൾ കൂട്ടി എല്ലാം ചർച്ച ചെയ്ത് അവസാനം ഞങ്ങൾ ഒരു തീരുമാനത്തിലെത്തി യിരിക്കുന്നു. ഹൈ-കോമ്പൻസേഷൻ കൊടുത്ത് സ്ഥലമെടുക്കണമെന്ന്

തീരുമാനിച്ചു. അതിനുള്ള നെഗോഷിയേഷൻ അവരുമായി നടത്തുന്നുണ്ട്. കർഷകരുടെ നഷ്ടം ഗവൺമെന്റ് കൊടുക്കേണ്ടി വരും. അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കാര്യം ഞാൻ പറയാം, ഇടമൺ–കൊച്ചി മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, മറ്റു പലരുടെ നിയോജക മണ്ഡലത്തിലുമുണ്ട്. ശ്രീ. കെ. രാജുവിന് നല്ലപോലെ അറിയാമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് അതും കൂടുതൽ നഷ്ടപരിഹാരം കൊടുത്ത് വേഗത്തിൽ ചെയ്യാനുള്ള നടപടി ഞങ്ങൾ കൈക്കൊള്ളുകയാണ്. അഞ്ചുകൊല്ലം നിങ്ങൾ ശ്രമിച്ചതാണ്, നിങ്ങളുടെ കാലത്ത് നടക്കാത്തതാണ്. ഞങ്ങളും ശ്രമിക്കുന്നുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിലും രണ്ടു മൂന്നു ദിവസങ്ങളിലായി മാധ്യമങ്ങളിലൂടെയും സരിത എസ്. നായർ പുതുപ്പള്ളി വഴി യാത്ര ചെയ്തുവെന്ന് പറയുകയുണ്ടായി. ഞാൻ ആ വാർത്ത കണ്ടയുടൻ തന്നെ എ.ഡി.ജി.പി. (ഇന്റലിജൻസ്)–യുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് വാങ്ങുകയുണ്ടായി. 03.01.2014–ന് എറണാകുളത്ത് 5 കേസുകൾ സരിതയുടെ പേരിലുണ്ടായിരുന്നു. ആ കേസിന്റെ കാര്യത്തിനു വേണ്ടി എറണാകുളത്ത് പോയതാണ്. അഡ്വക്കേറ്റ് ഹാജരാകാത്തതുകൊണ്ട് കേസ് മാറ്റിവച്ചു. അന്ന് കേരളത്തിൽ ഹോട്ടൽ ബന്ദായിരുന്നു. എറണാകുളത്ത് നിന്ന് എം.സി. റോഡ് വഴിയാണ് വന്നത്. ഏറ്റുമാനൂരിൽ നിന്ന് പാലാ റൂട്ടിൽ കയറി പുതുപ്പള്ളി വഴി തെങ്ങണ–തിരുവല്ല റൂട്ടാണ് തെരഞ്ഞെടുത്തത്. എം.സി. റോഡ് വഴി തിരുവനന്തപുരത്ത് വരാൻ വേണ്ടിയാണ് ആ റൂട്ട് എടുത്തത്. സാധാരണഗതിയിൽ അതുവഴി യാത്ര ചെയ്യുന്ന എല്ലാവർക്കുമറിയാം, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി ഈ

മൂന്നു സ്ഥലങ്ങളിൽ ട്രാഫിക് ജാം ഉണ്ടാകുന്നത് സ്വാഭാവികമാണ്. അത് ഒഴിവാക്കാൻ വേണ്ടിയാണ് ഈ റൂട്ടെടുത്തത്. സാധാരണ നമ്മൾ യാത്ര ചെയ്യുമ്പോൾ പലപ്പോഴും തെങ്ങണ വഴിയുള്ള റൂട്ടെടുക്കാറുണ്ട്. ട്രാഫിക് ജാം ഒഴിവാക്കാൻ വേണ്ടിയാണ് ഇത് ചെയ്തത്. ഭക്ഷണം കഴിക്കാനായി പുതുപ്പള്ളിക്കടുത്ത് മൈലക്കാട് രജിയുടെ (□വീട് ഹോട്ടൽ□, വീടും ഹോട്ടലും കൂടി ഒരുമിച്ചുള്ളതാണ്) വഴിയോര റെസ്റ്റോറന്റിൽ അവർ കയറുകയുണ്ടായി. അന്ന് ഹോട്ടൽ ബന്ദായതുകൊണ്ട് സരിതയ്ക്ക് എസ്കോർട്ട് പോയ വനിതാ സി.പി.ഒ. ഭക്ഷണം സ്വന്തമായി കരുതിയിരുന്നു. ഇവരെ കണ്ട് സ്ഥലത്തുണ്ടായിരുന്ന ഒന്നു രണ്ടുപേർ സരിതയെ തിരിച്ചറിഞ്ഞു. മൊബൈൽ ഫോണിൽ അവരുടെ ഫോട്ടോ എടുക്കാൻ ശ്രമിച്ചുവെങ്കിലും പോലീസ് ജീപ്പിന്റെ ഡ്രൈവർ അത് നിരുത്സാഹപ്പെടുത്തുകയുണ്ടായി. വേറെ ആരെയും കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. മറിച്ചുവന്ന വാർത്തകളൊക്കെ വാസ്തവവിരുദ്ധമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളൊക്കെ നടന്നു, എത്രയെണ്ണം നടപ്പിലായി, എന്ന് ചർച്ചയിൽ പ്രതിപക്ഷത്തു നിന്നും ചോദിച്ചു. 176 പ്രഖ്യാപനങ്ങൾ നടന്നു, അതിൽ മിക്കതും നടപ്പിലായി. 07.01.2014–ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 573–ൽ നടപ്പിലായതു മുഴുവൻ പറഞ്ഞിട്ടുണ്ട്. അത് നിയമസഭയുടെ മേശപ്പുറത്തുണ്ട്, ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. അപ്പോൾ പ്രഖ്യാപിക്കുക മാത്രമല്ല, പ്രഖ്യാപിക്കുന്നതിൽ ബഹുഭൂരിപക്ഷം നടപ്പിലാക്കിയ ഗവൺമെന്റാണിത് എന്ന് അഭിമാനത്തോടെ പറയുകയാണ്. ആസ്തി വികസന ഫണ്ടിൽ പ്രതിപക്ഷ നിയോജക മണ്ഡലങ്ങളോട് വിവേചനം കാണിച്ചുവെന്നും യു.ഡി.എഫ്.–ന് മാത്രം കൊടുത്തുവെന്നും

ഒന്നാം വർഷം ചില മണ്ഡലങ്ങളിൽ കിട്ടിയെങ്കിലും രണ്ടാം വർഷം ഒരു സ്ഥലത്തും കിട്ടിയില്ലായെന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ആരോപണം ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സാധാരണ ഇങ്ങനെ പറയാറില്ലാത്ത ആളാണ്, അങ്ങനെ പറയാൻ എന്താണ് അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ഗവൺമെന്റ് 183 പരിപാടികളാണ് പ്രഖ്യാപിച്ചത്. ആ 183 പരിപാടികളിൽ 119-നും പ്രതിപക്ഷ അംഗങ്ങൾക്കാണ് ഭരണാനുമതി കൊടുത്തിരിക്കുന്നത്, അതായത് 65 ശതമാനം. ഭരണകക്ഷിയോട് വലിയൊരു അവഗണന കാണിച്ചു എന്ന് എനിക്ക് മനസ്സിൽ തോന്നിപ്പോകുകയാണ്. ഭരണകക്ഷിയോട് ഇങ്ങനെ ചെയ്യാമോ എന്ന് ഇപ്പോൾ ഒരു കുറ്റബോധം എന്റെ മനസ്സിൽ ഉദിക്കുകയാണ്. 133 കോടി രൂപ മൊത്തമായി അനുവദിച്ചു. അതിൽ 70 കോടി രൂപയും പ്രതിപക്ഷത്തിനാണ്, അതായത് 53 ശതമാനം. ഒരു കാര്യം നിങ്ങൾക്ക് വാക്ക് തരികയാണ്. ഇനി ഭാവിയിൽ കുറച്ചുകൂടി ഭരണകക്ഷിക്ക് കിട്ടത്തക്കവണ്ണം ചെയ്യാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും ഒരുപോലെ പ്രഖ്യാപിച്ച പദ്ധതിയാണ്. പ്രതിപക്ഷത്തിന് കുറയ്ക്കുകയും ഭരണപക്ഷത്തിന് കൂട്ടുകയും ചെയ്യേണ്ട കാര്യമില്ലല്ലോ? ഒന്നാം വർഷം കുറേ പദ്ധതി നടന്നു, രണ്ടാം വർഷം ഒന്നും നടന്നില്ല എന്നതാണ് ഞാൻ ഉന്നയിച്ച ആക്ഷേപം. പ്രതിപക്ഷ എം.എൽ.എ.-മാരുടെ യോഗം ചേർന്നപ്പോൾ എല്ലാവരും പറഞ്ഞതുകൊണ്ടാണ് ഞാനിതിവിടെ പറയാൻ കാരണം.

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന് സമാധാനമാണ് പറഞ്ഞത്. ശ്രീ. കോടിയേരി

ബാലകൃഷ്ണന്റെ നിയോജകമണ്ഡലത്തിൽ തന്നെ അഞ്ചു കോടി എഴുതി തന്നു, ഡിസംബറിൽ ഒരു ലെറ്റർ തന്നു, തലശ്ശേരിയിലെ ഗവൺമെന്റ് കോളേജിലേയ്ക്കുള്ള റോഡിന് 5 കോടി രൂപ. എസ്റ്റിമേറ്റില്ലായിരുന്നു, ലെറ്ററായിട്ടാണ് നൽകിയത്. എസ്റ്റിമേറ്റ് എടുത്ത് നൽകാനായി അയച്ചിട്ടുണ്ട്. എത്ര സത്യസന്ധമായും നിക്ഷ്പക്ഷവുമായിട്ടാണ് ഈ ഗവൺമെന്റ് പെരുമാറുന്നത്. അതുകൊണ്ട് ഇങ്ങനെയൊന്നും പറയരുത്. വളരെ ഭംഗിയായിട്ടാണ് കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാന്യനായ ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തിൻമേൽ കഴിഞ്ഞ മൂന്ന് ദിവസം ഇവിടെ ചർച്ച നടന്നു. സംസ്ഥാനത്തെയും ജനങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എത്രമാത്രം ചർച്ച നടന്നു എന്ന് എല്ലാവരും സ്വയം ചിന്തിക്കണം. സ്വാഭാവികമായും ചർച്ചകളിൽ രാഷ്ട്രീയം വരും, അത് വേണ്ടതുമാണ്. അതൊരു 50 : 50 ആകുന്നതായിരുന്നു മെച്ചം. പക്ഷേ, ഇവിടെ അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് പത്ത് ശതമാനം പോലും ചർച്ച വന്നില്ല. പ്ലാൻ എക്സ്പെൻഡീച്ചറിന്റെ കാര്യത്തിൽ ഞങ്ങൾ കുറച്ച് വിഷമത്തിലാണ്. അക്കാര്യം ഇവിടെ ചർച്ചയ്ക്ക് വരുമെന്ന് വിചാരിച്ചു. ഒരാളും ചൂണ്ടിക്കാണിച്ചില്ല. കാരണം, കഴിഞ്ഞ വർഷത്തെപ്പോലെ ചെലവുവന്നിട്ടുണ്ട്, കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ചെലവ് ഈ വർഷം വരികയും ചെയ്യും. പക്ഷേ, ഞങ്ങൾ ഉദ്ദേശിച്ചത് അതല്ല. പുതിയ ചില മാറ്റങ്ങളൊക്കെ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ അവസാനത്തെ രണ്ടുമൂന്ന് മാസങ്ങളിൽ പ്ലാൻ എക്സപെൻഡീച്ചർ വരുന്ന സിസ്റ്റം മാറ്റിയെടുക്കാൻ വേണ്ടി പല മാറ്റങ്ങളും

വരുത്തി നോക്കി. പക്ഷേ പ്രതീക്ഷിച്ച വിധത്തിൽ കാര്യങ്ങൾ നീങ്ങിയിട്ടില്ല. നവംബർ അവസാനം വരെയുള്ള കണക്ക് നോക്കുമ്പോൾ 34 ശതമാനമേ വന്നിട്ടുള്ളൂ. 60 ശതമാനം വരെയെങ്കിലും ആക്കണമെന്നായിരുന്നു ഗവൺമെന്റ് പ്രതീക്ഷിച്ചത്. അതുസംബന്ധിച്ചും ഇവിടെ ചർച്ച വന്നില്ല.

ആനുവൽ പ്ലാൻ – ആനുവൽ പ്ലാനിന് ഇരുപതിനായിരം കോടി രൂപ യാണ് ഇപ്പോൾ താൽക്കാലികമായി അംഗീകരിച്ചിട്ടുള്ള പ്ലാൻ സൈസ്. അത് ഫൈനലൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള ഉദ്യോഗസ്ഥരുടെ ചർച്ച ജനുവരി 10–ാം തീയതി ഡൽഹിയിൽ നടക്കാൻ പോകുകയാണ്. അന്ന് അത് ഫൈന ലൈസ് ചെയ്യും. അടുത്ത വാർഷിക പദ്ധതിയെക്കുറിച്ച് ചർച്ച വരുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതും വന്നില്ല. ധനകാര്യകമ്മീഷൻ ഇവിടെ വന്ന് എല്ലാ രാഷ്ട്രീയപാർട്ടികളുമായും ചർച്ച ചെയ്യുകയും സംസ്ഥാന ഗവൺമെന്റിന് നിവേദനം കൊടുക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചി ടത്തോളം അടുത്ത അഞ്ച് വർഷക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങ ളെക്കുറിച്ചുള്ള തീരുമാനങ്ങൾ വരേണ്ടതാണ്. സംസ്ഥാന ഗവൺമെന്റിനു കൂടുതൽ പ്രചോദനം നൽകത്തക്കവിധത്തിലുള്ള നിർദ്ദേശങ്ങളോ ചർച്ച കളോ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതും ഉണ്ടായില്ല.

വിഷൻ 2030, ഈ ഗവൺമെന്റ് വളരെ പ്രാധാന്യത്തോടുകൂടി തയ്യാ റാക്കി വിവിധ തലങ്ങളിൽ ചർച്ച നടത്തിയതാണ്. എന്നാൽ അതിനെക്കുറിച്ചു ള്ള ചർച്ചകളൊന്നും ഇവിടെ വന്നില്ല. നമുക്ക് രാഷ്ട്രീയം വേണം. രാഷ്ട്രീയം എല്ലാവർക്കുമുണ്ട്. അത് എല്ലാ ചർച്ചയിലും കടന്നുവരികയും ചെയ്യും. പക്ഷേ, നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ ബാധിക്കുന്ന പ്രശ്ന ങ്ങളെ പൂർണ്ണമായും അവഗണിക്കണമോ; അത് പൂർണ്ണമായും ബൈപ്പാസ്

ചെയ്യേണ്ടതുണ്ടോ? അടുത്ത ഒരു വർഷക്കാലത്തെ ഗവൺമെന്റിന്റെ നയങ്ങളെക്കുറിച്ചും ഇതുവരെ തുടർന്നുവന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ – വികസനവും കരുതലും, അതാണ് ഗവൺമെന്റ് മുന്നോട്ടുവച്ചത്. ഈ ഗവൺമെന്റിന്റെ പകുതി കാലാവധി പൂർത്തിയാകുമ്പോൾ വികസനവും കരുതലും എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിൽ വിജയിച്ചുവെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. വികസനരംഗത്ത് ഈ ഗവൺമെന്റ് മുന്നോട്ടുവച്ച പരിപാടികൾ, കൊച്ചി മെട്രോ – അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി മുന്നോട്ടുനീങ്ങുകയാണ്. നിശ്ചിത സമയത്തിനുള്ളിൽ കൊച്ചിയിൽ മെട്രോ ട്രെയിൻ ഓടിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ അവിടെ പുരോഗമിക്കുന്നു. അക്കാര്യത്തിൽ എല്ലാവരുടെയും  സഹകരണമുണ്ട്. ആ സഹകരണം പൂർണ്ണമായും പ്രയോജനപ്പെടുത്തിയാണ് മുന്നോട്ട് നീങ്ങുന്നത്.

വിഴിഞ്ഞം തുറമുഖം – ഇന്നും ഇന്നലെയുമൊക്കെ ഇവിടെ ചർച്ചാവിഷയമായി. വിഴിഞ്ഞം പദ്ധതി കേരളത്തിൽ അല്ലായിരുന്നുവെങ്കിൽ 25 കൊല്ലംമുമ്പ് അത് യാഥാർത്ഥ്യമാകുമായിരുന്നു. 25 കൊല്ലം കഴിഞ്ഞിട്ടാണെങ്കിലും വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകണ്ടേ? വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമെന്ന് ആർക്കും ഉറപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് നമ്മൾ എത്തികഴിഞ്ഞിരിക്കുകയാണ്. അതിനെതിരെ പല വിധത്തിലുള്ള പ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം നിങ്ങൾക്കും ഞങ്ങൾക്കും അറിയാം. ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി കൊണ്ട് അതിനെയെല്ലാം മറികട

ന്ന് അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അവസാനഘട്ടത്തിൽ എത്തിയിരിക്കുകയാണ്.

സ്മാർട്ട് സിറ്റി – പത്തുവർഷമായിട്ടുള്ള പ്രശ്നമാണ്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കണ്ണൂർ എയർപോർട്ട് – അതിന്റെ ഉദ്ഘാടനത്തിന് ശ്രീ. എ.കെ. ആന്റണിയുടെ ഡേറ്റ് കിട്ടിയെങ്കിലും ഉദ്ഘാടനം നടന്നില്ല. എഗ്രിമെന്റ് വച്ചതിന്റെ പിറ്റേദിവസം മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഔപചാരികമായ ചടങ്ങ് ശ്രീ. എ.കെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ ഫെബ്രുവരി 2–ാം തീയതി നടക്കും.

2015–ൽ കണ്ണൂർ എയർപോർട്ടിൽ വിമാനം ഇറങ്ങുമെന്നുള്ള തീരുമാനത്തോടുകൂടിയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. കൂട്ടായി പ്രവർത്തിച്ചാൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. മനസ്സുവച്ചാൽ കേരളത്തിൽ നടക്കാത്ത കാര്യങ്ങളൊന്നുമില്ല. മോണോറെയിൽ – തിരുവനന്തപുരത്തും കോഴിക്കോടും തുടങ്ങാനുള്ള ഡി.പി.ആർ. ആയി, അതിന്റെ ടെണ്ടർ സ്റ്റേജ് വരെ കാര്യങ്ങൾ എത്തിക്കഴിഞ്ഞിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത, വ്യക്തമായ നയങ്ങളോടും പരിപാടികളോടും കൂടിയുള്ള മുന്നേറ്റത്തിന് വിജയം കണ്ടെത്താൻ സാധിക്കും. മോണോറെയിലിന്റെ കാര്യത്തിലും അതുതന്നെയാണ് എനിക്ക് പറയാനുള്ളത്.

കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് പ്രധാനപ്പെട്ട പ്രോജക്ടുകൾ, ബി.പി.സി.എൽ–ന്റെ എക്സ്പാൻഷൻ – ഇരുപതിനായിരം കോടി രൂപയുടെ എക്സ്പാൻഷനാണ്. കഴിഞ്ഞ വർഷം ജനുവരി 8–ാം തീയതി, ഇതേ ദിവസം പ്രധാനമന്ത്രി അതിന് തറക്കല്ലിട്ടു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിച്ച് മുമ്പോട്ട് നീങ്ങുകയാണ്. അതുപോലെ കഴിഞ്ഞ ദിവസം പ്രധാന മന്ത്രി കമ്മീഷൻ ചെയ്ത എൽ.എൻ.ജി. ടെർമിനൽ – ഇത് രണ്ടും കേന്ദ്ര ഗവൺമെന്റിന്റെ സുപ്രധാനങ്ങളായ ഇൻവെസ്റ്റ്മെന്റാണ്. അതിന്റേതായിട്ടുള്ള നേട്ടങ്ങൾ വളരെയധികം ഈ സംസ്ഥാനത്തിനുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇനി നമുക്ക് പൂർത്തീകരിക്കാനുള്ളത് ദേശീയ ജലപാതയാണ്. അതും അതിന്റെ അവസാന ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ ഒന്നുരണ്ട് സ്ഥലത്ത് bottle-neck ഉണ്ട്. അത് മാറ്റിയെടുക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. എല്ലാവരുടെയും സഹകരണത്തോടെ അത് മാറ്റിയെ ടുത്ത് ദേശീയ ജലപാത കൊല്ലം–കോട്ടപ്പുറം കമ്മീഷൻ ചെയ്താൽ ഉടനെ തന്നെ കോവളം–കൊല്ലം, കോട്ടപ്പുറം–കാസർഗോഡ് എന്നീ ജലപാതകളു ടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. തലശ്ശേരി–മാഹി തോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരി ക്കുന്നു. ദേശീയ ജലപാതയുടെ കാര്യത്തിലും നമുക്ക് വളരെയധികം മുമ്പോ ട്ടുപോകാൻ സാധിക്കും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ മാഹിയിലെ പണി നടക്കുന്നില്ല. മാഹിയിൽ നിന്ന് കണ്ണൂരി ലേയ്ക്ക് പോകുന്ന ഭാഗം  വലിയ സ്തംഭനത്തിലാണ്, ഒരു പണിയും നടക്കു ന്നില്ല. ഭൂമി ഏറ്റെടുക്കൽ നടന്നിട്ടില്ല. ഭൂമി ഏറ്റെടുക്കാൻ ചെല്ലുമ്പോൾ നാട്ടു കാർ തടയുകയാണ്. നാട്ടുകാർ സമ്മതിക്കുന്നില്ല. ഇതിന്റെ ഫലമായി തർക്കം നടക്കുകയും സ്ഥിതി ആകെ സങ്കീർണ്ണമായിരിക്കുകയുമാണ്. അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു ഉന്നതതല ഇടപെടൽ നടത്തി

ആവശ്യമായ കോമ്പൻസേഷൻ നൽകണം. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ഹൈ കോമ്പൻസേഷൻ കൊടുത്തല്ലാതെ ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. അതിനൊരു പാക്കേജ് പ്രഖ്യാപിക്കാതെ ആ പദ്ധതി പൂർത്തിയാകുമെന്നുള്ള പ്രതീക്ഷ വേണ്ട. അതിനൊരു ഇടപെടൽ നടത്തുന്നില്ലെങ്കിൽ വലിയ പ്രയാസമായിരിക്കും. ഞങ്ങളുടെ ഭരണകാലത്ത് ശ്രമിച്ചതാണ്. ഇപ്പോഴും നടക്കുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അക്കാര്യം പ്രത്യേകം ശ്രദ്ധിക്കും. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത പൂർത്തീകരിച്ചതിനുശേഷം മറ്റു കാര്യങ്ങളിൽ ശ്രദ്ധിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനിടയ്ക്ക് സാധിക്കുമെങ്കിൽ തലശ്ശേരി- മാഹി തോടിന്റെ പണി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പ്രശ്നങ്ങൾ തീർക്കാൻ പരമാവധി ശ്രമിക്കുമെന്ന് ഞാനിപ്പോൾ പറയുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. എളമരം കരീം ഇവിടെ പ്രസംഗിച്ചപ്പോൾ കുറേ കാര്യങ്ങൾ വായിച്ചിട്ട് ഇതിന്റെയൊക്കെ സ്ഥിതി എന്തായി എന്നുചോദിച്ചു. അതിലൊന്ന്, ശ്രീ. സാംപിട്രോഡാ നിർദ്ദേശിച്ച വികസന കാര്യങ്ങൾ എന്തായി എന്നതാണ്. വളരെ ഗൗരവമായിത്തന്നെ അക്കാര്യങ്ങൾ മുന്നോട്ടു നീങ്ങുന്നു എന്നാണ് ശ്രീ. എളമരം കരീമിനോട് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ പത്ത് നിർദ്ദേശങ്ങളിൽ ആദ്യം അഞ്ച് നിർദ്ദേശങ്ങൾ എടുക്കാമെന്നുവച്ചു. കോസ്റ്റൽ വാട്ടർ വേയ്സ്, നോളഡ്ജ് സിറ്റി, ഇ-ഗവേണൻസ് തുടങ്ങിയ അഞ്ച് നിർദ്ദേശങ്ങൾ. കോസ്റ്റൽ വാട്ടർ വേയ്സിന്റെ കാര്യത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്തു. നവംബർ മാസം 9-ാം തീയതി കൊല്ലം പോർട്ടിൽ ആദ്യത്തെ കപ്പൽ അടുത്തു. അതിന്റെ ഔപചാരികമായ ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. ശ്രീ. പി. കെ. ഗുരുദാസനെയും പ്രത്യേകമായി

ക്ഷണിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന് അന്ന് വരാൻ സാധിച്ചില്ല. അങ്ങനെ നിരവധി പ്രവർത്തനങ്ങളാണ് നടത്തിയത്. ശ്രീ. സാം പിട്രോഡയുടെ ഒന്നാമത്തെ നിർദ്ദേശമാണ് കോസ്റ്റൽ വാട്ടർ വേയ്സ്. ഇന്ത്യയിൽ ആദ്യമായി കോസ്റ്റൽ വാട്ടർ വേയ്സ് ആന്റ് ഇൻലാന്റ് വാട്ടർ വേയ്സിൽക്കൂടി ചരക്ക് നീക്കത്തിന് സബ്സിഡി പ്രഖ്യാപിച്ച സ്റ്റേറ്റ് കേരളമാണ്. ഒരു ടൺ ചരക്ക് ഒരു കിലോമീറ്റർ കൊണ്ടു പോകുന്നതിന് ഒരു രൂപ സബ്സിഡി. ദേശീയ സെമിനാറിൽ പങ്കെടുത്ത എല്ലാ സംസ്ഥാനങ്ങളിലെയും പ്രതിനിധികൾ ഇതു സംബന്ധിച്ച് ഒന്നടങ്കം കേരളത്തെ അഭിനന്ദിച്ചു. നിങ്ങൾ ഇന്ത്യയ്ക്ക് മാതൃക കാണിച്ചിരിക്കുകയാണ്; ഇക്കാര്യം ചൂണ്ടിക്കാണിച്ച് അവരുടെ സ്റ്റേറ്റിലും ഇത് ആവശ്യപ്പെടാൻ പോകുകയാണ് എന്നുപറഞ്ഞു. കോസ്റ്റൽ ട്രാൻസ്പോർട്ടിന്റെ സാധ്യതകൾ നമ്മൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു.

അതുപോലെതന്നെ നോളഡ്ജ് സിറ്റിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കിട്ടി. അതിന്റെ മറ്റു നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അത് സ്ഥാപിക്കാനുള്ള സ്ഥലം ടെക്നോസിറ്റി, തിരുവനന്തപുരം എന്ന് തീരുമാനിച്ചു. അതിന്റെ നടപടികളുമായി മുമ്പോട്ട് നീങ്ങുകയാണ്. ഇ-ഗവേണൻസിന്റെ കാര്യത്തിൽ, കമ്പ്യൂട്ടർ രംഗത്ത് നമ്മളിന്ന് പിന്നിൽ പോയി. കാരണം നമുക്കതിനകത്ത് ഒരു സമവായം ഉണ്ടായിരുന്നില്ല. അതിനെ സംശയത്തോടു കൂടി കണ്ടു. പല എതിർപ്പുകളും വന്നു. ഇന്ത്യ മുഴുവൻ കമ്പ്യൂട്ടർ രംഗത്ത് മുമ്പോട്ടുപോയ സാഹചര്യത്തിൽ, ഐ.ടി. രംഗത്ത് ആദ്യ ഘട്ടത്തിൽ നമുക്ക് മുമ്പോട്ട് പോകാൻ സാധിച്ചില്ല. എന്നാൽ ഇ-ഗവേണൻസിന്റെ കാര്യത്തിൽ ഇന്ത്യയിൽ ആദ്യത്തെ സംസ്ഥാനമായി കേരളം എത്തിയിരിക്കുകയാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇന്ത്യയിൽ 50 ഇ-ഡി

സ്ട്രിക്ടുകൾ ആക്കാൻ തെരഞ്ഞെടുത്തതിൽ 14 എണ്ണവും കേരളത്തിലെ ജില്ലകളാണ്. ആ 14 ജില്ലകളും ഇ-ഡിസ്ട്രിക്ടുകളായി. അതുപോലെ ഇ-ഗവേണൻസിന്റെ കാര്യത്തിലും നമ്മൾ വളരെ മുമ്പോട്ടുവന്നിരിക്കുന്നു. വികസനത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഇതാണെങ്കിൽ, ഇതിനെക്കാൾ കൂടുതൽ പ്രാധാന്യത്തോടുകൂടി കരുതലിന്റെ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. കാരണം ഈ വികസന പ്രവർത്തനങ്ങളൊക്കെ ഉണ്ടാകുകയും അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. ആ പ്രയോജനത്തിന്റെ ഫലമായി എന്തെങ്കിലുമൊക്കെ നേട്ടം ഉണ്ടാകാൻ വേണ്ടി കാത്തിരിക്കാൻ കഴിയാത്ത ഒരു വിഭാഗം ആളുകളുണ്ട്; അവർക്കുവേണ്ടിയുള്ള പദ്ധതിയാണിത്. അതിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി നടപ്പിലാക്കിയത് ഒരു രൂപയ്ക്ക് അരി നൽകുക എന്നതാണ്. ഈ ഗവൺമെന്റ് വന്ന് നൂറ് ദിവസത്തിനുള്ളിൽ ഒരു രൂപയ്ക്ക് അരി നൽകി. നിങ്ങൾ മൂന്നു രൂപയുടെ അരി രണ്ടു രൂപയ്ക്ക് കൊടുക്കുമെന്നുപറഞ്ഞ് അധികാരത്തിൽ വന്നിട്ട് അഞ്ചാമത്തെ വർഷമാണ് അത് കൊടുത്തത്. ..........(ബഹളം).........

<u>ശ്രീ. സി. ദിവാകരൻ:</u> സർ, അങ്ങ് പറയുന്നത് വസ്തുതയല്ല. ദയവു ചെയ്ത് രേഖ നോക്കിയിട്ട് പറയുക.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, രേഖ നോക്കിയിട്ടുതന്നെയാണ് ഞാൻ പറയുന്നത്. അഞ്ചാമത്തെ വർഷമാണ് നിങ്ങൾ അരി നൽകിയത്. ഞങ്ങൾ നൂറ് ദിവസത്തിനുള്ളിൽ ആ പദ്ധതി നടപ്പിലാക്കി. കേരളത്തിലെ ജനങ്ങളെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം ആരോഗ്യ പ്രശ്നമാണ്. അതുകൊണ്ട് ആരോഗ്യ രംഗത്ത് പരമാവധി ശ്രദ്ധ ചെലുത്തി. സാധാരണക്കാരായ പാവപ്പെട്ടവർക്ക് കേരളത്തിൽ ലഭ്യമായിട്ടുള്ള ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാ

കുന്ന സാഹചര്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഞങ്ങൾ നടത്തുന്നത്. കോക്ലിയർ ഇംപ്ലാന്റ് സർജറി – ഒരു പുതിയ ടെക്നോളജി നമ്മുടെ ആരോഗ്യ രംഗത്ത് വന്നിരിക്കുന്നു. ബധിര–മൂക സമൂഹത്തിനുവേണ്ടി, ഒരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള ഒരു സംവിധാനം വന്നിരിക്കുന്നു. പക്ഷേ, ഇതിന് വളരെ ചെലവ് വരുന്നതാണ്. അഞ്ച് ലക്ഷം രൂപയിലധികം ചെലവ് വരും. നമ്മുടെ സമൂഹത്തിൽ ഒരു കുട്ടി ബധിര–മൂകാവസ്ഥയിൽ വളർന്നുവരിക എന്നുപറഞ്ഞാൽ അതിന്റെ ഉത്തരവാദിത്തം നമുക്ക് ഓരോരുത്തർക്കും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് വഴി അങ്ങനെയുള്ള കുട്ടികളുടെ ഓപ്പറേഷൻ നടത്താൻ തീരുമാനിക്കുകയും ആദ്യവർഷം 200 പേർക്ക് ഓപ്പറേഷൻ നടത്തുകയും ചെയ്തത്. ഈ വർഷം 200 പേരെ സെലക്ട് ചെയ്തു. ഇനി അതിൽക്കൂടുതൽ അപേക്ഷകൾ വന്നാൽ അത് ഏറ്റെടുത്ത് നടത്താൻ വേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്.

ജനറിക് മെഡിസിൻ – പി.എച്ച്. സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ഫ്രീയായി ജനറിക് മെഡിസിൻ കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി. താലോലം, **ആരോഗ്യകരം** പോലുള്ള പദ്ധതികൾ വളരെ ആശ്വാസകരമായി തീർന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളാണ് ഉണ്ടായിരുന്നതെങ്കിൽ ആ സ്ഥാനത്ത് ഇപ്പോൾ എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഉണ്ട്. അതിനുപുറമെയാണ് ഇപ്പോൾ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തിട്ടുള്ളത്. ഏറ്റവും മെച്ചപ്പെട്ട ചികിത്സ എല്ലാ

കുടുംബങ്ങൾക്കും ലഭ്യമാകുന്ന സാഹചര്യം ഉറപ്പുവരുത്തുക എന്നുള്ള താണ്.

അടുത്ത ഒരു പദ്ധതിയാണ് സീറോ ലാന്റ്ലെസ് സ്കീം. ആരോഗ്യ പ്രശ്നം കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങൾ ഇന്ന് ബുദ്ധിമുട്ടുന്ന ഒരു കാര്യം സ്വന്തമായി ഒരു കിടപ്പാടം (വീട്) ഉണ്ടാക്കുക എന്നുള്ളതാണ്. അതിനു വേണ്ടിയുള്ള പദ്ധതിയാണ് സീറോ ലാന്റ്ലെസ് സ്കീം. അതിനുവേണ്ടി അപേക്ഷകൾ ക്ഷണിക്കുകയും ഒരു ലക്ഷം പേർക്കുള്ള ഹൗസ് പ്ലോട്ടുകൾ കണ്ടെത്തുകയും ചെയ്തു. ഇനി 1,53,000 പേർക്ക് കൂടി സ്ഥലം കണ്ടെത്ത ണം. ഭൂമി ഇല്ലാത്ത എല്ലാവർക്കും ഭൂമി കൊടുക്കുന്നതിനാവശ്യമായ ഭൂമി ഈ ഗവൺമെന്റ് കണ്ടുപിടിക്കുക തന്നെ ചെയ്യുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. അതിന് ഭൂമി ഉള്ളവർ ചില ത്യാഗങ്ങൾ സഹിക്കേണ്ടി വരും; അവരോടത് അഭ്യർത്ഥിക്കും; അവരത് ചെയ്യണം; അത് ചെയ്യുമെന്ന് ഞങ്ങൾക്ക് പൂർണ്ണമായ വിശ്വാസമുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് – അക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ നമ്മുടെ ധനകാര്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കും. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ലോട്ടറി സംബന്ധിച്ച് ഇവിടെ ചർച്ച വന്നുകൊണ്ടി രുന്നത് എന്താണ്? സാന്റിയാഗോ മാർട്ടിന്റെ പേരുമായി ബന്ധപ്പെട്ടതും ലോൺ എടുത്തതും തിരിച്ചുകൊടുത്തതും ഒക്കെ ആയിട്ടുള്ള പ്രശ്നങ്ങളായി രുന്നു......(ബഹളം)....

<u>ശ്രീ. ഇ. പി. ജയരാജൻ:</u> നിങ്ങളുടെ വീക്ഷണം പത്രവും മാതൃഭൂമി പത്രവും പണം വാങ്ങിയില്ലേ? പിന്നെന്തിനാണ് ഞങ്ങളുടേത് മാത്രം പറയുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ഇ. പി. ജയരാജൻ ഇങ്ങനെ ചൂടാകാൻ ഞാൻ അതൊന്നും പറഞ്ഞില്ല. അന്ന് ചർച്ചാവിഷയമായതും വിവാദമായതും മറ്റ് ചിലതൊക്കെ ആയിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഇന്ന് പാവപ്പെട്ട വന്റെ ആശ്രയകേന്ദ്രമായി ലോട്ടറി മാറിയിരിക്കുന്നു. ധനകാര്യമന്ത്രി ചെയ്ത ഏറ്റവും പുണ്യം നൽകുന്ന ഒരു പ്രവൃത്തിയാണിത്. ഇന്ന് എത്ര ആയിരം ആളുകളുടെ ജീവൻ രക്ഷിക്കുന്ന വിധത്തിലുള്ള പരിപാടികളായി ഇത് മാറിയിരിക്കുന്നു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സാന്റിയാഗോ മാർട്ടിനെ കേരളത്തിൽ നിന്ന് കെട്ടുകെട്ടിച്ചത് ആരാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സാന്റിയാഗോ മാർട്ടിനെ കൊണ്ടുവന്നത് ആരാണെന്നും അദ്ദേഹത്തിന്റെ കയ്യിൽനിന്നും അഡ്വാൻസ് വാങ്ങിയതാരാ ണെന്നുമൊക്കെ എല്ലാവർക്കുമറിയാം. എന്നെക്കൊണ്ട് ആ പേര് പറയിപ്പിക്കാ നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രമിക്കുന്നതെങ്കിൽ ഞാനത് പറ യുകയില്ല. ആ പേര് പറയാത്തതിലുള്ള നിരാശകൊണ്ടാണ് അങ്ങ് എഴുന്നേറ്റ തെന്ന് എനിക്കറിയാം. എന്നാലും ഞാൻ ആ പേര് പറയില്ല. കഴിഞ്ഞ ബഡ്ജ റ്റിൽ ശ്രീ. കെ. എം. മാണി കൊണ്ടുവന്ന ഒരു സ്കീമാണ് മംഗല്യനിധി. അതിനായി പുതിയൊരു ലോട്ടറി കൊണ്ടുവരുന്നു എന്നുപറഞ്ഞു. വളരെ മാതൃകാപരമായിട്ടുള്ള ഒരു നീക്കമാണത്. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ പരിഗണിച്ച് അതനുസരിച്ച് പ്രവർത്തിക്കുക എന്നത് ഗവൺമെന്റിന്റെയും പൊതു പ്രവർത്തകരുടെയും കടമയാണ്. അതിൽ എല്ലാവർക്കും അഭിമാന ത്തോടെ, സന്തോഷത്തോടെ പങ്കുചേരാം.

സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് എന്തെല്ലാം സ്കീമുകൾ ഈ രണ്ടര വർഷക്കാലം കൊണ്ട് നടപ്പിലാക്കി. അതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു

സ്കീമാണ് സ്നേഹപൂർവ്വം പദ്ധതി. അച്ഛനും അമ്മയുമില്ലാത്ത കുട്ടികൾക്ക് താങ്ങും തണലും നൽകാൻ മുമ്പോട്ടുവരുന്ന ഒരു സ്കീമാണ് സ്നേഹ പൂർവ്വം പദ്ധതി . ഇതൊന്നും നിങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണോ, നിങ്ങൾ കണ്ടില്ലെന്ന് നടിച്ചാലും ഇവിടത്തെ ജനങ്ങൾ അത് കാണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ 56 കോടി രൂപ യുടെ വലിയൊരു സ്കീമാണ് സഹകരണ ഡിപ്പാർട്ട്മെന്റിന്റെ ആശ്വാസ് പദ്ധ തി. പാവപ്പെട്ടവരുടെ വീട്ടിലെ ഗൃഹനാഥനോ ഏണിംഗ് മെമ്പറോ കാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ പിടിപെട്ട് മരണപ്പെട്ട് എടുത്ത തുക തിരി ച്ചടയ്ക്കാൻ സാധിക്കാതെ വന്നാൽ ആശ്വാസവുമായി എത്തുന്ന ഒരു വലിയ പദ്ധതിയാണ് സഹകരണ ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കിയത്. ഇതൊക്കെയാണ് നിങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത്. ഈ ഗവൺമെന്റ് രണ്ടരക്കൊല്ല ക്കാലകൊണ്ട് എന്ത് ചെയ്തുവെന്ന് ചോദിക്കുമ്പോൾ ഇങ്ങനെയുള്ള കൊച്ചു കൊച്ചുകാര്യങ്ങൾ കാണാതെ പോകരുത്. ഇതൊന്നും ഈ ഗവൺമെന്റിന്റെ നേട്ടമായി പറയുന്നില്ല. എല്ലാവരുടെയും സഹകരണത്തോടെയാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. പ്രതിപക്ഷാംഗങ്ങൾ കൂടി സഹകരി ക്കുകയാണെങ്കിൽ ഇതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ഇതൊക്കെ നടത്താൻ സാധിക്കും. ഒരു ഗവൺമെന്റിനെ ജനങ്ങൾ വിലയിരുത്തുന്നതെങ്ങനെയാണ്? ഒരു ക്രൈസിസ് പിരീഡിൽ ഗവൺമെന്റ് എന്ത് ചെയ്യുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു സാധാരണ അന്തരീക്ഷത്തിൽ സ്ഥിര മായി ടാക്സ് പിരിക്കാനും ശമ്പളം കൊടുക്കാനുമാണെങ്കിൽ ഒരു ജനകീയ ഗവൺമെന്റിന്റെ ആവശ്യമുണ്ടോ; ഈ ഗവൺമെന്റ് ജനങ്ങളുടെ പ്രശ്നം

എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ വിലയിരുത്തി നോക്കൂ?

കസ്തൂരിരംഗൻ പ്രശ്നം വന്നു, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നു. അതിന്മേൽ ഈ ഗവൺമെന്റ് ഒരു സ്റ്റാന്റെടുത്തു. ഇത് ശരിയല്ലെന്നും അംഗീകരിക്കാൻ പറ്റില്ലെന്നും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞു. പിന്നീട് കസ്തൂരിരംഗൻ കമ്മിറ്റിയെ നിയമിച്ചു. നേരത്തെ തന്നെ പറഞ്ഞല്ലോ ഞാൻ ഇവിടെ പറയുന്നതിലൊക്കെ പ്രതിപക്ഷാംഗങ്ങളുടെയും പങ്കുണ്ട് എന്ന്. പിന്നെ നിങ്ങൾ ഇല്ലെന്ന് പറഞ്ഞാൽ ഉണ്ടെന്നു പറയാൻ എനിക്ക് സാധിക്കുകയില്ല എന്നുമാത്രമേയുള്ളൂ. നിങ്ങൾക്കും കൂടി അതിന്റെ പങ്ക് തന്നുകൊണ്ടുതന്നെയാണ് നീങ്ങുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ട് വന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് കേരളം പോലെ ഒരു സംസ്ഥാനത്ത് ഒരിക്കലും അംഗീകരിക്കാൻ പറ്റില്ല. അതിനും ഈ ഗവൺമെന്റ് ശക്തമായ ഒരു നിലപാടെടുത്തു. കേരളത്തിന്റെ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ടാണ് ഏറ്റവും ഒടുവിലത്തെ ഓഫീസ് മെമ്മോറാണ്ടം വന്നിരിക്കുന്നത്. പക്ഷേ നിങ്ങൾ ഇന്നലെ അതിശക്തമായ രീതിയിൽ സമരത്തിനായി പുറത്തോട്ടിറങ്ങി. ആര് പറഞ്ഞിട്ടാണ് നിങ്ങൾ പുറത്തോട്ടിറങ്ങിയതെന്ന് അറിയാമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് വോക്കൗട്ടിന് നേതൃത്വം നൽകിയത്. അദ്ദേഹം എന്താണ് പറഞ്ഞതെന്ന് അറിയാമോ? അദ്ദേഹം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് അനുകൂലമായിട്ടാണ് പറഞ്ഞത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഇവിടത്തെ കർഷകർ അംഗീകരിക്കുന്നുണ്ടോ; കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കാൾ ഭയാശങ്കയോടുകൂടിയാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ കാണുന്നത്. ആ റിപ്പോർട്ടിനെ ഇന്ന് പരസ്യമായി ഇന്ത്യയിൽ പിന്താങ്ങുന്നത് ബി.ജെ.പി.യും പ്രതിപക്ഷ

നേതാവും മാത്രമാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പ്രതിപക്ഷാംഗ ങ്ങൾ ഇന്നലെ ഇറങ്ങിപ്പോയി സമരമുണ്ടാക്കിയത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇവിടെ പ്രധാന മായും പഞ്ചായത്തുകളെ ആശ്രയിക്കുകയും പഞ്ചായത്തുകളിലെ ജനങ്ങൾ, കൃഷിക്കാർ എന്നിവരുടെ അഭിപ്രായങ്ങൾ ആദരവോടുകൂടി എടുക്കുകയും കസ്തൂരിരംഗൻ റിപ്പോർട്ടിലെ അപകടകരമായ നയങ്ങളെ എതിർക്കുകയും ചെയ്യുമ്പോഴും നിങ്ങൾ ഇപ്പോൾ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പുറകെ പോകുന്നതിന്റെ കാര്യം കേന്ദ്ര ഗവൺമെന്റ് ഈ റിപ്പോർട്ടിനെ അംഗീകരിച്ച തുകൊണ്ടല്ലേ? കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതുകൊണ്ട് കസ്തൂരിരംഗനെ നിങ്ങൾക്ക് വിടാൻ സാധിക്കുമോ; നല്ല കസ്തൂരി പോലെ നിങ്ങൾ അതിനെ ആദരിക്കുന്നുണ്ട്. കസ്തൂരിരംഗനെ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നതു കൊണ്ടല്ലേ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് പറഞ്ഞ ഈ കാര്യം അങ്ങയുടെ അടുത്തി രിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ അംഗീകരിക്കുമോ; അദ്ദേഹം ഇക്കാര്യം അംഗീകരിക്കുമെന്നുണ്ടെങ്കിൽ ഞാനും അംഗീകരിക്കാം. ഇവി ടത്തെ കർഷകർ അംഗീകരിക്കുമോ; ഇല്ല. യാഥാർത്ഥ്യ ബോധവുമായി ബന്ധ മില്ലാത്ത കാര്യങ്ങൾ പറഞ്ഞ് നടന്നിട്ട് എന്തെങ്കിലും കാര്യമുണ്ടോ; ആരെ ങ്കിലും ഇക്കാര്യങ്ങൾ അംഗീകരിക്കുമോ?

ഗ്യാസിന്റെ വില വർദ്ധനവിനെക്കുറിച്ച് പറഞ്ഞ് നിങ്ങൾ ഇന്നും മുദ്രാ വാക്യം വിളിച്ചു. ഒൻപത് സബ്സിഡൈസ്ഡ് ഗ്യാസ് സിലിണ്ടർ വരെ ഉപ യോഗിക്കുന്നവർക്ക് ഒരു രൂപപോലും വില വർദ്ധിപ്പിച്ചിട്ടില്ല. ഒൻപതിൽ കൂടു തൽ ഗ്യാസ് സിലിണ്ടർ ഉപയോഗിക്കുന്നതിനാണ് വില വർദ്ധിച്ചിട്ടുള്ളത്. ആ വില വർദ്ധനവ് പിൻവലിക്കണമെങ്കിൽ പറയാം. പക്ഷേ, ഒൻപത് ഗ്യാസ്

സിലിണ്ടർ വരെ യാതൊരു വിലവർദ്ധനവും ഉണ്ടായിട്ടില്ല. ആധാർ ബാങ്ക് ലിങ്കേജ് വരുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ഞങ്ങൾ അതിനെതിരെ ശക്തമായ നിലപാടെടുത്തു. കേരളത്തിനുവേണ്ടി മാത്രം അവർ മാറ്റം വരുത്തി. ഞങ്ങൾ ആറ് മാസത്തെ കാലാവധിയാണ് ചോദിച്ചിരിക്കുന്നത്. ഇപ്പോൾ രണ്ടുമാസത്തെ കാലാവധി ലഭിച്ചു. കേരളത്തിൽ 100 ശതമാനവും ആധാർ ബാങ്ക് ലിങ്കേജ് നടപ്പിലാകുന്നില്ലെങ്കിൽ രണ്ടു മാസമെന്നുള്ളത് ആറ് മാസമായി മാറിയിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കാരണം ജനങ്ങളുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് കാര്യങ്ങൾ പറയാൻ ഞങ്ങൾക്ക് ഒരു തടസ്സവുമില്ല. ഈ ഗവൺമെന്റ് കാര്യങ്ങൾ പറയേണ്ടിടത്ത് പറയുകയും നിലപാടുകൾ സ്വീകരിക്കുകയും ചെയ്യും.

പാവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ ഇറ്റാലിയൻ ഭടന്മാർ വെടിവച്ചുകൊന്നപ്പോൾ ഇവിടെ എന്തൊരു ബഹളമായിരുന്നു. ഗവൺമെന്റിനെ പ്രതികൂട്ടിലാക്കിയില്ലേ; പക്ഷേ, ഈ ഗവൺമെന്റ് എടുത്ത നിലപാട് എന്താണ്? ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടേ; നിങ്ങൾ ഇത് അംഗീകരിച്ചിരുന്നുവെങ്കിൽ ഞാൻ ഇത് പറയുകയില്ലായിരുന്നു. ....(ബഹളം).... പക്ഷേ, അവിടെ ബഹളം വയ്ക്കുന്നതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് തലശ്ശേരിയിൽ ഒരു ചൈനീസ് കപ്പൽ ഇടിച്ച് ആൾക്കാരെ കൊലപ്പെടുത്തിയിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിച്ചോ; കപ്പൽ ഉടമയിൽ നിന്നും ആ പാവപ്പെട്ട കുടുംബത്തിന് ഒരു രൂപയെങ്കിലും കോമ്പൻസേഷൻ വാങ്ങിക്കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ? ഞങ്ങൾ പറഞ്ഞതുപോലുള്ള നടപടിയെടുത്തു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: അന്ന് പ്രതിപക്ഷം ഇവിടെ എന്തു ചെയ്യുകയായിരുന്നു. ...............(ബഹളം)..........

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി,....... അന്ന് നിങ്ങൾ പ്രതിപക്ഷത്തുണ്ടായിരുന്നില്ലേ; നിങ്ങൾ അന്ന് ആവശ്യപ്പെട്ടോ; എന്തുകൊണ്ട് നിങ്ങൾ ആവശ്യപ്പെട്ടില്ല?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഈ രണ്ടുപേരെ വെടിവച്ചുകൊന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ കപ്പലിടിച്ച് രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടു. ആ കപ്പൽ കണ്ടെത്തുവാൻപോലും വിഷമിച്ചു. ശ്രീ. എ. കെ. ആന്റണി വഴി ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും സഹായം വാങ്ങി ശ്രീലങ്കയിൽ വച്ച് ആ കപ്പൽ കണ്ടുപിടിച്ച് ഇവിടെ കൊണ്ടുവന്ന് അവരെക്കൊണ്ട് നഷ്ടപരിഹാരം കൊടുപ്പിച്ചു. വെടിവച്ചവരെ മാത്രമല്ല, ഇവിടത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾപ്പോലും ഈ ഗവൺമെന്റ് ആത്മാർത്ഥമായി കൈകാര്യം ചെയ്തു. ഇതുപോലുള്ള ക്രൈസിസ് വരുന്ന സമയത്താണ് ഒരു ഗവൺമെന്റ് കാര്യങ്ങൾ ചെയ്യേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: കഴിഞ്ഞ അസംബ്ലിയിൽ ബഹുമാനപ്പെട്ട അങ്ങ് അട്ടപ്പാടിയിൽ ഒരു പാക്കേജ് പ്രഖ്യാപിച്ച കാര്യം ഓർമ്മയുണ്ടാകുമല്ലോ; എന്നാൽ സംസ്ഥാന സർക്കാർ ഇതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി എനിക്ക് മറുപടി തന്നത്. ഇതേ വിഷയത്തിന്മേൽ മണ്ണാർക്കാട് എം.എൽ.എ. ഇന്ന് സബ്മിഷൻ കൊണ്ടുവരികയും ചെയ്തു. അവിടെ ഇപ്പോൾ സമരം നടക്കുകയാണ്. 355 ആദിവാസികൾ മരണപ്പെട്ടു. അസംബ്ലി കൂടുന്ന സമയത്ത് ഈ പാക്കേജിനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള ഒരു ധാരണ ബഹുമാനപ്പെട്ട മന്ത്രി നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഞാൻ അതിലേയ്ക്ക് വരാം, നമ്മൾ ഇപ്പോൾ ചൈനീസ് കപ്പലിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ. എ. കെ. ബാലൻ ഇപ്പോൾ അവിടെ ഇരിക്കുക. സൗദി അറേബ്യയിൽ നിതാഖത്ത് നിയമം വരുന്നുവെന്ന് കേട്ടപ്പോൾ നമ്മുടെ ആളുകളൊക്കെ വളരെയധികം വേദനിച്ചു, അവർക്ക് വലിയ ആശങ്കയായി. ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് ശക്തമായ നിലപാടെടുത്തു. സൗദി ഗവൺമെന്റുമായി ചർച്ച നടത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടു. അതനുസരിച്ച് കേന്ദ്ര വിദേശകാര്യമന്ത്രിയും നമ്മുടെ നാട്ടുകാരൻകൂടിയായ പ്രവാസികാര്യ വകുപ്പു മന്ത്രി ശ്രീ. വയലാർ രവിയും ഇക്കാര്യത്തിൽ ഇടപെട്ട് ചർച്ചകൾ നടത്തി.

ഡോ. ടി. എം. തോമസ് ഐസക്: മടങ്ങിവരുന്നവർക്കായി നിങ്ങൾ എന്താണ് ചെയ്തത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മി. തോമസ് ഐസക്, ഞാൻ ചെയ്തുവെന്ന് പറഞ്ഞില്ല. ഇൻഡ്യ സൗദി ഗവൺമെന്റിനോട് ചില ആവശ്യങ്ങൾ ഉന്നയിച്ചു. നിയമവശങ്ങൾ പരിഹരിച്ച് അവിടെ നിൽക്കാൻ സാധിക്കുന്നവർക്ക് നിൽക്കാനുള്ള അവസരമുണ്ടാക്കണമെന്ന് പറഞ്ഞു. സൗദി അറേബ്യൻ ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന്റെ അപേക്ഷ സ്വീകരിച്ച് ചോദിച്ച അത്രയും സമയം, അതായത് 6 മാസക്കാലം തന്നു. ഒരു കാരണവശാലും ഈ നിയമം പാലിച്ച് അവിടെ നിൽക്കാൻ പറ്റാത്തവരെ പുറത്തേയ്ക്ക് അയയ്ക്കുമ്പോൾ തിരിച്ച് ഗൾഫിലെ ഒരു രാജ്യത്തും വീണ്ടും പോകാൻ പറ്റാത്ത വിധത്തിലുള്ള സീൽ കുത്തരുതെന്ന് പറഞ്ഞു. അതും സൗദി അറേബ്യ സമ്മതിച്ചു. കേരളീയരടക്കമുള്ള ഇൻഡ്യാക്കാർ ആഗ്രഹിച്ച ആ രണ്ട് കാര്യങ്ങളും സൗദി ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സാധിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: നിതാഖത്ത് നിയമം മൂലം ഇൻഡ്യയിലേയ്ക്ക് തിരിച്ച് വരുന്നവരെ സർക്കാർ ചെലവിൽ മടക്കിക്കൊണ്ടുവരുമെന്നതാണ് ആദ്യം അങ്ങ് നടത്തിയ പ്രസ്താവനകളിലൊന്ന്. നിങ്ങൾ അങ്ങനെയുള്ള എത്രപേർക്ക് വിമാന ടിക്കറ്റ് കൊടുത്തു?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രവാസി സംഘം, ഒ.എ.സി.സി., കെ.എം.സി.സി. ഈ 3 പേരും അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. ടിക്കറ്റ് ആവശ്യപ്പെട്ട് ആ കമ്മിറ്റിയുടെ മുമ്പിൽ വന്നവർക്കെല്ലാം ടിക്കറ്റ് കൊടുത്തു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: എത്ര പേർക്ക് ടിക്കറ്റ് നൽകി എന്നു പറയണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ടിക്കറ്റ് ആവശ്യപ്പെട്ട മുഴുവൻ ആളുകൾക്കും കൊടുത്തു. ടിക്കറ്റ് ആവശ്യപ്പെട്ടത് 144 പേരാണ്. സംശയമുണ്ടെങ്കിൽ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചോദിച്ചുനോക്കൂ. 24 പേർ യാത്ര ചെയ്തില്ല. ഞങ്ങൾ എന്ത് ചെയ്യും? ......(ബഹളം)....

മി. സ്പീക്കർ: ഇനി ചോദ്യോത്തരമൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാനുള്ളത് പറഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): നിങ്ങളുടെ സംഘടനയുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തിയാണ് ആ കമ്മിറ്റിയുണ്ടാക്കിയത്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: മടങ്ങിവരുന്നവർക്ക് സൗജന്യ യാത്രാസംവിധാനം അനുവദിക്കുമെന്ന് ജൂൺ മാസത്തിൽ അങ്ങ് നിയമസഭയിൽ പറഞ്ഞു. എന്നാൽ നവംബർ മാസം ആദ്യമാണ് അതിനുള്ള സംവിധാനമുണ്ടാക്കിയത്. അതുകൊണ്ടാണ് 14,000 ആളുകൾക്കും ഈ സൗജന്യം ലഭി

ക്കാതെ പോയത്. കേവലം 144 ആളുകൾക്ക് മാത്രമാണ് ഇത് ലഭിച്ചത്. ഗവൺമെന്റിന്റെ അനാസ്ഥയല്ലേ ഇതിന് കാരണം? .......(ബഹളം).......

ശ്രീ. കെ. സി. ജോസഫ്: .....(മൈക്ക് ഓഫ്).........

മി. സ്പീക്കർ: യെസ്.......പ്ലീസ്.......മുഖ്യമന്ത്രി പറഞ്ഞാൽ മതി.

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ ഭയപ്പെട്ടതുപോലെ അത്രയധികം ആളുകൾ ഇതിന്റെ പേരിൽ ആ രാജ്യം വിടേണ്ടിവന്നിട്ടില്ലെന്നതാണ് കാര്യം. ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയിൽ നിങ്ങളുടെ സംഘടനയിലെ പ്രതിനിധിയും ഉണ്ടായിരുന്നു. അവരും കൂടെ ചേർന്നാണ് ഈ തീരുമാനങ്ങളെടുത്തത്. നിങ്ങൾ അപ്രീഷിയേറ്റ് ചെയ്യണമെന്നൊന്നും ഞാൻ പറയുന്നില്ല. ഇതുപോലൊരു പ്രശ്നം വരുന്ന സമയത്ത് ഒരു ഗവൺമെൻറ് എന്തൊക്കെ ചെയ്യണമോ അതെല്ലാം ചെയ്തിട്ടുണ്ട്, ഭാവിയിലും അങ്ങനെതന്നെ ചെയ്യും. ഇവിടെ രൂക്ഷമായ വരൾച്ചയുണ്ടായ സമയത്ത് 14 ജില്ലകളിലെയും മുഴുവൻ എം.എൽ.എ. മാരെയും വിളിച്ച് ഞാനും ബന്ധപ്പെട്ട മന്ത്രിമാരും ചേർന്ന് കോൺഫറൻസ് നടത്തുകയും നിങ്ങൾ പറഞ്ഞ രീതിയിലുള്ള എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്തു.

ശ്രീമതി പി. അയിഷാപോറ്റി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇപ്പോൾ ഇവിടെ പറഞ്ഞതിനോടനുബന്ധമായ ഒരു കാര്യമാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്. അങ്ങ് വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ മീറ്റിംഗ് വിളിച്ചപ്പോൾ ഞാൻ ഒരു വിഷയം ഉന്നയിച്ചിരുന്നു. എന്റെ മണ്ഡലത്തിലുള്ള മൈലം പഞ്ചായത്തിലെ 5 പദ്ധതികൾ സാങ്കേതിക പ്രശ്നം കൊണ്ട് പ്രവർത്തിക്കാതെ കിടക്കുകയാണെന്നും അവിടെ അതിരൂക്ഷമായ വരൾച്ചയാണെന്നും സാങ്കേതികത്വം മാറ്റി അത് പരിഹരിച്ചുതരണമെന്നും പറഞ്ഞപ്പോൾ അത് പരിഹരിച്ചുതരാമെന്ന് അങ്ങ്

ഉറപ്പുതന്നു. പ്രശ്നപരിഹാരത്തിനായി ഞാൻ അധികൃതരോട് ബന്ധപ്പെട്ട പ്പോൾ ഇതിന് 50 ലക്ഷം രൂപ ചെലവുവരുമെന്നും ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നും പറഞ്ഞു. പക്ഷേ അതിന്റെ ഇപ്പോഴത്തെ അവസ്ഥ, കളക്ടറേറ്റിൽ വന്ന് ഡി.ഡി.സി. കൂടിയപ്പോൾ പണം നൽകാൻ കഴിയില്ലെന്ന് കളക്ടർ പറഞ്ഞു. അങ്ങ് ഇക്കാര്യം അറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് പരിഹ രിച്ചുതരണമെന്നാണ് എന്റെ ആവശ്യം.

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി)</u>: അന്ന് അവിടെ വച്ചെടുത്ത തീരുമാന ങ്ങൾക്കെല്ലാം എനിക്ക് നേരിട്ട് ഉത്തരവാദിത്വമുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വരൾച്ചാ പ്രശ്നമുണ്ടായ സന്ദർഭ ത്തിൽ മുഖ്യമന്ത്രി എല്ലാ സ്ഥലത്തും ഇടപെട്ടു, യോഗങ്ങൾ വിളിച്ചു. അന്ന് മുഖ്യമന്ത്രി നിയമസഭയിലും പുറത്തും പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം, സ്ഥിരമായി വരൾച്ചയുണ്ടാകുന്ന സ്ഥലത്ത് ഒരു സ്ഥിരം സംവിധാനം ഉണ്ടാക ത്തക്കവിധത്തിലുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുമെന്നാണ്. അങ്ങനെ എം.എൽ.എ. മാരിൽനിന്നും പ്രോജക്ട് വാങ്ങി. ഞാൻ കൊടുത്ത പദ്ധതി കളിൽ ഒന്നു പോലും ഇതുവരെ നടപ്പാക്കിയിട്ടില്ല. മറ്റ് എം.എൽ.എ. മാരുടെ സ്ഥിതി എന്താണെന്ന് എനിക്കറിയില്ല. മുഖ്യമന്ത്രി പോകുന്ന സ്ഥലത്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. പക്ഷേ കാര്യങ്ങളൊന്നും നടക്കാത്തത് എന്തുകൊണ്ടാണെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്.

<u>ശ്രീ. ഉമ്മൻചാണ്ടി</u>: താൽക്കാലികമായിട്ടുള്ള കാര്യങ്ങൾ അന്ന് നട ത്തുകയും ഇനി ഒരിക്കൽ ഇതുപോലുള്ള വരൾച്ച വന്നാൽ അതിനെ ഫെയ്സ് ചെയ്യാൻ സാധിക്കുന്ന തരത്തിൽ ഐഡന്റിഫൈ ചെയ്ത കാര്യങ്ങ ളുമായി മുമ്പോട്ട് പോകണമെന്ന് പറയുകയും ചെയ്തു. അതനുസരിച്ച് നമ്മുടെ പ്രധാനപ്പെട്ട പല ജലവിതരണ പദ്ധതികളും കമ്മിഷൻ ചെയ്യാൻ

പോകുകയാണ്. എറണാകുളവും, കോഴിക്കോടും അടക്കമുള്ള പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കത്തക്കവിധത്തിൽ മുന്നോട്ട് നീങ്ങുകയാണ്. അതുപോലെയുള്ള ഏതെങ്കിലും കാര്യങ്ങൾ മുടങ്ങിക്കിടപ്പുണ്ടെങ്കിൽ നിശ്ചയമായും ഞാൻ അത് പരിശോധിക്കും.

ഇവിടെ പ്രധാനമായിട്ടും വന്ന വിമർശനങ്ങൾ ജനസമ്പർക്ക പരിപാടിയെക്കുറിച്ചാണ്. ഈ ഗവൺമെന്റ് വന്ന് ആദ്യം 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ നിങ്ങളെല്ലാവരും സഹകരിച്ചതാണ്. ഞാൻ അതിന് പ്രത്യേകമായ നന്ദി എല്ലായിടത്തും പറഞ്ഞിട്ടുമുണ്ട്. അന്നില്ലാതിരുന്ന ഒരെതിർപ്പ് ഇപ്രാവശ്യം എങ്ങനെ ഉണ്ടായിയെന്നത് എനിക്ക് സംശയമാണ്. അർഹിക്കുന്നവർക്ക് സഹായം കൊടുക്കുന്നതിനുവേണ്ടി പൊതുവായ ഒരു ഓർഡർ ഇറക്കിക്കൂടെയെന്ന് ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. ഞങ്ങൾ പൊതുവായ ഓർഡർ ഇറക്കുന്നുണ്ട്. നിങ്ങൾകൂടി സഹകരിച്ച കഴിഞ്ഞ ജനസമ്പർക്ക പരിപാടി കഴിഞ്ഞതിനുശേഷം 45 ഗവൺമെന്റ് ഉത്തരവുകൾ ഇറക്കിയത് അതിന്റെ പ്രയോജനം പൊതുവായി എല്ലാവർക്കും കിട്ടുന്നതിനാണ്. ഞാൻ ഇപ്പോൾ ഇവിടെ പറഞ്ഞ, സ്നേഹപൂർവ്വം പദ്ധതി ഞാൻ ഒപ്പിട്ട് കൊടുക്കുന്നവർക്കോ വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ കൊടുക്കുന്നവർക്കോ മാത്രമല്ല, അതാത് ജില്ലകളിലെ ഉദ്യോഗസ്ഥന് അപേക്ഷ കൊടുത്താൽ ആ ആനുകൂല്യം ആർക്കുവേണമെങ്കിലും ലഭിക്കും. കൊല്ലത്തുള്ള സുശീലൻ എന്നയാൾ മരിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിൽപ്പോലും നിങ്ങൾ രാഷ്ട്രീയം കണ്ടത് വളരെ ദു:ഖകരമായിപ്പോയി. നിങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി, എനിക്ക് ലഭിച്ച ഒരു കത്ത് ഞാനിവിടെ വായിക്കാം; "കഴിഞ്ഞ

ഡിസംബർ 12-ന് കൊല്ലത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ഞാനും എന്റെ ഭർത്താവും കുഞ്ഞുങ്ങളും അങ്ങയെ കണ്ട് എന്റെ മക്കളുടെ രോഗവിവരം പറഞ്ഞ് സഹായം അഭ്യർത്ഥിക്കുകയും വേണ്ട സഹായം നൽകാമെന്ന് അങ്ങ് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എന്റെ ഭർത്താവ് സുശീലൻ കുട്ടികളുടെ അവസ്ഥയിൽ മനംനൊന്തും അദ്ദേഹത്തിന്റെ അസുഖത്തിന്റെ കാരണത്താലും 13-12-2013-ന് ആത്മഹത്യ ചെയ്തു. എന്നാൽ എന്റെ ഭർത്താവിന്റെ ആത്മഹത്യ രാഷ്ട്രീയമായ പ്രചരണമാക്കാനും മുഖ്യമന്ത്രിയെ കാണാൻ കഴിയാത്തതാണ് ആത്മഹത്യ ചെയ്യാൻ കാരണമെന്നും ചില പ്രചരണങ്ങൾ നടക്കുന്നത് ഞാനോ മക്കളോ അറിഞ്ഞില്ല. അങ്ങ് എന്നെ വിളിച്ച് ആശ്വസിപ്പിച്ചതിലും ഏഴ് ലക്ഷംരൂപയുടെ ധനസഹായം അനുവദിച്ചതിലും ഞങ്ങൾക്ക് നന്ദിയുണ്ട്........”. ഞങ്ങൾ ഒരാളെയും വിളിച്ചു വരുത്തിയതല്ല. വിളിച്ചുവരുത്തിയ മുഴുവൻ പരാതിക്കാരെയും ഞാൻ നേരിട്ട് കാണും. മറ്റ് മന്ത്രിമാരും ജനനേതാക്കളും മറ്റുള്ളവരിൽനിന്ന് പരാതി വാങ്ങും, അവരുടെ കാര്യങ്ങളൊക്കെ ചോദിച്ചറിയും. മുഖ്യമന്ത്രിയെ കാണണമെന്ന് പറഞ്ഞ് ആരെങ്കിലും അവിടെ നിന്നാൽ അവസാനം ഞാൻ അവരെ കാണും. അങ്ങനെ ഏറ്റവും ഒടുവിലായി ഇവർ വന്നു, ഇവരെയും കണ്ടു. ഇവരെ പ്രത്യേകം ഓർക്കുന്നതിനുള്ള കാരണം, ആകെയുള്ള രണ്ട് കുട്ടികളും ഒരുവിധത്തിലും ജീവിക്കാൻ പറ്റാത്ത വിധത്തിലുള്ളവർ, അവരുടെ ഏറ്റവും ദയനീയമായ സ്ഥിതി. അവരെ ഞാൻ കണ്ടു, സംസാരിച്ചു, നിവേദനം വാങ്ങി. ഇങ്ങനെ എല്ലാ ജില്ലകളിൽനിന്നും വളരെ പ്രധാനപ്പെട്ടതെന്ന് തോന്നുന്ന, ഹാർഡ് കേസെന്ന് തോന്നുന്ന നിവേദനവും വാങ്ങിയാണ് തിരിച്ചുപോരാറുള്ളത്. പിന്നീട് ഇവിടെവന്ന് ഉത്തരവ് പാസ്സാക്കുകയാണ് ചെയ്യുന്നത്. അതു

പോലെതന്നെയാണ് ഇക്കാര്യത്തിലും ചെയ്തത്. അന്വേഷിച്ചാൽ ആർക്കുവേണമെങ്കിലും അത് ബോധ്യമാവുകയും ചെയ്യും. പക്ഷേ ഇങ്ങനെ ഒരു പരിപാടിയിൽപ്പോലും രാഷ്ട്രീയം കണ്ടത് വളരെ നിർഭാഗ്യകരമായിപ്പോയി.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങ് പാവപ്പെട്ടവരേയും കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നുവെന്ന് പറഞ്ഞു. അങ്ങയുടെ പാർട്ടിയുടെ മഹിളാ കോൺഗ്രസ് നേതാവായ ഷാഹിദാ കമാൽ, ഭർത്താവ് പെട്ടെന്ന് മരിച്ചതിനെത്തുടർന്ന് അങ്ങേയറ്റം ദുരിതത്തിൽ ജീവിക്കുകയാണ്, സഹായിക്കണമെന്ന് പറഞ്ഞ് ഒരു പെറ്റീഷൻ നൽകിയിരുന്നു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് പാർട്ടിയുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. രണ്ടാമത്, ഇവിടെ വന്ന ഒരു പ്രധാന വിഷയമാണ് ........

.........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്......... ഇതൊന്ന് വൈൻഡ് അപ് ചെയ്തോട്ടേ. നിങ്ങൾ ഓരോ മിനിട്ടും ചാടി എണീറ്റാൽ മുഖ്യമന്ത്രി എങ്ങനെയാണ് മറുപടി പറയുന്നത്. ..........(ബഹളം)...........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആറന്മുള എയർ പോർട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതുമായി ബന്ധപ്പെട്ട 17 തീരുമാനങ്ങൾ എടുത്തത് നിങ്ങളുടെ കാലത്താണ്. പഴയതൊന്നും ഓർമ്മിക്കുന്നില്ലെങ്കിൽ അതിന്റെ ലിസ്റ്റ് മുഴുവൻ പ്രതിപക്ഷ നേതാവിന് വേണമെങ്കിൽ കാണിച്ചുതരാം. അങ്ങ് ഒപ്പിട്ട കടലാസിന്റെ കോപ്പി എന്റെ കയ്യിൽ ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക എന്നാണ് അങ്ങ് എഴുതിയിരിക്കുന്നത്.

അല്ലാതെ ഫയൽ ഫോർവേഡ് ചെയ്തതൊന്നുമല്ല. നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിക്കത്തക്കവിധം വേണ്ടതെല്ലാം ചെയ്യാൻ പറഞ്ഞ് എഴുതി ഒപ്പിട്ടു കൊടുത്തിട്ട് ഇപ്പോൾ..............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, എം.എൽ.എ.-മാർ തരുന്ന അപേക്ഷകളുടെമേൽ അത് കളക്ടർമാർക്ക് ഫോർവേഡ് ചെയ്തുകൊണ്ട് അയയ്ക്കുന്ന നോട്ട് ഒരു ഉത്തരവാണോ; ഉത്ത രവാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് നിങ്ങൾ പറയുന്ന പച്ചക്കള്ളം തുറന്നുകാട്ടുകയല്ലേ ഞാൻ ചെയ്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ഇത് ഫോർവേഡ് ചെയ്യുകയല്ല ചെയ്തത്. ഒന്നുകൂടി വായിക്കാം – 'ജില്ലാ കളക്ടർ, പത്തനംതിട്ട, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യ മായ സത്വരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക' – കളക്ടർക്ക് ഉത്ത രവു നൽകുകയാണ് ചെയ്തത്. അടുത്തത്, ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾക്കായി കളക്ടർ ഉടനെതന്നെ കത്ത് അയച്ചിരിക്കുകയാണ് – 'മേൽപ്പടി ഉത്തരവിന്റെ വെളിച്ചത്തിൽ തുടർനടപടികൾ കൈക്കൊള്ളേണ്ട താണ്.' അങ്ങ് ഇതെല്ലാം ചെയ്തിട്ട് എന്നെ കുറ്റപ്പെടുത്താൻവേണ്ടി, ഞാനാണ് ഇതെല്ലാം ചെയ്തതെന്ന് പറഞ്ഞാൽ അത് ശരിയാണോ? ഞങ്ങൾക്ക് തെറ്റുപറ്റിയെന്ന് ഇന്നലെ ശ്രീ. എം. എ. ബേബി പറഞ്ഞല്ലോ. തെറ്റ് പറ്റാത്തവർ ആരെങ്കിലുമുണ്ടോ; തെറ്റ് പറ്റിയെന്ന് പറഞ്ഞാൽ എന്തി നാണ് തെറ്റ് ചെയ്തതെന്ന് ചോദിക്കാൻ പറ്റുമോ? പക്ഷേ, അങ്ങ് ചെയ്തതെല്ലാംകൂടി എന്റെ തലയിൽ വച്ചുതരാൻ ശ്രമിച്ചാൽ നടക്കില്ല. ഒന്നും രണ്ടുമല്ല, 17 ഉത്തരവുകളാണ് ഇറക്കിയിരിക്കുത്. അവിടെ ഇരിക്കുന്നവർക്ക്

അതറിയില്ലെങ്കിൽ അതിന്റെയെല്ലാം കോപ്പി ഞാൻ തരാം, കോപ്പിയുമായി ട്ടാണ് ഞാൻ വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് കുറച്ചുകൂടി തുറന്ന മനസ്സ് കാണിക്കണം. അങ്ങ് ചെയ്തിട്ട് അതിന്റെ ഉത്തര വാദിത്വം എന്റെ തലയിൽ വച്ചാൽ അത് വളരെ കടന്നുപോയിയെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. സ്വയംഭരണാവകാശ കോളേജുകൾ കൊടുക്കുന്നതി നെക്കുറിച്ച് ഇവിടെ ചിലർ പ്രസംഗിച്ചപ്പോൾ പറഞ്ഞു. 21 സ്റ്റേറ്റുകളിലായി 441 സ്വയംഭരണ കോളേജുകളുണ്ട്. വെസ്റ്റ് ബംഗാളിലും സ്വയംഭരണ കോളേജു കളുണ്ട്. ഇന്ന് ലോകം മാറുകയാണ്. വിദ്യാഭ്യാസ രംഗത്തും പല മാറ്റങ്ങൾ വരികയാണ്. ആ മാറ്റങ്ങൾ എപ്പോഴും സാധാരണക്കാരന്റേയും പാവപ്പെട്ടവ ന്റേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവയും സുതാര്യവുമായിരിക്കണം. ഈ രണ്ട് വ്യവസ്ഥകളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. പക്ഷേ ഈ രണ്ട് വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് നമ്മളും മാറ്റത്തിന് തയ്യാറാ കുന്നില്ലെങ്കിൽ നാം പുറകോട്ടുപോകും. ഇന്ന് വെസ്റ്റ് ബംഗാളടക്കം രാജ്യത്തെ 21 സ്റ്റേറ്റുകളും അംഗീകരിച്ചൊരു നയം, ഇന്ത്യയിലാകെ 441 സ്വയംഭരണ കോളേജുകൾ ഉണ്ടായിട്ടും കേരളത്തിലൊന്നുപോലും ഇല്ലായെന്ന് പറയുന്നത് നമുക്കൊരിക്കലും നന്നല്ല. പി.എസ്.സി. നിയമന നിരോധനമാണെന്ന് ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാര ത്തിൽവന്ന് രണ്ടര വർഷത്തിനുള്ളിൽ 86,154 പേരെ പി.എസ്.സി. നേരിട്ട് അപ്പോയിന്റ് ചെയ്തു. അദ്ധ്യാപക പാക്കേജുവഴി 10,553 പേർക്ക് സ്ഥിരമായി ജോലി കിട്ടി. കെ.എസ്.ആർ.ടി.സി.-യിൽ 3,386 എം-പാനലുകാരെ നിയ മിച്ചു.

ശ്രീ. സി. ദിവാകരൻ: സർ, പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ കിട്ടിയവർക്കുപോലും നിയമനം കിട്ടിയിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : അവർക്ക് തീർച്ചയായും നിയമനം കിട്ടും. വികലാംഗരായിട്ടുള്ള 2799 പേർക്ക് അപ്പോയിൻമെന്റ് കൊടുത്തു. 905 പേർക്ക് ആശ്രിത നിയമനവും 103 പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനവും നൽകി. എല്ലാംകൂടെ ഈ 30 മാസം കൊണ്ട് 1,03,900 പേർക്ക് ജോലി കൊടുത്ത ഗവൺമെന്റിനെയാണ് നിങ്ങൾ നിയമന നിരോധനം എന്നു പറഞ്ഞ് ആക്ഷേപിക്കുന്നത്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സമോ നിരോധനമോ ഇല്ല, അത്യാവശ്യമായിരിക്കണം എന്നുമാത്രമേയുള്ളൂ. പങ്കാളിത്ത പെൻഷന്റെ കാര്യത്തിൽ നാഷണൽ പെൻഷൻ ട്രസ്റ്റുമായി ഒരു എഗ്രിമെന്റ് ഒപ്പുവയ്ക്കണമായിരുന്നു. അത് കഴിഞ്ഞ ദിവസം ഒപ്പുവച്ചു. ഈ ഫെബ്രുവരി മാസം മുതൽ പങ്കാളിത്ത പെൻഷന്റെ വിഹിതം ഗവൺമെന്റ് ജീവനക്കാരിൽ നിന്നും ഈടാക്കും, ഗവൺമെന്റിന്റെ വിഹിതവും അടയ്ക്കും. അതിന്റെ നടപടികളുമായി മുമ്പോട്ടുപോകും.

ശ്രീ. സി. ദിവാകരൻ : പങ്കാളിത്ത പെൻഷൻ ഇതുവരെ നടപ്പിലാക്കിയില്ലേ?

ശ്രീ. ഉമ്മൻചാണ്ടി : നടപ്പിലാക്കി. ട്രസ്റ്റുമായി എഗ്രിമെന്റ് വയ്ക്കാത്തതുകൊണ്ടാണ് വിഹിതം പിടിക്കാതിരുന്നത്. ഇപ്പോൾ എഗ്രിമെന്റ് ഒപ്പുവച്ചു. രൂപ പിടിക്കുന്നതിനുള്ള തീരുമാനമായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 2013 ഏപ്രിൽ 1-ന് ശേഷം സർവ്വീസിൽ ചേർന്ന ആരിൽ നിന്നും വിഹിതം പിടിച്ചിട്ടില്ല. ഇതുവരെയുള്ള

വിഹിതം പിടിക്കാതെ ഈ മാസത്തെ വിഹിതം എങ്ങനെ പിടിക്കും? ആ പണം മുഴുവൻ ഒന്നിച്ചുപിടിക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി : ഒന്നിച്ചു പിടിക്കില്ല. കുടിശ്ശികയുള്ള വിഹിതം 12 മാസംകൊണ്ട് പിടിക്കും. അതുസംബന്ധിച്ച് തീരുമാനമായിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സംസ്ഥാനത്ത് ജോലി ചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം പിടിച്ചത് ഇതുവരെ അടച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി : അതെനിക്ക് കൃത്യമായി അറിയില്ല. ഇതുമായി ബന്ധപ്പെട്ട ഒരു അവ്യക്തതയും ഉണ്ടാകില്ല. എല്ലാ കാര്യങ്ങളും മുമ്പോട്ടു പോകും. പ്രതിപക്ഷ നേതാവ് അസഹിഷ്ണുത പ്രകടിപ്പിക്കുന്നതിനാൽ ഞാൻ പെട്ടെന്ന് നിറുത്താം. ഇവിടെ നടന്ന ഈ ചർച്ചയിലും സോളാർ പ്രശ്നം സജീവമായി വന്നു. സോളാർ പ്രശ്നം വന്നപ്പോൾ, ഏത് അന്വേഷ ണത്തെയും നേരിടാൻ തയ്യാറാണ് എന്നാണ് ഞാനെടുത്ത നിലപാട്. ജുഡീ ഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു, സിറ്റിംഗ് ജഡ്ജിയെ ആവശ്യപ്പെട്ടു. സിറ്റിംഗ് ജഡ്ജിയെ കിട്ടാതെവന്ന അവസരത്തിൽ വീണ്ടും മുഖ്യമന്ത്രി കത്തെഴുതണമെന്ന് നിങ്ങൾ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ വീണ്ടും എഴുതി കാത്തിരുന്നു. അവരുടെ യോഗം കൂടി, സുപ്രീം കോടതി യുടെ ഒരു ഡയറക്ഷൻ കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് സിറ്റിംഗ് തരാൻ പറ്റില്ല എന്നറിയിച്ച സഹചര്യത്തിലാണ് റിട്ടയേർഡ് ജഡ്ജിയെ വച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്കെതിരെ ഒന്നും പറയാൻ പറ്റില്ല, അന്വേഷ ണത്തിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഇവിടെ ആരോ പറഞ്ഞു,

അത് തെറ്റാണ്. ഈ നിയമസഭയിൽ നിങ്ങൾ തുടർച്ചയായി ഈ പ്രശ്നങ്ങൾ ഉന്നയിച്ചത് എനിക്കെതിരായിട്ടല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രിയെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തും എന്ന് ടേംസ് ഓഫ് റഫറൻസിൽ വയ്ക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. ഉമ്മൻ ചാണ്ടി : ടേംസ് ഓഫ് റഫറൻസിൽ അതുണ്ട്. ടേംസ് ഓഫ് റഫറൻസിന്റെ കോപ്പി വേണമെങ്കിൽ തരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിനും എതിരായിട്ട് ഉന്നയിച്ച ആരോപണങ്ങൾ അന്വേഷണത്തിന്റെ ഭാഗമാകും എന്ന് അതിനകത്തില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : ഈ സഭയിൽ നിന്നുകൊണ്ടാണ് ഞാൻ പറയുന്നത്, ഈ സഭയ്ക്കകത്തും പുറത്തും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ അതെല്ലാം ഉന്നയിക്കാൻ സാധിക്കത്തക്ക വിധത്തിലാണ് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കിയിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രിക്കെതിരായ ആരോപണം അല്ലെങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരായ ആരോപണം എന്ന് സ്പെസിഫിക്കായി പറയുന്നതിന് എന്താണ് തടസ്സം? ഞങ്ങൾ ഉന്നയിച്ച ആരോപണം മുഖ്യമന്ത്രിക്ക് എതിരായിട്ടാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :നിയമസഭയ്ക്കകത്ത് പ്രതിപക്ഷം മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും ഇൻക്ലൂസീവ് ആണെന്നാണ് പറഞ്ഞിട്ടുള്ളത്. സഭയ്ക്കകത്ത് പറഞ്ഞിട്ടുള്ള ഏത് കാര്യവും അന്വേഷണ വിധേയമാണ്. സഭയ്ക്കകത്ത് പറഞ്ഞിട്ടുണ്ടെങ്കിൽ

അത് കമ്മീഷന് മുമ്പിൽ ഉണ്ട്. മാത്രമല്ല, പ്രതിപക്ഷം ആവശ്യപ്പെട്ടതിനെക്കാൾ വൈഡർ ഏരിയയാണ് ഈ കേസ്സിൽ എടുത്തിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : അന്വേഷണം തീരുമാനിച്ചു, ജഡ്ജിയെ നിയോഗിച്ചു, വിപുലമായ ടേംസ് ഓഫ് റഫറൻസ് വച്ചു. ഞാൻ പ്രതിയായി നിന്നുതന്നിരിക്കുകയാണ്. ഇനിയിപ്പോൾ തെളിവുംകൂടി ഞാൻ തന്നെ തരണമെന്ന് പറഞ്ഞാൽ അത് ബുദ്ധിമുട്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഞങ്ങളുടെ ആവശ്യം മുഖ്യമന്ത്രിയേയും മുഖ്യമന്ത്രിയുടെ ഓഫീസിനേയും അന്വേഷണ പരിധിയിൽപ്പെടുത്തണമെന്നതാണ്. ആ ആവശ്യം അംഗീകരിക്കാൻ അങ്ങ് ആദ്യമേ തയ്യാറായിരുന്നില്ല. താങ്കൾക്ക് ഒന്നും ഒളിച്ചുവയ്ക്കാനില്ലെങ്കിൽ ഇത് ഉൾപ്പെടുത്തിയാൽ എന്താണ് തെറ്റ്? പ്രതിപക്ഷം ഇവിടെ ഉന്നയിച്ച ഇന്നയിന്ന കാര്യങ്ങൾ അന്വേഷിക്കും എന്ന് ടേംസ് ഓഫ് റഫറൻസിൽ പറയുമോ; അതെന്താണ് പറയാത്തത്? ഞങ്ങൾ ഇവിടെ നിരവധി ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. അത് വൺ, ടു, ത്രീ.. എന്ന് നമ്പരിട്ട് രേഖപ്പെടുത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ വീണ്ടും ആവർത്തിച്ചുപറയുന്നു. അത് വരും, അതിനകത്ത് ഒരു തടസ്സവും ഉണ്ടാകില്ല, ഒരു തടസ്സവും ഉന്നയിക്കില്ല. ഞാൻ സ്വയം നിന്നുതന്നിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അന്വേഷണത്തിൽ ഞാനും എന്റെ ഓഫീസും എങ്ങനെ വരുമെന്ന് ചോദിച്ചത് മുഖ്യമന്ത്രിയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ ആരോട് പറഞ്ഞുവെന്നാണ് നിങ്ങൾ പറയുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പത്രക്കാരോട് പറഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി : ഇല്ല, ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. ഇപ്പോൾ ഞാൻ പരസ്യമായിട്ടല്ലേ പറയുന്നത്, അതിനെക്കുറിച്ച് യാതൊരു സംശയവും വേണ്ട. ഇവിടെ ഡോ. തോമസ് ഐസക്ക് ഹോർട്ടികോർപ്പിനെ സംബന്ധിച്ച ഒരു തീരുമാനത്തെക്കുറിച്ച് പറഞ്ഞു, ഞാൻ അത് പറയാനിരുന്നതാണ്. വിവിധ ഏജൻസികൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചും അതിന്റെ ക്രമീകരണങ്ങളെ സംബന്ധിച്ചും ക്യാബിനറ്റ് ഒരു ദിവസം ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാ സെക്രട്ടറിമാരും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റിയുടേതായ ഒരു ശുപാർശ ക്യാബിനറ്റിൽ വന്നു. അത് ക്യാബിനറ്റിൽ ചർച്ച ചെയ്തപ്പോൾ അവർ വച്ച നിർദ്ദേശങ്ങളുടെകൂടി പശ്ചാത്തലത്തിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റിന്റെ തീരുമാനപ്രകാരമാണ് ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ട എന്നുള്ള തീരുമാനം വന്നത്. പക്ഷേ ആവശ്യാനുസരണം ചെയ്യാമെന്നും ആ ഉത്തരവിലുണ്ട്. ഈ ഉത്തരവ് ഇറങ്ങിയതിനുശേഷം ഓണം, റംസാൻ പീരിയഡ് വന്നു, ഹോർട്ടികോർപ്പിനോട് രംഗത്തിറങ്ങാൻ സർക്കാർ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 18019 മെട്രിക് ടൺ പഴം-പച്ചക്കറി 30% വിലകുറച്ച് ഹോർട്ടികോർപ്പ് വിൽപ്പന നടത്തി. 35.1 കോടിയുടെ വിൽപ്പനയാണ് അന്ന് നടത്തിയത്. ക്രിസ്തുമസിന്റെ പീരിയഡ് വന്നു. വീണ്ടും അവരോട് ഇടപെടാൻ പറഞ്ഞു. 20-12-2013 മുതൽ 20-1-2014 വരെ അവരുടെ സർവ്വീസ് നടത്താൻ തീരുമാനിച്ചു. ഇപ്പോൾ അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനോടകം 5.4 കോടി രൂപ വില

വരുന്ന 3006 മെട്രിക് ടൺ പഴം-പച്ചക്കറി വിതരണം നടത്തിയിട്ടുണ്ട്. ക്യാബി നറ്റിൽ ചർച്ച ചെയ്തതിനുശേഷമാണ് ഇങ്ങനെ ഒരു തീരുമാനം വന്നത്. ഗവൺമെന്റിന്റെ തീരുമാനപ്രകാരം ആവശ്യാനുസരണം ഇടപെടാനാണ് അവ രോട് പറഞ്ഞിട്ടുള്ളത്. അതനുസരിച്ച് ഈ ഓർഡർ വന്നതിനുശേഷം രണ്ടു പ്രാവശ്യം ഓണം, റംസാൻ പീരിയഡിലും ക്രിസ്തുമസ് പീരിയഡിലും ഇട പെട്ടിട്ടുണ്ട്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന ഈ അവസരത്തിലും അവരുടെ ഓപ്പറേഷൻ നടന്നുവരികയാണ്.

ശ്രീ. സി. ദിവാകരൻ : ഞാൻ വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ഈ നിയമസഭയിൽ ഉന്നയിച്ചത്. അങ്ങയുടെ ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ 12-ാമത്തെ പോയിന്റിൽ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല എന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അങ്ങനെയാണെങ്കിൽ മറ്റൊരു ഉത്തരവില്ലാതെ ആർക്കാണ് ഇടപെടാൻ അവകാശമുള്ളത്; അതിന് അവകാ ശപ്പെടുത്തുന്ന ഒരു ബദൽ ഉത്തരവുണ്ടോ? ഹോർട്ടികോർപ്പിനെ അധികാര പ്പെടുത്തിക്കൊണ്ട് നിങ്ങൾ വീണ്ടും ഒരു ഉത്തരവിറക്കിയിട്ടുണ്ടോ എന്നാണ് ചോദിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റിന്റെ ഡയറക്ഷന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ അവർ ബാദ്ധ്യസ്ഥരാണ്.

ശ്രീ. സി. ദിവാകരൻ : അങ്ങനെയെങ്കിൽ ഗവൺമെന്റിന്റെ ഉത്തരവിന് കടലാസിന്റെ വിലപോലുമില്ല എന്നാണ് നിങ്ങൾ പറയുന്നത്. ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ഒരു ഉത്തരവിലെ തെറ്റ് നിയമസഭയിൽ ചൂണ്ടിക്കാണി ച്ചാൽ ആ ഉത്തരവ് മോഡിഫൈ ചെയ്യുന്നതിന് എന്ത് നിയമ തടസ്സമാ

ണുള്ളത്? അത് മോഡിഫൈ ചെയ്യുമെന്ന് സമ്മതിക്കണം. താങ്കൾ രാവിലെ പറഞ്ഞത് അങ്ങനെ ഒരു ഉത്തരവില്ലായെന്നാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങ് ഇപ്പോൾ പറഞ്ഞ സാഹചര്യത്തിൽ എന്തു വേണമെന്ന് ഞങ്ങൾ ആലോചിക്കാം. പക്ഷേ ഒന്ന് ഞാൻ പറയുന്നു, ആ ഉത്തരവുള്ളപ്പോൾത്തന്നെ സർക്കാർ ഡയറക്ഷൻ കൊടുത്തു. രണ്ടു പ്രാവശ്യം ഹോർട്ടികോർപ്പ് വിപണിയിലിടപെട്ടു. ഇത്രമാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു

മി. സ്പീക്കർ: ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ച 1, 2, 3 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ച 1, 2, 3 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 4–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 4–ാം നമ്പർ ഭേദഗതിയെ......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 5, 6 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 5, 6 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 7-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 7-ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 8, 9 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 8, 9 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. തിലോത്തമൻ അവതരിപ്പിച്ച 10–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. തിലോത്തമൻ അവതരിപ്പിച്ച 10–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 11–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 11–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. അജിത് അവതരിപ്പിച്ച 12–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. അജിത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. അജിത് അവതരിപ്പിച്ച 12–ാം നമ്പർ ഭേദഗതി യെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 13–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 13–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 14–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗീതാ ഗോപി അവതരിപ്പിച്ച 15–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 16–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ശശി:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശശി അവതരിപ്പിച്ച 16–ാം നമ്പർ ഭേദഗതി യെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 17–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 17–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 18–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 18–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 19–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 19–ാം നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 20, 21, 22, 23, 24 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 20, 21, 22, 23, 24 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 25, 26, 27, 28 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 25, 26, 27, 28 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 29, 30, 31, 32, 33 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 29, 30, 31, 32, 33 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 44, 45, 46, 47, 48 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 44, 45, 46, 47, 48 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 49, 50, 51, 52, 53 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 49, 50, 51, 52, 53 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 54, 55, 56, 57, 58 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 54, 55, 56, 57, 58 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 59, 60, 61, 62, 63 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 59, 60, 61, 62, 63 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 64, 65, 66, 67 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സാജു പോൾ അവതരിപ്പിച്ച 64, 65, 66, 67 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 68, 69, 70, 71 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 68, 69, 70, 71 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 72, 73, 74, 75, 76, 77 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 72, 73, 74, 75, 76, 77 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 78, 79, 80, 81 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 82, 83, 84, 85 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 82, 83, 84, 85 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 86, 87, 88, 89, 90 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 86, 87, 88, 89, 90 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 91, 92, 93, 94, 95 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 91, 92, 93, 94, 95 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 96, 97, 98, 99, 100 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 96, 97, 98, 99, 100 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 101, 102, 103, 104 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 101, 102, 103, 104 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കെ. നാരായണൻ അവതരിപ്പിച്ച 105, 106, 107, 108, 109 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. നാരായണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. നാരായണൻ അവതരിപ്പിച്ച 105, 106, 107, 108, 109 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 110, 111, 112, 113 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 110, 111, 112, 113 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. സദാശിവൻ അവതരിപ്പിച്ച 122, 123, 124, 125, 126 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. സദാശിവൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. സദാശിവൻ അവതരിപ്പിച്ച 122, 123, 124, 125, 126 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 127, 128, 129, 130 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 127, 128, 129, 130 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 131, 132, 133, 134 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 131, 132, 133, 134 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 140, 141, 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 140, 141, 142, 143, 144 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 149, 150, 151, 152, 153 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 149, 150, 151, 152, 153 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 154, 155, 156, 157, 158, 159 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 154, 155, 156, 157, 158, 159 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 174, 175, 176, 177, 178 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 174, 175, 176, 177, 178 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 179, 180, 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 179, 180, 181, 182, 183 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 184, 185, 186, 187, 188 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഹംസ അവതരിപ്പിച്ച 184, 185, 186, 187, 188 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 189, 190, 191, 192 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 189, 190, 191, 192 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 193, 194, 195, 196 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 193, 194, 195, 196 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 197, 198, 199, 200 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 197, 198, 199, 200 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 201, 202, 203, 204 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 201, 202, 203, 204 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 205, 206, 207, 208 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 205, 206, 207, 208 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 209, 210, 211, 212 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 209, 210, 211, 212 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 213, 214, 215, 216 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 213, 214, 215, 216 എന്നീ നമ്പർ ഭേദഗതികളെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ

54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ



3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീമതി കെ. കെ. ലതിക
35. ശ്രീ. മാത്യു റ്റി. തോമസ്
36. ശ്രീ. സി. കെ. നാണു

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 62

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജനുവരി 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 20-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.38-ന് പിരിഞ്ഞു.)

***********